chandramasa nirnayam



ചന്ദ്രമാസങ്ങളുടെ തുടക്കം നിർണയിക്കുന്നതിന് ഗോളശാസ്ത്രത്തെ ആധാരമാക്കാമോ?
ഇന്ന് ലോകമുസ്‌ലിം പണ്ഡിതരുടെയും ചിന്തകരുടെയും സജീവ ചർച്ചക്ക് വിഷയീഭവിച്ചിട്ടുള്ള ഒന്നാണിത്. ഈ വിഷയം ഖുർആനിന്റെയും പ്രവാചക വചനങ്ങളുടെയും വിവിധ മദ്ഹബുകളുടെയും പണ്ഡിതാഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിക്കപ്പെടുകയാണ് ഈ കൃതിയിൽ.
ഇസ്‌ലാമിക വിജ്ഞാനങ്ങളിൽ അവഗാഹം നേടിയ പണ്ഡിതനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവും വിശുദ്ധഖുർആൻ, സഹീഹുൽ ബുഖാരി തുടങ്ങിയ ബൃഹദ് ഗ്രന്ഥങ്ങളുടെ പരിഭാഷകനുംകൂടിയായ എ അബ്ദുസ്സലാംസുല്ലമിയാണ് ഈ ലഘുകൃതി രചിച്ചിരിക്കുന്നത്

*ബന്ധപ്പെടേണ്ട വിലാസം*

**ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ** (രജി നമ്പർ 184/04)
7/858 ബി, എ.ഡബ്ലിയു.എച്ച്. ബിൽഡിംഗ്, മിഠായ്തെരുവ്,
കോഴിക്കോട് - 1, ഫോൺ 0495 2724007.
website: www.geocities.com/hijramooncalendar




# ചന്ദ്രമാസനിർണയം
## കണക്കും കാഴ്ചയും



എ അബ്ദുസ്സലാം സുല്ലമി

# ചന്ദ്രമാസനിർണയം

## കണക്കും കാഴ്ചയും

എ അബ്ദുസ്സലാം സുല്ലമി

പ്രസാധകർ

**ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ (രജി. നമ്പർ 184/04)**

7/858 ബി, എ. ഡബ്ലിയു.എച്ച്. ബിൽഡിംഗ്, മിഠായ് തെരുവ്,
കോഴിക്കോട് - 1, ഫോൺ : 0495 2724007.
website: www.geocities.com/hijramooncalendar

(malayalam)
chandramasa nirnayam kanakkum kazhchayum
author : a abdussalam sullami
publisher : hijra committee of india (reg. no. 184/04)
first edition : 26th dul-qa'dha 1425 (7th january 2005)
type setting & cover design : sana creations, clt-2
printed at : shine arts calicut
copy rights reserved
price : Rs.30/.

# വിഷയ വിവരം

ആരാധനകൾ, സമയങ്ങൾ, മാധ്യമങ്ങൾ ........ 9
മദ്ഹബുകളിൽ ........ 12
*നവചന്ദ്ര ദർശനം ഹനഫി മദ്ഹബിൽ* ........ 12
*മാസപ്പിറവി തീരുമാനിക്കൽ മാലിക്കീ മദ്ഹബിൽ* ........ 14
*ചന്ദ്രമാസം തീരുമാനിക്കൽ ഹമ്പലി മദ്ഹബിൽ* ........ 16
*ചന്ദ്രമാസ നിർണ്ണയം ശാഫിഈ മദ്ഹബിൽ* ........ 18
*ശാഫിഈ മദ്ഹബിലെ വൈരുധ്യം* ........ 22
ശിയാക്കളും ചന്ദ്രമാസ നിർണയവും ........ 23
ചന്ദ്രമാസ നിർണയവും സലഫി പണ്ഡിതൻമാരും ........ 24
ചന്ദ്രമാസ നിർണയം നബിചര്യയിൽ ........ 29
*കുറൈബിന്റെ സംഭവം മുസ്ലിം ഐക്യത്തിന് എതിർരേഖയോ?* ........ 34
കണക്കും ചന്ദ്രമാസ നിർണയവും നബിചര്യയിൽ ........ 42
ചന്ദ്രമാസ നിർണയവും പരിശുദ്ധ ഖുർആനും ........ 60
അടിസ്ഥാനം മാസപ്പിറവി തന്നെ. കാഴ്ചയല്ല ........ 65
നബിചര്യയും ഉദ്ദേശ്യവും ........ 67
ന്യൂ മൂൺ എന്ന പുകമറ ........ 69
സംശയങ്ങളും മറുപടിയും ........ 71

# ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ, കോഴിക്കോട്

ശാസ്ത്രസാങ്കേതിക രംഗത്ത് ലോകം ധ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിയിലെ ഏതു ഭാഗത്തു വെച്ചു നടക്കുന്ന സംഭവവും അതേസമയം തന്നെ ലോകം മുഴുവൻ കാണുകയും അറിയുകയും ചെയ്യുന്നു. ഇത്രയും പുരോഗതി പ്രാപിച്ച ഇക്കാലത്തും മുസ്ലിംകൾ നോമ്പും ഹജ്ജും നിർവ്വഹിക്കുന്നതിൽ സർവ്വത്ര അഭിപ്രായ വ്യത്യാസവും ആശയ കുഴപ്പവും വെച്ചു പുലർത്തുന്നു എന്നത് ദുഃഖകരമായ വസ്തുതയാണ്.

വി.ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. ശാസ്ത്രം അവന്റെ സൃഷ്ടിപ്പിനെ കുറിച്ചുള്ള അറിവാണ്. ഇവരണ്ടും തമ്മിൽ വൈരുദ്ധ്യമുണ്ടാവുകയില്ല. എന്നാൽ അധികപേരും ഇത് മനസ്സിലാക്കിയിട്ടില്ല.

ഇസ്ലാം കാര്യത്തിലെ 4ഉം 5ഉം, അതായത് നോമ്പും ഹജ്ജും ലോക ജനത ഒന്നിച്ച് ഐക്യത്തോടെ ഒരേ ദിവസം ആചരിക്കേണ്ടതുണ്ട് എന്ന് വിശുദ്ധ ഖുർആനിലെ 2:189, 10:5, 36:39 എന്നീ സൂക്തങ്ങളിൽ നിന്നും മനസ്സിലാക്കാം. കാലഗണന എങ്ങിനെ ആയിരിക്കണമെന്നും മേൽസൂക്തങ്ങൾ പഠിപ്പിക്കുന്നു. ഈ സത്യം ലോകത്ത് പ്രചരിപ്പിക്കുക എന്നതാണ് ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ (എച്ച് സി ഐ)യുടെ ഉദ്ദേശലക്ഷ്യം.

ഹിജ്റ കലണ്ടർ വർഷം തോറും പ്രസിദ്ധീകരിക്കുക, കാലഗണനക്ക് അല്ലാഹു കല്പിച്ച ചന്ദ്രന്റെ അഹില്ലയും മനാസിലും അടിസ്ഥാനമാക്കിയുള്ള ഹിജ്റ കലണ്ടർ മാത്രമാണ് ശരിയായിട്ടുള്ളത് എന്ന സത്യം ലോകത്ത് പ്രചരിപ്പിക്കുക, ആയതിനായി പുസ്തകങ്ങൾ, ലേഖനങ്ങൾ, കാസറ്റുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക, പ്രഭാഷണങ്ങൾ, സമ്മേളനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് എച്ച് സി ഐയുടെ പ്രവർത്തനങ്ങൾ.

ലോകത്ത് പലരും ഹിജ്റ കലണ്ടർ പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ ഇവരാരും തന്നെ തങ്ങൾ സത്യവും കൃത്യവുമെന്ന് അവകാശപ്പെടുന്ന തിയ്യതികളിൽ പവിത്രമായ ആരാധനകൾ നടത്താൻ തയ്യാറാവുന്നില്ല. എന്നാൽ തങ്ങൾ പ്രസിദ്ധീകരിക്കുന്ന കലണ്ടർ ഖുർആനികവും ശാസ്ത്രീയവുമാണെന്ന് അവകാശപ്പെടുകയും അതനുസരിച്ച് ആരാധനകളും ആഘോഷങ്ങളും നടത്തുകയും ചെയ്യുന്ന ഒരേ ഒരു കലണ്ടർ എം അലിമണിക് ഫാൻ തയ്യാറാക്കി ഹിജറ കമ്മിറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഹിജ്റ കലണ്ടർ മാത്രമാണ്.

ഗോളശാസ്ത്രത്തിലും വി.ഖുർആനിലും അഗാധ പാണ്ഡിത്യമുള്ള എം. അലിമണിക് ഫാൻ ആണ്. എച്ച് സി ഐയുടെ മുഖ്യ ഉപദേഷ്ടാവ്.

"ചന്ദ്രമാസ നിർണയം കണക്കും കാഴ്ചയും" എന്ന ഈ പുസ്തകം രചിച്ചിരിക്കുന്ന എ അബ്ദുസ്സലാം സുല്ലമി കേരളത്തിലെ അറിയപ്പെടുന്ന ഹദീസ് പണ്ഡിതനും എഴുത്തുകാരനും പ്രഭാഷകനുമാണ്. മൂന്നുപതിറ്റാണ്ടുകാലം എടവണ്ണ ജാമിഅ നദ്‌വിയ്യ അറബി കോളെജിൽ അധ്യാപകനായിരുന്ന അദ്ദേഹം ഇപ്പോൾ എടക്കര കോളെജിലെ പ്രിൻസിപ്പാളായി ജോലി ചെയ്യുന്നു. നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വി.ഖുർആൻ സമ്പൂർണ്ണമായി പരിഭാഷപ്പെടുത്തി വ്യാഖ്യാന സഹിതം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സഹീഹുൽ ബുഖാരി, റിയാളു സ്വാലിഹീൻ തുടങ്ങിയ ബൃഹദ് ഗ്രന്ഥങ്ങളുടെയും പരിഭാഷകനാണ്.

മദ്ഹബുകളിലും സലഫീ വീക്ഷണത്തിലും വി.ഖുർആനിലും 'കാലഗണന'യെ സംബന്ധിച്ച പരാമർശങ്ങൾ ഉദ്ധരിച്ചുകൊണ്ട് സാധാരണ ജനങ്ങൾക്കും പണ്ഡിതന്മാർക്കുമുള്ള സംശയങ്ങൾ ദുരീകരിക്കുന്ന രീതിയിലാണ് പുസ്തകരചന നടത്തിയിരിക്കുന്നത്. തുറന്ന മനസ്സോടെയും നിഷ്പക്ഷ ബുദ്ധിയോടെയും ഈ പുസ്തകം വായിക്കുന്നവർ സത്യം കണ്ടെത്തുക തന്നെ ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങളുടെ അഭ്യർത്ഥന സന്തോഷപൂർവ്വം സ്വീകരിച്ച് വളരെ വേഗത്തിൽ തന്നെ ഈ പുസ്തകം എഴുതി തന്ന ജ: എ അബ്ദുസ്സലാം സുല്ലമിയോടുള്ള കൃതജ്ഞതയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നതോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹം ധാരാളമായി അദ്ദേഹത്തിന് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ ഡി ടി പി ചെയ്ത സന ക്രിയേഷൻസിനും അച്ചടി നിർവ്വഹിച്ച ഷൈൻ ആർട്സ് എന്നിവരോടും ഞങ്ങൾ കൃതാർത്ഥരാണ്.

പുസ്തകത്തിലെ പരാമർശങ്ങളും അഭിപ്രായങ്ങളും നിഷ്പക്ഷ ചർച്ചക്ക് വിധേയമാക്കേണ്ടതാണ്. എന്തെങ്കിലും തെറ്റുകളോ പോരായ്മകളോ ശ്രദ്ധയിൽപെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു. തെറ്റു ബോദ്ധ്യപ്പെട്ടാൽ തിരുത്താനും ശരിയെന്ന് ബോദ്ധ്യമുള്ളത് സധൈര്യം പറയാനും അതനുസരിച്ച് പ്രവർത്തിക്കുവാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

'ചന്ദ്രമാസ നിർണയം കണക്കും കാഴ്ചയും എന്ന ഈ ലഘുകൃതി പ്രബുദ്ധ കേരളത്തിന്റെ വിചിന്തനത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

*ജനറൽ സെക്രട്ടറി*
*ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ*



# ആമുഖം

**അ**ല്ലാഹു പറയുന്നു : നിങ്ങൾ പരസ്പരം ഭിന്നിക്കരുത്; അപ്പോൾ നിങ്ങൾ ദുർബ്ബലന്മാരാകും, നിങ്ങളുടെ കാറ്റ് (വീര്യം) പോകുകയും ചെയ്യും (സൂറ : 8:46) "നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുവീൻ; നിങ്ങൾ ഭിന്നിക്കരുത് (സൂറ : 3 : 103) വിശാലതയുള്ളതും വിട്ടുവീഴ്ച ചെയ്യാവുന്നതുമായ വിഷയങ്ങളിൽ പോലും മുസ്‌ലിം സമൂഹം ഭിന്നിച്ചതാണ് അവരുടെ വീര്യം നഷ്ടപ്പെടാൻ ഒരു പ്രധാനകാരണം. ചന്ദ്രമാസം തീരുമാനിക്കുന്നതിൽ നമുക്ക് സംഭവിച്ച ജീർണ്ണത മുസ്‌ലിം സമൂഹത്തെ വളരെയധികം ഭിന്നിപ്പിച്ചിരിക്കുന്നു. ഈ വർഷത്തെ (1425 ശവ്വാൽ 1) ചെറിയ പെരുന്നാൾ മൂന്ന് ദിവസങ്ങളിലായിട്ടാണ് (2004 നവംബർ 13, 14, 15 തിയ്യതികളിൽ) മുസ്‌ലിം ലോകം ആഘോഷിച്ചത്. ഇസ്‌ലാമിന്റെ ശത്രുക്കളിൽ വിജ്ഞാനികൾക്കല്ലാത്തവർക്ക് വരെ മുസ്‌ലിംകളുടെ ഭിന്നത മനസ്സിലാകുവാൻ ആഘോഷ ദിവസങ്ങളിലെ അനൈക്യം കാരണമാകുന്നു. മകൻ ഗൾഫിൽ പെരുന്നാൾ ആഘോഷിക്കുകയും ഈദ് മുബാറക് എന്ന് സന്ദേശം അയക്കുകയും ചെയ്യുമ്പോൾ നാട്ടിൽ പിതാവ് നോമ്പനുഷ്ഠിക്കുകയാണ്!! ജീർണ്ണതയെ എതിർക്കുന്ന പണ്ഡിതന്മാരുടെയും പ്രസ്ഥാനങ്ങളുടെയും ബാധ്യതയാണ് ചന്ദ്രമാസം ഉറപ്പിക്കുന്നതിൽ മുസ്‌ലിംകൾക്ക് സംഭവിച്ചു പോയ ജീർണ്ണതയെയും എതിർക്കുക എന്നത്. ഈ ചിന്തയാണ് ഈ ഗ്രന്ഥരചനയുടെ പിന്നിലുള്ളത്.

ഈ ഗ്രന്ഥം ഖുർആനിൽ നിന്നും നബിചര്യയിൽ നിന്നും സംഘടനാ താൽപര്യങ്ങളെക്കാൾ സത്യത്തോടും നീതിയോടും കൂറ് പുലർത്തിയിരുന്ന പൂർവ്വീകരായ പണ്ഡിതന്മാരുടെ പ്രസ്താവനകളിൽ നിന്നും ഞാൻ ഗ്രഹിച്ച സത്യത്തിന്റെ അടിസ്ഥാനത്തിൽ രചിച്ചതാണ്. കേരളത്തിലെ ഒരു മതസംഘടനയോടും ഈ ഗ്രന്ഥത്തിന് യാതൊരു ബന്ധവുമില്ല. സംഘടനാ താൽപര്യത്തെക്കാൾ സത്യത്തോടും നീതിയോടും താൽപര്യം കാണിക്കുന്ന സഹോദരി സഹോദരന്മാരെ ഉദ്ദേശിച്ചുകൊണ്ടാണ് രചിച്ചിട്ടുള്ളതും. ഇതിൽ ഞാൻ

വ്യക്തമാക്കിയ കാര്യങ്ങൾ, 1987 ജൂലൈ 12ന് പ്രസിദ്ധീകരിച്ച 'മാസപ്പിറവി കണക്കും കാഴ്ചയും' എന്ന പുസ്തകത്തിൽ എഴുതിയതിന്റെ വിശദീകരണം മാത്രമാണ്. അതിനാൽ പുതിയ ആദർശ വ്യതിയാനം എന്ന ആരോപണവുമായി ആരും രംഗത്തുവരേണ്ടതില്ല. ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യക്ക് ഞാൻ ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.

*എ അബ്ദുസ്സലാം സുല്ലമി*
*(ഒപ്പ്)*



# ആരാധനകൾ, സമയങ്ങൾ, മാധ്യമങ്ങൾ

ഇസ്ലാം നമസ്കാരം, നോമ്പ്, ഹജ്ജ്, രണ്ട് പെരുന്നാൾ ആഘോഷം മുതലായവ മനുഷ്യന്റെമേൽ മതപരമാക്കുന്നു. ഇവ അനുഷ്ഠിക്കുവാൻ ചില സമയങ്ങളും നിശ്ചയിക്കുന്നു. 1): ഉഷസ്സിന്റെ കറുത്ത തന്തുവിൽ (നൂൽ) നിന്നും വെളുത്ത തന്തു നിങ്ങൾക്ക് വ്യക്തമാകുന്നത് വരെ ഉണ്ണുകയും കുടിക്കുകയും ചെയ്യുവിൻ. പിന്നീട് രാത്രി വരെ വ്രതം പൂർത്തിയാക്കുവീൻ (സൂറ: 2:187) 2): സൂര്യൻ മധ്യാഹ്നം വിട്ടുതിരിയുന്നത് മുതൽ രാത്രിയിൽ ഇരുൾ വീഴുംവരേക്കും നമസ്കാരത്തെ നിലനിർത്തുക. പ്രഭാതത്തിലെ നമസ്കാരവും (സൂറ: 17:78) മനുഷ്യർ ഭൗതികലോകത്തെ പരിപൂർണ്ണമായി ഉപേക്ഷിച്ച് ആരാധനയിൽ മാത്രം മുഴുകി ഒരുതരം സന്യാസിമാരുടെ ജീവിതംപോലെ ജീവിക്കാതിരിക്കുവാൻ വേണ്ടിയാണ് ആരാധനകൾക്ക് സമയം നിശ്ചയിക്കുന്നത്. സമയത്തേക്കാൾ ഇസ്ലാം പ്രാധാന്യവും മുൻഗണനയും നല്കുന്നത് ഈ ആരാധനകർമ്മങ്ങൾ നിർവ്വഹിക്കുക എന്നതിനാണ്. കാരണം ഭൂമിയിൽ മാസങ്ങളോളം രാവിന്റെയും പകലിന്റെയും വ്യത്യാസങ്ങൾ പ്രകടമായി കാണാൻ സാധിക്കാത്ത സ്ഥലങ്ങൾ ഉണ്ട്. അവിടെ മനുഷ്യവാസവും മുസ്ലിംകളും ഉണ്ടെന്നതും യാഥാർത്ഥ്യമാണ്. രാവിന്റെയും പകലിന്റെയും ദൈർഘ്യവും ഒരുപോലെയല്ല ഭൂമിയിൽ അനുഭവപ്പെടുന്നതും. നവ ചന്ദ്രന്റെ പിറവി ദർശിക്കാൻ സാധിക്കാത്ത - മുസ്ലിംകളും മറ്റു മനുഷ്യരും താമസിക്കുന്ന ഭൂ പ്രദേശങ്ങളും നമുക്ക് കാണാം. മനുഷ്യർ മറ്റു ഗ്രഹങ്ങളിൽ പോയി താമസിക്കുവാനും സാധ്യതയുണ്ട്. സമയവ്യത്യാസങ്ങളും രാപകലുകളും ശരിക്കും ഗ്രഹിക്കുവാൻ സാധിക്കാത്ത പ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യരും ഇസ്ലാം നിർദ്ദേശിക്കുന്ന ഈ ആരാധന കർമ്മങ്ങൾ അനുഷ്ഠിക്കൽ നിർബ്ബന്ധമാണ്. സമയങ്ങൾ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ആ സമയത്ത് തന്നെ അവ നിർവ്വഹിക്കണം. സമയത്തെ അവഗണിക്കുവാൻ പാടില്ല. ഉദാ: ഇശാ നമസ്കാരം രാത്രിയിലും സുബ്ഹ് നമസ്കാരം പ്രഭാതത്തിലും നിർവ്വഹിക്കണം. ളുഹ്ർ നമസ്കാരം സൂര്യൻ ആകാശ മധ്യത്തിൽ നിന്ന് തെറ്റിയാൽ

നമസ്കരിക്കണം. നോമ്പ് പ്രഭാതം മുതൽ രാത്രിവരെ പൂർത്തിയാക്കണം. എന്നാൽ സമയം അനുഭവപ്പെടാത്ത സ്ഥലങ്ങളിലും ആരാധനകർമ്മങ്ങൾ അനുഷ്ഠിക്കണം. ഇരുട്ടാവുക, പ്രഭാതമാകുക, രാത്രിയാവുക, ഉച്ചയാവുക മുതലായ സമയങ്ങൾക്ക് പരിഗണന നല്കാതെ.

മുകളിൽ പ്രസ്താവിച്ച ആരാധനകളുടെ സമയങ്ങൾ അറിയുവാൻ വേണ്ടി മുഹമ്മദ് നബി(സ)യും അനുചരൻമാരും ഏത് മാർഗ്ഗങ്ങളും മാധ്യമങ്ങളുമാണോ സ്വീകരിക്കുകയും സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തുവോ അവ പരിവർത്തനങ്ങൾക്ക് വിധേയാക്കുവാൻ പാടില്ലായെന്നും ശാശ്വത മത നിയമം എന്ന നിലക്കു അവയെ സ്വീകരിക്കണമെന്നും ഇവിടെ ആരും വാദിച്ചു കേൾക്കുന്നില്ല. ഇവക്ക് യാതൊരു പരിഗണനയും നാം നല്കേണ്ടതില്ല. എഴുത്തും വായനയും കണക്കും അറിയാത്ത ഒരു സമൂഹത്തിന് പ്രായോഗികമാക്കുവാൻ സാധിക്കുന്ന ചില മാർഗങ്ങളും അടയാളങ്ങളും രേഖകളും നിർദ്ദേശിച്ചതാണ് അവയെല്ലാം. പ്രയാസം അവരിൽ നിന്ന് ഇല്ലാതാക്കുവാനും. എന്നാൽ ഇന്ന് ആ മാർഗങ്ങൾ സ്വീകരിക്കലാണ് സമൂഹത്തിന് പ്രയാസങ്ങൾ ഉണ്ടാക്കുക. ഇമാം റഷീദു റിളാ(റ) പറയുന്നു:

وغرض الشارع من ذالك العلم بهذه الاوقات لا التعبد برؤية الهلال ولا بتبين الخيط الأبيض من الخيط الأسود من الفجر اى انفصال كل من الآخر برؤية ضوء الفجر المستطير من جهة المشرق ولا التعبد برؤية ظل الزوال وقت الظهر وصيرورة ظل الشيئ مثله وقت العصر ولا برؤية غروب الشمس وغيبة الشفق لوقتي العشائين فغرض الشارع من مواقيت العبادات معرفتها وما ذكره (صلعم) من نوط اثبات الشهر برؤية الهلال اوكمال العدة بشرطه قد علله بكون الأمة فى عهده كانت أمية· ومن مقاصد بعثته اخراجها من الأمية لا ابقاؤها فيها (تفسير المنار)

സമയങ്ങൾ അറിയുവാൻ അല്ലാഹു ചില മാർഗങ്ങൾ നിർദ്ദേശിച്ചതിന്റെ ലക്ഷ്യം സമയം ആയിട്ടുണ്ടെന്ന് നമുക്ക് അറിവ് ലഭിക്കുക



എന്നതു മാത്രമാണ്. നവ ചന്ദ്രനെ കാണൽ ഒരു ആരാധനയല്ല. വെളുത്ത നൂല് കറുത്ത നൂലിൽനിന്ന് കാണുക എന്നതിലും ആരാധനയില്ല. ളുഹ്ർ നമസ്കരിക്കുവാൻ സൂര്യൻ ആകാശ മധ്യത്തിൽ നിന്ന് തെറ്റിയ നിഴൽ കാണുക എന്നതിലും ആരാധനയില്ല. അസറിന്റെ സമയത്തു നിഴൽ ഇരട്ടിയാകുന്നത് കാണുക എന്നതിലും മഗ്രിബ് നമസ്കരിക്കുവാൻ സൂര്യൻ അസ്തമിച്ചതുകാണുക എന്നതിലും ഇശാനമസ്കരിക്കുവാൻ അസ്തമന ശോഭ മറയുന്നതിനെ കാണുക എന്നതിലും ആരാധനയില്ല. ഇതുകൊണ്ടെല്ലാം അല്ലാഹുവിന്റെ ലക്ഷ്യം സമയം ആയിട്ടുണ്ടെന്ന് അറിയുക എന്നത് മാത്രമാണ്. ചന്ദ്രമാസവുമായി നബി(സ) നവചന്ദ്രനെ കാണുക എന്നതിനെയും അല്ലെങ്കിൽ മുപ്പതു പൂർത്തിയാക്കുക എന്നതിനെയും ബന്ധിപ്പിച്ചു പറഞ്ഞത് നബി(സ)യുടെ കാലത്ത് സമൂഹം അക്ഷരജ്ഞാനമില്ലാത്തവരായതുകൊണ്ടാണെന്ന് നബി(സ) തന്നെ കാരണം വ്യക്തമാക്കിയതുമാണ്. മുഹമ്മദ് നബി(സ)യെ നിയോഗിച്ചതിലുള്ള ഒരു ഉദ്ദേശ്യം തന്നെ ഈ സമൂഹത്തെ ഉമ്മിയ്യത്തിൽനിന്ന് (നിരക്ഷരതയിൽ നിന്ന്) മോചിപ്പിക്കുക എന്നതാണ്. എക്കാലവും അവരെ അതിൽ തന്നെ അവശേഷിപ്പിക്കുക എന്നതല്ല (തഫ്സീറുൽ മനാർ: 2-185, 186 സൂറ: 2:187-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽനിന്ന്) നമസ്കാര സമയങ്ങൾ അറിയുവാൻ കണണക്കിനെ അവലംബിക്കുക. 29 അല്ലെങ്കിൽ 30 ദിവസങ്ങളിൽ നോമ്പ് മുറിക്കുവാനും നോമ്പ് ആരംഭിക്കുവാനും കണക്കിനെ അവലംബിക്കുക. ഇരുപത്തി ഒമ്പതിന്റെ ദിവസം കണക്കിലൂടെ സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പായി ചന്ദ്രൻ അസ്തമിക്കുമെന്ന് മനസ്സിലായാൽ മുൻകൂട്ടിതന്നെ നോമ്പും പെരുന്നാളും പ്രഖ്യാപിക്കുക എന്നാൽ ഇരുപത്തിഒമ്പതിന്റെ ദിവസം സൂര്യൻ അസ്തമിച്ചശേഷമാണ് ചന്ദ്രൻ അസ്തമിക്കുക എന്ന് ബോധ്യമായാലും കണക്കിനെ ഉപേക്ഷിച്ച് ആകാശത്തേക്ക് നോക്കുക! ഈ ഇരട്ടത്താപ്പ് നയം നബിയും സഹാബിവര്യൻമാരും ഒരിക്കലും സ്വീകരിച്ചിട്ടില്ല. പരിശുദ്ധ ഖുർആന്റെയോ നബിചര്യയുടെയോ സഹാബിവര്യൻമാരുടെ ചര്യയുടെയോ യാതൊരു പിൻബലവും ഇതിനില്ല. ഇതു വേദഗ്രന്ഥത്തിൽ നിന്ന് ചിലതിനെ സ്വീകരിക്കലും ചിലതിനെ നിഷേധിക്കലുമാണെന്ന് പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇമാം റഷീദുറിളാ(റ) പ്രഖ്യാപിക്കുന്നു. (തഫ്സീറുൽ മനാർ : 2-188)

# മദ്ഹബുകളിൽ

മുസ്‌ലിംകളിൽ വലിയൊരു വിഭാഗം നാല് മദ്ഹബുകളിൽ വിശ്വാസമർപ്പിച്ച് ജീവിക്കുന്നവരാണ്. ഈ മദ്ഹബുകൾ എന്തു പറയുന്നുവെന്ന് ആദ്യമായി നമുക്ക് പരിശോധിക്കാം.

## നവചന്ദ്ര ദർശനം ഹനഫീ മദ്ഹബിൽ

ഒന്നാമത്തെ മദ്ഹബായി അറിയപ്പെടുന്നത് ഹനഫീമദ്ഹബാണ്. ഇമാം അബൂഹനീഫ (ഹിജ്റ : 80 - 150)യിലേക്കാണ് ഈ മദ്ഹബ് ചേർത്തപ്പെടുന്നത്. ഭൂമിയിൽ എവിടെയെങ്കിലും മാസപ്പിറവി ഉണ്ടായതായി ആർക്കെല്ലാം വിവരം ലഭിച്ചുവോ അവരെല്ലാം ചന്ദ്രന്റെ ഉദയ വ്യത്യാസം പരിഗണിക്കാതെ അതംഗീകരിച്ച് ചന്ദ്രമാസം കണക്കാക്കി നോമ്പും പെരുന്നാളും അനുഷ്ഠിക്കൽ അനിവാര്യമാണെന്ന് ഇമാം അബൂഹനീഫ(റ) അഭിപ്രായപ്പെടുന്നു.

മദ്ഹബുകളുടെ വ്യത്യസ്തമായ അഭിപ്രായങ്ങൾ വിലയിരുത്തുവാൻ പ്രധാനമായും അവലംബിക്കപ്പെടുന്ന മദാഹിബുൽ അർബഅ: എന്ന കിതാബിൽ എഴുതുന്നത് കാണുക:

اذا ثبت رؤية الهلال بقطر من الأقطار وجب الصوم على سائر الأقطار ولا عبرة باختلاف مطلع الهلال مطلقا عند ثلاثة من الأئمة وخالف الشافعة المذاهب الأربعة )

നവചന്ദ്രനെ ഏതെങ്കിലും ഒരു മേഖലയിൽ ദർശിക്കപ്പെട്ടാൽ മറ്റെല്ലാ ഭൂഖണ്ഡങ്ങളിലുള്ളവർക്കും നോമ്പ് നിർബ്ബന്ധമായി മത്‌ലഅ് (ചന്ദ്രന്റെ ഉദയ) വ്യത്യാസം പരിഗണിക്കപ്പെടുകയില്ല. നിരുപാധികമായിട്ട് തന്നെ മൂന്ന് ഇമാമുകളുടെയും അടുത്ത് ഇതാണ് മതവിധി. ശാഫിഈ മദ്ബഹുകാർ ഭിന്നിച്ചിരിക്കുന്നുവെന്ന് മാത്രം (മദഹിബുൽ അർബഅ: വാള്യം 1 : പേജ് : 550). മദ്ഹബുകളുടെ അഭിപ്രായ ഭിന്നത വിവരിക്കുന്ന മറ്റൊരു ഗ്രന്ഥമാണ് റഹ്മത്തുൽ ഉമ്മ: ഈ ഗ്രന്ഥത്തിൽ എഴുതുന്നു:



واتفقوا على انه اذا رؤي الهلال فى بلد رؤية فاشية فانه يجب الصوم على سائر أهل الدنيا (رحمة الأمة)

ഒരു ദേശക്കാർ പരക്കെ മാസപ്പിറവി കണ്ടാൽ ഭൂനിവാസികൾക്കാകമാനം നോമ്പ് നിർബന്ധമാകുമെന്നതിൽ മുസ്‌ലിം പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു (റഹ്മത്തുൽ ഉമ്മ: പേജ് :118) ഓരോ പ്രദേശത്തുകാരും കാണണമെന്ന് ഇവിടെ പറയുന്നില്ല. ഉദയ വ്യത്യാസം ഉണ്ടോ എന്ന് പരിശോധിക്കാൻ കല്പിക്കുന്നുമില്ല.

ഹനഫീ മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമായ ഫതാവാ ആലംഗീരിയ: എന്ന കിതാബിൽ എഴുതുന്നു:

لا عبرة لا ختلاف المطالع فى ظاهر الرواية (الفتاوى العالمكيرية)

ചന്ദ്രന്റെ ഉദയ വ്യത്യാസങ്ങൾക്ക് യാതൊരു പരിഗണനയുമില്ല. അബൂഹനീഫയിൽനിന്നുള്ള നിവേദനത്തിന്റെ ബാഹ്യം ഇതാണ് (ഫതാവാ ആലംഗീരിയ്യ: വാള്യം : 1 പേജ് : 198)

ഹനഫീ മദ്ഹബിലെ മറ്റൊരു പ്രസിദ്ധ ഗ്രന്ഥമായ ഫതാവാ ഖാളീഖാനിൽ പറയുന്നു:

ولو صام اهل بلدة ثلاثين يوماللرؤية واهل بلده اخرى تسعة وعشرين يوما للرؤية فعليهم قضاء يوم ولا عبرة لاختلاف المطالع فى ظاهر الرواية (فتاوى قاضيخان)

ഒരു പ്രദേശത്തെ ആളുകൾ അവർ മാസപ്പിറവി ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ മുപ്പത് നോമ്പനുഷ്ഠിച്ചു. മറ്റൊരു പ്രദേശത്തെ ആളുകൾ അവർ മാസപ്പിറവിയെ ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുപത്തി ഒമ്പതു നോമ്പും അനുഷ്ഠിച്ചു. എങ്കിൽ 29 നോമ്പനുഷ്ഠിച്ചവർ ഒരു നോമ്പ് നോറ്റ് വീട്ടൽ നിർബ്ബന്ധമാണ്. ചന്ദ്രന്റെ ഉദയത്തിലുള്ള വ്യത്യാസം പരിഗണിക്കപ്പെടുന്നതല്ല. നിവേദനത്തിന്റെ പ്രകടമായ രൂപം ഇതാണ് (ഫതാവാ ഖാളീഖാൻ : 1-198).

ഇമാം ഖുർതുബി(റ) ഉദ്ധരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക:

قلت ذكر الطبرى فى كتاب احكام القرآن له واجمع أصحاب ابى حنيفة على انه اذا صام اهل بلد ثلاثين يوم للرؤية وأهل بلد تسعة ةعشرين يوما ان على الذين صاموا تسعة وشرين يوما قضاء يوم وأصحاب الشافعىلا يرون ذالك اذكانت المطلع فى البلدان يجوزان تختلف وحجة أصحاب ابى نيفة قول تعالى :

ولتكملوا العدة وثبت برؤية أهل بلد ان العدة ثلاثون فوجب على هؤلاء إكمالها (القرطبي)

ഞാൻ പറയുന്നു: ത്വബ്‌രി തന്റെ അഹ്കാമുൽ ഖുർആൻ എന്ന ഗ്രന്ഥത്തിൽ പറയുന്നു: അബൂഹനീഫയുടെ അനുയായികൾ താഴെ പറയുന്ന പ്രശ്നത്തിൽ ഏകോപിച്ചിരിക്കുന്നു. ഒരു പ്രദേശത്തെ ആളുകൾ അവർ നവ ചന്ദ്രനെ ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ മുപ്പതുദിവസം നോമ്പനുഷ്ഠിക്കുന്നു. മറ്റൊരു പ്രദേശത്തെ ആളുകൾ അവർ നവ ചന്ദ്രനെ ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുപത്തി ഒമ്പതു ദിവസം നോമ്പനുഷ്ഠിക്കുന്നു. എന്നാൽ 29 ദിവസം നോമ്പനുഷ്ഠിച്ചവർ ഒരു ദിവസത്തെ നോമ്പ് നോറ്റ് വീട്ടിൽ നിർബ്ബന്ധമാണ്. എന്നാൽ ശാഫിയാക്കൾ ഇപ്രകാരം അഭിപ്രായപ്പെടുന്നില്ല. ചന്ദ്രന്റെ ഉദയം വ്യത്യാസപ്പെടുന്നതിനാൽ രാജ്യങ്ങളിൽ ഇമാം അബുഹനീഫ(റ)യുടെ അനുയായികൾ തെളിവ് പിടിക്കുന്നത് അല്ലാഹുവിന്റെ വചനമാണ്. നിങ്ങൾ എണ്ണത്തെ പൂർത്തിയാക്കുവിൻ എന്ന അല്ലാഹുവിന്റെ പ്രസ്താവനയെ ഒരു പ്രദേശത്തെ ആളുകൾ അവർ മാസപ്പിറവിയെ ദർശിച്ചതിനാൽ റമദാൻ 30 ദിവസമുണ്ടെന്ന് സ്ഥിരപ്പെട്ടു. അതിനാൽ ഇവർക്കും 30 പൂർത്തിയാക്കൽ അനിവാര്യമായി (തഫ്സീർ ഖുർതുബി : 2 - 295) ചന്ദ്രന്റെ ഉദയ വ്യത്യാസത്തെ പരിഗണിക്കൽ ഇസ്‌ലാമിന്റെ അടിസ്ഥാനതത്വമാണെങ്കിൽ ഹനഫിയാകൾക്ക് ഇപ്രകാരം ഒരു മതവിധി പറയുവാൻ സാധ്യമല്ല. ലോക മുസ്‌ലിം ജനതയിൽ കൂടുതൽ ആളുകൾ ഹനഫിയാക്കളാണണ്.

ഹനഫീ മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമായ ഫതുഹുൽ ഖദീറിന്റെ ശറഹിൽ പറയുന്നു:

واذا ثبت فى مصر لزم سائر الناس فيلزم اهل المشرق برؤية أهل المغرب فى ظاهر المذهب (شرح فتح القدير)

ഒരു പട്ടണത്തിൽ നവ ചന്ദ്രനെ ദർശിക്കപ്പെട്ടത് സ്ഥിരപ്പെട്ടാൽ മറ്റുള്ള മനുഷ്യർക്കും അതു നിർബ്ബന്ധമാണ്. അതിനാൽ പടിഞ്ഞാറ് ഭാഗത്തുള്ള നാട്ടുകാർ മാസപ്പിറവി ദർശിച്ചാൽ കിഴക്കുള്ള നാട്ടുകാർക്ക് അതു സ്വീകരിക്കൽ അനിവാര്യമാണ് (ശർഹു ഫതുഹുൽ ഖദീർ : 2-314) ശേഷം ഈ അഭിപ്രായത്തെ നബിചര്യ ഉദ്ധരിച്ച് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

## മാസപ്പിറവി തീരുമാനിക്കൽ മാലിക്കീ മദ്ഹബിൽ

ഭൂമിയിൽ എവിടെയെങ്കിലും മാസപ്പിറവി ദർശിക്കപ്പെട്ടാൽ ചന്ദ്രന്റെ ഉദയ വ്യത്യാസം പരിഗണിക്കാതെയും വിദൂര രാജ്യം, അടുത്ത രാജ്യം എന്ന പരിഗണനന കല്പിക്കാതെയും അതിനെ സംബന്ധിച്ച് വിവരം ലഭിച്ചാൽ വിവരം



ലഭിച്ചവരെല്ലാം അതിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും ആരംഭിക്കണമെന്ന് ഇമാം മാലിക്ക് (ഹിജ്റ : 93-179) പറയുന്നു. അദ്ദേഹത്തിലേക്ക് ചേർക്കപ്പെടുന്ന മാലികീ മദ്ഹബും (മദാഹിബുൽ അർബഅ : 1-550).

ഇമാം ശൗക്കാനി(റ) എഴുതുന്നു:

هوما ذهب إليه المالكية (نيل الأوطار)

ഭൂമിയിൽ ഏതെങ്കിലുമൊരിടത്ത് നവചന്ദ്രൻ സ്ഥിരപ്പെട്ടാൽ അതു ലോകത്താകമാനം ബാധകമാണ് എന്ന അഭിപ്രായമാണ് മാലികിയ്യാക്കൾക്കുള്ളത് (നൈലുൽ ഔത്വാർ : 4:269)

ഇമാം സാബൂനി തന്റെ തഫ്സീറു ആയാത്തിൽ അഹ്കാമിൽ എഴുതുന്നു:

ذهب الحنيفية والمالكية والحنابلة الى انه لا عبرة باختلاف المطالع واذا رأى الهلال اهل بلد وجب القوم على بقية البلاد لقوله (صلعم)صوموا الرؤيته وانطروا لوؤيته وهو خطاب عام لجميع الأمة فمن رآه منهم فى اي مكان كان ذلك رؤية لهم جميعا (تفسيرايات الأحكام)

ഹനഫികൾ, മാലിക്കികൾ, ഹമ്പലികൾ ഇവരെല്ലാം പറയുന്നത് മത്‌ലഇന്ന് (ചന്ദ്രന്റെ ഉദയ വ്യത്യാസം) പരിഗണനയർപിക്കേണ്ടതില്ല എന്നാണ്. അപ്പോൾ ഒരു നാട്ടുകാർ ചന്ദ്രനെ കണ്ടാൽ എല്ലാ നാട്ടുകാർക്കും നോമ്പ് നിർബ്ബന്ധമായി. കാരണം "നവചന്ദ്രനെ കാണുമ്പോൾ നോമ്പനുഷ്ഠിക്കുകയും നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുവീൻ" എന്ന നബി(സ)യുടെ നിർദേശം മുസ്‌ലിം സമുദായത്തോടാകമാനമാണ്. അപ്പോൾ അവരിലാരെങ്കിലും ചന്ദ്രനെ ദർശിച്ചു കഴിഞ്ഞാൽ അതു ഏതു സ്ഥലത്താവട്ടെ ആ കാഴ്ച മുസ്‌ലിം സമുദായത്തിനാകമാനം ബാധകമാണ് (തഫ്സീറു ആയാത്തിൽ അഹ്കാമി).

ഇബ്നുഹജർ(റ)എഴുതുന്നു:

اذا رأي ببلدة لزم اهل البلاد كلها وهو المشهور عند المالكية (فتح الباري)

ഒരു പ്രദേശത്തു മാസപ്പിറവി ദർശിക്കപ്പെട്ടാൽ സർവ്വ പ്രദേശത്തെ ആളുകൾക്കും അതു നിർബ്ബന്ധമായി എന്ന അഭിപ്രായമാണ് മാലിക്കീ മദ്ഹബിൽ

**ഏറ്റവും** പ്രസിദ്ധമായിട്ടുള്ളത് (ഫതുഹുൽ ബാരി : 5-601) ഇമാം മാലികി(റ)ന്റെ **അഭി**പ്രായം ഇതുതന്നെയാണെന്ന് ഇബ്ന ഖാസിം (റ) ഉദ്ധരിക്കുന്നു (ബിദായ: 1-288) അഹ്ലുസ്സുന്നത്തിന്റെ നേതാവായ ഇബ്നു മുൻദിർ(റ) ഈ അഭിപ്രായമാണ് ഇമാം മാലികിന്റേതെന്ന് പ്രഖ്യാപിക്കുന്നു (ശറഹുസ്സുന്ന: 6-245) ഇമാം നവവി(റ)യും ഇപ്രകാരം പ്രഖ്യാപിക്കുന്നു (ശർഹുൽ മുഹദ്ദബ്: 6-274).

## ചന്ദ്രമാസം തീരുമാനിക്കൽ ഹമ്പലി മദ്ഹബിൽ

ഭൂമിയിൽ എവിടെയെങ്കിലും ചന്ദ്രപിറവി ഉണ്ടായാൽ ചന്ദ്രന്റെ ഉദയ വ്യത്യാസം പരിഗണിക്കാതെ ഭൂമിയിലുള്ള എല്ലാവരും അതിനെ അടിസ്ഥാനമാക്കി നോമ്പും പെരുന്നാളും ആരംഭിക്കണമെന്ന് ഇമാം അഹമദ്ബ്നു ഹമ്പൽ (ഹി:154-241) പ്രസ്താവിക്കുന്നു. അദ്ദേഹത്തിലേക്ക് ചേർക്കപ്പെടുന്ന ഹമ്പലി മദ്ഹബും ഇപ്രകാരം അഭിപ്രായപ്പെടുന്നു.

ഹമ്പലീ മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമായ ഇബ്നു ഖുദാമ(റ)യുടെ മുഗ്നിയിൽ എഴുതുന്നു:

واذارأي الهلال اهل بلد لزم جميع البلاد الصوم (المغنى)

ഒരു നാട്ടുകാർ നവ ചന്ദ്രനെ കണ്ടാൽ എല്ലാ നാട്ടുകാർക്കും നോമ്പ് നിർബ്ബന്ധമായി (മുഗ്നി : 3-5) ശേഷം അദ്ദേഹം പറയുന്ന തെളിവുകൾ കാണുക:

واجمع المسلمون على وجوب صوم شهر رمضان وقد ثبت ان هذا اليوم من شهر رمضان شهادة الثقات فوجب صومه على جميع المسلمين فيجب الصوم كمالو تقاربت البلدان (المغنى الإبن قدامة)

റമദാൻ മാസം നോമ്പനുഷ്ഠിക്കൽ നിർബ്ബന്ധമാണെന്നതിൽ മുസ്ലിംകൾ ഏകോപിക്കുന്നു. വിശ്വസ്തന്മാർ സാക്ഷി നിന്നതുകൊണ്ട് ഈ ദിവസം റമദാൻ ആണെന്ന് സ്ഥിരപ്പെട്ടു. അതിനാൽ സർവ്വ മുസ്ലിംകളും നോമ്പനുഷ്ഠിക്കൽ അനിവാര്യമായി. അതിനാൽ നാടുകൾ അടുത്തതുപോലെ തന്നെ മറ്റുള്ളവർക്കും നോമ്പ് നിർബന്ധമായി (മുഗ്നി : 3-5). ഹിജ്റ: 512ൽ മരണപ്പെട്ട ഇമാം ബഗ്മി(റ)യുടെ ശറഹുസ്സുന്ന എന്ന പ്രസിദ്ധ ഗ്രന്ഥത്തിലും ഇമാം അഹമദിന്റെ അഭിപ്രായം ഇതാണെന്ന് വ്യക്തമാക്കുന്നു (ശർഹുസ്സുന്ന). ഹമ്പലീ മദ്ഹബും ഇതു തന്നെയാണെന്ന് താഴെ പറയുന്ന ഗ്രന്ഥങ്ങളിലും വ്യക്തമാക്കുന്നു: (മദാഹിബുൽ അർബഅ: 1-550, ശറഹുൽ മുഹദ്ദബ് : 6-274)



ഹമ്പലീ മദ്ഹബിലെ പ്രസിദ്ധ ഗ്രന്ഥമായ ഇഖ്നാഇൽ പറയുന്നു:

واذا ثبت رؤية الهلال بمكان قريب او بعيد الزم الناس كلهم الصوم وحكم من لم يره حكم من رآه ولو اختلفت المطالع نصا (الإقناع فى فقه الإمام احمد بن حنبل لشيخ الاسلام أبى الخاشرف الدين موسى الحجاوى المتوفى سنة)

ഒരു സ്ഥലത്തു മാസപ്പിറവി സ്ഥിരപ്പെട്ടാൽ അതിന്റെ അടുത്തുള്ളവർക്കും വിദൂരെയുള്ളവർക്കും, സർവ്വ ജനങ്ങൾക്കും നോമ്പ് നിർബ്ബന്ധമായി. ചന്ദ്രനെ ദർശിച്ചവർക്കുള്ള മതവിധി തന്നെയാണ് ചന്ദ്രനെ ദർശിക്കാത്ത ജനങ്ങൾക്കും. ചന്ദ്രന്റെ ഉദയം വ്യത്യാസപ്പെട്ടാലും. ഇതു ഖണ്ഡിതമായ അഭിപ്രായമാണ് (ഇഖ്നാഅ് :1-303). ഞാൻ ഈ ഭാഗം എത്തുമ്പോൾ ഗൾഫ് രാജ്യങ്ങളിലെ സഹോദരി സഹോദരൻമാർ ചെറിയ പെരുന്നാൾ ആഘോഷിച്ചുകൊണ്ടിരിക്കുകയും കേരളത്തിലെ മുസ്ലിംകൾ നോമ്പനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സന്ദർഭമാണെന്ന് പ്രത്യേകം ഉണർത്തുന്നു. പത്രത്തിൽ ഈ ദിവസം വന്ന വാർത്ത കാണുക:

ഈദുൽ ഫിത്വർ നാളെ

"കോഴിക്കോട്: മലബാറിലെവിടെയും ശവ്വാൽ മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്തതിനാൽ ഇന്ന് റമദാൻ മുപ്പത് പൂർത്തിയാക്കി നാളെ ചെറിയ പെരുന്നാൾ (ഈദുൽ ഫിത്വർ) ആയിരിക്കുമെന്ന് കോഴിക്കോട് മുഖ്യ ഖാദി നാലകത്ത് മുഹമ്മദ് കോയ ബാഖവി അറിയിച്ചു. ഈദുൽ ഫിത്വർ നാളെയായിരിക്കുമെന്ന് കേരള ഹിലാൽ കമ്മിറ്റി ചെയർമാൻ കെ എൻ ഇബ്രാഹീം മൗലവി നേരത്തെ അറിയിച്ചിരുന്നു."

ഗൾഫിൽ ഇന്ന്

"ദുബൈ: ഒമാൻ ഒഴികെ എല്ലാ ഗൾഫ് രാജ്യങ്ങളിലും ഇന്ന് പെരുന്നാൾ. ഇന്നലെ രാത്രി എട്ടുമണിയോടെ സഊദി മതനേതൃത്വമാണ് മാസപ്പിറവി കണ്ടവിവരം പ്രഖ്യാപിച്ചത്. തുടർന്ന് യു എ ഇ ബഹ്റൈൻ, കുവൈത്ത്, ഖത്തർ എന്നീ രാജ്യങ്ങളും ഇന്ന് പെരുന്നാൾ ആയിരിക്കുമെന്ന് അറിയിച്ചു. റമദാൻ ഇരുപത്തൊമ്പത് അവസാനിപ്പിച്ചാണ് ഗൾഫ് സമൂഹം പെരുന്നാൾ ആഘോഷിക്കുന്നത് (മാധ്യമം: 2004 നവംബർ 13 ശനി. ആദ്യപേജ്)"

ചന്ദ്രന്റെ ഉദയ വ്യത്യാസം മുസ്ലിം രാജ്യങ്ങൾ പരിഗണിക്കുന്നുണ്ടെങ്കിൽ സഊദിഅറേബ്യയിൽ പോലും ഒരുദിവസം നോമ്പും പെരുന്നാളും ആവുകയില്ല. കാരണം ഒരു മണിക്കൂറിൽ അധികം സമയ വ്യത്യാസം അനുഭവപ്പെ

ടുന്ന സ്ഥലങ്ങൾ സഊദിഅറേബ്യയിൽ തന്നെ കാണാം. എന്നിട്ടും ഒരു നൂറ് വർഷങ്ങളുടെ ഉള്ളിലായി ഇവിടെ രണ്ടു ദിവസമായി നോമ്പും പെരുന്നാളും ഉണ്ടായത് കാണാൻ സാധ്യമല്ല. (2 മിനുട്ട് മാത്രമാണ് സഊദിയിൽ ഈ ദിവസം മാസപ്പിറവി ഉള്ളത്. എന്നിട്ടും എങ്ങിനെ അവിടെ മാസപ്പിറവി ദർശിച്ചു? മാസപ്പിറവി അനുഭവപ്പെടാത്ത സ്ഥലവും ഈ ദിവസം അവിടെ യുണ്ട്. എന്നിട്ടും എങ്ങിനെ ഒരുദിവസം തന്നെ പെരുന്നാൾ ആയി?) നമസ്കാരം ഒരു വിഭാഗത്തിന് നാല് നേരവും മറ്റൊരു വിഭാഗത്തിന് അഞ്ച് നേരവും ഉണ്ടാവുകയില്ല. ഇതുപോലെതന്നെയാണ് നോമ്പിന്റെയും നിയമവും. ഒരു വിഭാഗത്തിന് ഇരുപത്തിയൊമ്പതും മറ്റൊരു വിഭാഗത്തിനും മുപ്പതും നിർബ്ബന്ധമാകുന്ന സാഹചര്യം മനുഷ്യർ നിർമ്മിച്ചുണ്ടാക്കിയതാണ്. അതായത് ഒരു സ്ഥലത്ത് റമദാൻ മാസം മുപ്പത് ദിവസവും മറ്റൊരു ഭാഗത്ത് ആ റമദാൻ മാസം തന്നെ 29 ദിവസവും ആവുക എന്നത് പടച്ചവന്റെ കണക്കല്ല. മനുഷ്യന്റെ അജ്ഞതയും അഹങ്കാരവും കാരണം അവർ ഉണ്ടാക്കിയതാണ്.

## ചന്ദ്രമാസ നിർണയം ശാഫിഈ മദ്ഹബിൽ

ഭൂമിയിൽ ഒരു സ്ഥലത്തു മാസപ്പിറവിയുടെ ദർശനം സ്ഥിരപ്പെട്ടാൽ ആ വിവരം ലഭിക്കുന്ന എല്ലാവർക്കും അതു ബാധകമാണെന്ന് തന്നെയാണ് ഇമാം ശാഫിഈ(റ)യും അഭിപ്രായപ്പെടുന്നത്.

ഇമാം നവവി(റ) തന്നെ ഉദ്ധരിക്കുന്നതു കാണുക:

(فرع) فی مذاهب العلماء فيما اذا رأى الهلال اهـل بلـد دون غيرهم قد ذكر نا تفصيل مذهبنا ونقل ابن المنذر عـن عكرمـة والقاسم وسالم واسحاق بن راهوية انه لا يلزم غير اهـل بلـد الرؤية وعن الليث والشافعى واحمد يلزم الجميع قال ولا اعلمـه إلا قول المدنى والكوفى يغى مالكاوابحنيفة (شرح المهذب )

(ശാഖ) ഒരു നാട്ടുകാർ നവചന്ദ്രനെ കണ്ടു. മറ്റുള്ളവർ കണ്ടില്ല. എങ്കിൽ അവിടെ മതപണ്ഡിതന്മാരുടെ അഭിപ്രായമെന്ത്? നമ്മുടെ (ശാഫിഈ) മദ്ഹബിന്റെ വിശദീകരണം നാം നല്കിക്കഴിഞ്ഞു. ഇക്‌രിമ, ഖാസിം, സാലിം, ഇസ്ഹാഖ്ബ്നുറാഹവൈഹി എന്നിവരുടെ അഭിപ്രായം ഇബ്നു മുൻദിർ ഉദ്ധരിച്ചിട്ടുണ്ട്. അതായത് നവ ചന്ദ്രനെ കാണാത്തവർക്ക് നോമ്പ് നിർബ്ബന്ധ



മാകുകയില്ലെന്ന്. പക്ഷെ ഇമാം ലൈസ്, ഇമാം ശാഫിഈ(റ) ഇമാം അഹമദ് ഇബ് നു അമ്പൽ എന്നിവരുടെ പക്ഷം ഒരിടത്തു കണ്ടാൽ എല്ലാവർക്കും നോമ്പ് ബാധകമാവുമെന്നാണ്. ഇബ്നു മുൻദിർ(റ) പറയുന്നു: ഇമാം മാലിക്കിന്റെയും അബു ഹനീഫയുടെയും അഭിപ്രായവും ഇതുതന്നെയാണെന്നാണ് എന്റെ അറിവ് (ശർഹുൽ മുഹദ്ദബ് : വാള്യം : 6 പേജ് : 274 വരി 17 മുതൽ)

ഇബ്നു ഹജർ(റ) പറയുന്നു:

وان تباعدت فوجهان لا يجب عند الأكثر واختار ابـو الطيـب وطائفة الوجوب وحكاه البغوى عند الشافعى (فتح البارى)

മാസപ്പിറവി ദർശിക്കപ്പെട്ട പ്രദേശം വിദൂരമായ സ്ഥലത്തായാൽ അതിൽ രണ്ട് അഭിപ്രായം ശാഫിഈ മദ്ഹബിൽ ഉണ്ട്. ഭൂരിപക്ഷം അതിനെ പരിഗണിക്കൽ നിർബ്ബന്ധമില്ലെന്ന് പറയുന്നു. എന്നാൽ അബൂത്വയ്യിബ(റ) എന്ന പണ്ഡിതനും ഒരു സംഘവും നിർബന്ധമാണെന്ന് പ്രസ്താവിക്കുന്നു. ഇമാം ബഗ്‌വി(റ) ഈ അഭിപ്രായമാണ് ഇമാം ശാഫിഈ(റ)യിൽ നിന്ന് ഉദ്ധരിക്കുന്നത് (ഫത്ഹുൽ ബാരി വാള്യം:6 പേജ്: 601) നിർബ്ബന്ധത്തിന്റെ കാര്യത്തിൽ മാത്രമാണ് ശാഫിഈ മദ്ഹബിൽ തർക്കവും. മുസ്‌ലിം ഐക്യത്തിനുവേണ്ടി ഭൂമിയിൽ എവിടെയെങ്കിലും നവചന്ദ്രനെ ദർശിച്ചാൽ ചന്ദ്രന്റെ ഉദയവ്യത്യാസം പരിഗണിക്കാതെ അതിനെ അംഗീകരിച്ച് നോമ്പും പെരുന്നാളും ആരംഭിക്കൽ നിഷിദ്ധമാണെന്ന് (ഹറാമാണെന്ന്) ഏതെങ്കിലും ഒരു മുസ്‌ലിം പണ്ഡിതനെങ്കിലും പ്രസ്താവിച്ചത് ഒരു മദഹബിലെ കിതാബിലും ഞാൻ കണ്ടിട്ടില്ല. ഈ യാഥാർത്ഥ്യം പ്രത്യേകം വായനക്കാർ ശ്രദ്ധിക്കുക.

ഹിജ്റ: 914ൽ മരിച്ച അഹമദ്ബ്നു യഹ്‌യാ (റ) എന്ന പണ്ഡിതൻ എഴുതിയ അൽ - മിഅ്‌യാർ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

وقال قرم انه يعم جميع من ادركهم خبره وهـو قـول الليـث والشافعى واحمد ولا اعلمه الا قول المدنى والكـوفى (المعيـار المعرب لا حمد بن يحي المتوفى)

ഒരു സ്ഥലത്തു മാസപ്പിറവി ദർശിക്കപ്പെട്ടാൽ ആ വിവരം ലഭിക്കുന്നവർക്ക് എല്ലാം തന്നെ അതു ബാധകമാണെന്ന് ഒരു വിഭാഗം പറയുന്നു. ഈ അഭിപ്രായമാണ് ഇമാം ലൈസ്, ഇമാം ശാഫിഈ, ഇമാം അഹമദ് എന്നിവർ പ്രകടിപ്പിക്കുന്നത്. ഈ അഭിപ്രായമാണ് ഇമാം മാലിക്കിന്റെയും ഇമാം അബുഹനീഫയുടെയും അഭിപ്രായമായി ഞാൻ മനസ്സിലാക്കുന്നതും (അൽ - മിഅ്‌യാർ

: വാള്യം : 1 പേജ്: 416). ഹിജ്റ: 516ൽ മരണപ്പെട്ട പ്രസിദ്ധ പണ്ഡിതനായ ഇമാം ബഗ്‌വി(റ)യുടെ ശറഹുസ്സുന്ന എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:-

قال ابن المنذر : قال اكثر الفقهاء اذا ثبت بخبر الناس ان أهل بلد من البلد البلدان قد رآه قبلهم فعليهم قضاء ما افطروا وهو قول مالك والشافعى واحمد وأصحاب الرأي رحمهم الله (شرح السنة)

ഇബ്നു മുൻദിർ(റ) പറയുന്നു: ഭൂരിപക്ഷം കർമ്മ ശാസ്ത്ര പണ്ഡിതന്മാർ പറയുന്നു ജനങ്ങളുടെ വർത്തമാനം കൊണ്ട് ഒരു ജനത മാസപ്പിറവി ദർശിച്ചതായി മറ്റൊരു ജനത ശേഷം മനസ്സിലാക്കുന്നു. എന്നാൽ അവർ മുറിച്ച നോമ്പ് അവർ നോറ്റ് വീട്ടണം. ഇപ്രകാരം ഇമാം മാലിക്ക് ഇമാം ശാഫിഈ ഇമാം അഹമദ് ഇമാം അബൂഹനീഫ(റ) മുതലായവർ പറയുന്നു (ശർഹുസ്സുന്ന: 6-245)

ഹിജ്റ: 388ൽ മരണപ്പെട്ട ഇമാം ഖത്വാബി(റ) എഴുതുന്നു:

قال ابن المندر : قال اكثر الفقهاء اذا ثبت بخبر الناس ان اهل بلد من البلد ان قد رأوه قبلهم فعليهم قضاء ما افطروه وهو قول أصحاب الرأي ومالك وأليه ذهب الشافعى واحمد (معالم السنن شرح ابن داود للخطابى المتوفى هـ )

ഇബ്നു മുൻദിർ(റ) പറഞ്ഞു: രാജ്യങ്ങളിൽപെട്ട ഏതെങ്കിലും ഒരു രാജ്യത്ത് ജനങ്ങളുടെ വർത്തമാനം കൊണ്ട് അവർ നവചന്ദ്രനെ ദർശിച്ചുവെന്ന് ഒരു ജനതക്ക് മുമ്പായി സ്ഥിരപ്പെട്ടാൽ മറ്റുള്ളവർ അവർക്ക് നഷ്ടപ്പെട്ട നോമ്പ് നോറ്റ് വീട്ടേണ്ടതാണ്. ഇപ്രകാരം ഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിതന്മാർ പറയുന്നു. ഇതുതന്നെയാണ് ഹനഫിയാക്കളുടെയും ഇമാം മാലിക്കിന്റെയും അഭിപ്രായം. ഇമാം ശാഫിഈയും ഇമാം അഹമദും ഈ അഭിപ്രായം പ്രകടിപ്പിക്കുന്നു. (മആലിമുസ്സുനന് : 2-84)

ശാഫിഈ മദ്ഹബിൽ ഏറ്റവും പ്രബലമായ അഭിപ്രായ ഭൂമിയിൽ എവിടെയെങ്കിലും മാസപ്പിറവി ഉണ്ടായാൽ ഉദയ വ്യത്യാസം പരിഗണിക്കാതെ അതിനെ അംഗീകരിക്കൽ നിർബ്ബന്ധമില്ല എന്നതാണ്. ഇതുതന്നെ പിൽകാല



പണ്ഡിതന്മാരുടെതാണ്. ഇമാം ശാഫിഈ (റ)യുടെ അഭിപ്രായമല്ല. ഇമാം ശാഫിഈ(റ)യുടെ അഭിപ്രായം നാം ഉദ്ധരിച്ചു. ഇമാം ശാഫിഈ(റ)യുടെ ഖണ്ഡിതമായ അഭിപ്രായത്തിനു എതിരായ അഭിപ്രായങ്ങളാണ് മിക്കവിഷയത്തിലും പിൽകാലത്ത് ശാഫിഈ മദ്ഹബായി പരിഗണിക്കപ്പെടുന്നത്. എന്നാൽ ഈ മദ്ഹബിൽ പോലും പരിഗണിക്കൽ അനുവദനീയമല്ലാ എന്നോ നിഷിദ്ധമാണെന്നോ ഈ മദ്ഹബിൽ കാണാൻ സാധ്യവുമല്ല. പിൻകാല പണ്ഡിതന്മാരിൽ തന്നെ ഒരു വിഭാഗം പരിഗണിക്കൽ നിർബന്ധമാണെന്നു പറയുകയും ചെയ്യുന്നു. ഇമാം നവവി(റ) തന്നെ പറയുന്നു:

واذا رؤي ببلد لزم حكمه البلد القريب دون البعيد فى الأصح (منهاج الطالبين)

ഒരു നാട്ടിൽ മാസപ്പിറവി ദർശിക്കപ്പെട്ടാൽ അടുത്ത രാജ്യകാർക്ക് അതു അനിവാര്യമാണ്. വിദൂര രാജ്യകാർക്ക് അനിവാര്യമല്ല. അസ്വഹായ അഭിപ്രായ പ്രകാരം (മിൻഹാജ്) (എതിരഭിപ്രായം ശക്തിയുള്ളതാണെങ്കിലാണ് അസ്വഹായ അഭിപ്രായത്തിൽ എന്ന് പറയുക.) ഇമാം നവവി (റ) തന്നെ ഈ കിതാബിന്റെ ആരംഭത്തിൽ ഇതു വ്യക്തമാക്കുന്നത് കാണാം.

فان قوي الخلاف قلت الأصح (منهاج الطالبين)

എതിരഭിപ്രായം ശക്തമായതാണെങ്കിൽ ഞാൻ അസ്വഹിൽ എന്നുപറയും (മിൻഹാജ്)

ഇതുതന്നെ നിർബ്ബന്ധത്തിന്റെ പ്രശ്നത്തിലാണ്. അവദനീയമാണെന്നതിൽ അല്ല. അവദനീയമല്ലെന്ന അഭിപ്രായം ഒരു മദ്ഹബിലും ഒരു പണ്ഡിതനും പ്രകടിപ്പിച്ചിട്ടില്ല. ഇമാം നവവി(റ) തന്നെ എഴുതുന്നു:

وقال بعض أصحابنا : تعم الرؤية فى موضع جميع أهل الأرض فعلى هذا نقول انما لم يعمل ابن عباس بخبر كريب لأنه شهادة فلا تثبت بواحد (شرح مسلم)

നമ്മുടെ ചില അനുയായികൾ പറയുന്നു: ഒരു സ്ഥലത്തു ചന്ദ്രപ്പിറവി ദർശിക്കപ്പെട്ടാൽ ഭൂമിയിലെ സർവ്വ ആളുകൾക്കും അതു ബാധ്യതയാണ്. ഈ അഭിപ്രായമാണ് നാം പറയുന്നത്. കുറൈബിന്റെ വർത്തമാനം കാരണം ഇബ്നു അബ്ബാസ് (റ) പ്രവർത്തികാതിരുന്നത് ഈ സംഭവം സാക്ഷ്യം വഹിക്കലാണ്. ഇതു ഒരാൾ മുഖേന സ്ഥിരപ്പെടുകയില്ല (ശർഹു മുസ്‌ലിം : വാള്യം

: 4 പേജ്:212) ഇമാം നവവി(റ) തന്നെ പറയുന്നു:

وان تباعدا فوجهان مشهوران فى الطريقتين (اصحهما) لايجب الصوم على أهل البلد الأخرى والثانى : يجب وبه قال الصيمري وصححه القاضى ابوالطيب والدارمى وابوعلى الشجى وغيرهم وأجاب هؤلاء عن حديث كريب عن ابن عباس انه لم يثبت عنده رؤية الهلال فى بلد آخر بشهادة عدلين (شرح المهذب )

രാജ്യം വിദൂരമായാൽ പ്രസിദ്ധമായ രണ്ടു അഭിപ്രായമുണ്ട് (അസ്വഹായത്). ഒന്ന് മറ്റുള്ളവർക്ക് നോമ്പ് നിർബ്ബന്ധമില്ല എന്നതാണ്. രണ്ടാമത്തെ അഭിപ്രായം നിർബ്ബന്ധമാണെന്നാണ്. ഈ അഭിപ്രായമാണ് സ്വയ്മരീ, ഖാളീഅബുത്വയ്യിബ്, ദാരിമി, അബൂഅലി(റ) മറ്റുള്ളവരും പറയുന്നത്, ഇവർ കുറൈബ്, ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിന്ന് ഇപ്രകാരം മറുപടി നല്കുന്നു. മറ്റൊരു നാട്ടിൽ നവചന്ദ്രൻ ദർശിക്കപ്പെട്ടതു രണ്ട് സാക്ഷിമുഖേന അദ്ദേഹത്തിന്റെ അടുത്തു സ്ഥിരപ്പെട്ടില്ല എന്നതുകൊണ്ടാണ് അംഗീകരിക്കാതിരുന്നത് (ശർഹുൽ മുഹദബ് : 6-273)

നിർബ്ബന്ധത്തിന്റെ പ്രശ്നത്തിലാണ് ഈ തർക്കമെന്നത് പ്രത്യേകം ഓർമ്മിക്കുക.

### ശാഫിഈ മദ്ഹബിലെ വൈരുധ്യം

ഒരുനാട്ടിൽ മാസപ്പിറവിയുടെ ദർശനം സ്ഥിരപ്പെട്ടാൽ വിദൂരമുള്ള നാട്ടുകാർക്ക് അതു നിർബ്ബന്ധം മാകുന്നില്ലെന്ന് പറയുന്ന ശാഫിഈ മദ്ഹബിലെ പണ്ഡിതന്മാർക്കിടയിൽ തന്നെ ഈ വിദൂരത എന്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കണമെന്നതിൽ ധാരാളം ഭിന്നതകാണാം. ഒരു പണ്ഡിതൻ തന്നെ വൈരുധ്യം നിറഞ്ഞ അഭിപ്രായം പ്രകടിപ്പിക്കുന്നതു കാണാം. ഇമാം നവവി(റ) തന്റെ ശർഹു മുസ്‌ലിമിൽ എഴുതുന്നു:

لا تقصر فيها الصلاة (شرح مسلم)

നമസ്കാരം ഖസ്വ്റാക്കി (ചുരുക്കി) നമസ്കരിക്കുവാൻ പാടില്ലാത്ത ദൂരമാണ് അടുപ്പമായി പരിഗണണിക്കപ്പെടുക (ശർഹുമുസ്‌ലിം. 4-212) എന്നാൽ ഇമാം നവവി(റ) തന്നെ തന്റെ മിൻഹാജ്, റൗള പോലെയുള്ള ഗ്രന്ഥത്തിൽ ഈ അഭിപ്രായതത്തെ ഖണ്ഡിക്കുന്നു. ചന്ദ്രന്റെ ഉദയത്തിലുള്ള വ്യത്യാസ



മാണ് പരിഗണിക്കപ്പെടുകയെന്ന് പ്രസ്താവിക്കുന്നു. നമസ്കാരം ഖസ്വ്റാക്കുന്ന പ്രശ്നവും ഈ വിഷയവും തമ്മിൽ ബന്ധമില്ലെന്ന് പ്രഖ്യാപിക്കുന്നു. നബി(സ)യിൽ നിന്ന് ഈ വിഷയത്തിൽ ഒരു നിർദേശം ഇല്ലെന്ന് ഈ ഭിന്നത വ്യക്തമാക്കുന്നു. ചുരുക്കത്തിൽ ഭൂമിയിൽ ഏതെങ്കിലും സ്ഥലത്തു നവചന്ദ്രനെ ദർശിച്ചാൽ അതിനെ അടിസ്ഥാനമാക്കി നോമ്പും പെരുന്നാളും ആരംഭിച്ച് മുസ്‌ലിം ഐക്യം ഈ പ്രശ്നത്തിൽ ഉണ്ടാക്കുന്നതിന് ശാഫിഈ മദ്ഹബിനെ പിൻപറ്റുന്ന പണ്ഡിതന്മാർക്കും പ്രതിബന്ധമില്ലെന്ന് ഇപ്പോൾ വ്യക്തമായി. അനവദനീയമാണെന്ന അഭിപ്രായം ഈ മദ്ഹബിലെ ഒരു ഖൗലിനും (അഭിപ്രായത്തിനും) എതിരാകുന്നില്ല. നിർബ്ബന്ധമാണെന്ന് പ്രസ്താവിച്ചാൽ പോലും ഇമാം ശാഫിഈ(റ)യുടെ അഭിപ്രായത്തിന് എതിരാകുന്നില്ല. പ്രത്യുത ആ മഹാന്റെ അഭിപ്രായത്തിനും താൽപര്യത്തിനും അദ്ദേഹം വിഭാവനം ചെയ്തതിനും യോജിക്കുക മാത്രമാണ് ചെയ്യുന്നത്. പണ്ഡിതന്മാർ ഒരു നാട്ടിലെ നവചന്ദ്ര ദർശനം വിദൂര ദേശക്കാർക്കും നിർബ്ബന്ധമാണെന്ന് പ്രസ്താവിക്കണമെന്നില്ല. അനുവദനീയമാണെന്ന് മാത്രം അവർ പ്രസ്താവിച്ചാൽ മതി. ഈ വിഷയത്തിൽ ഐക്യം സാധ്യമാകുവാൻ ഇതു തന്നെ ധാരാളം മതിയാകുന്നതാണ്.

## ശിയാക്കളും ചന്ദ്രമാസ നിർണയവും

മുസ്‌ലിംകളിൽ മറ്റൊരു വിഭാഗം ശിയാക്കളാണ്. ചന്ദ്രന്റെ ഉദയ വ്യത്യാസം നോമ്പിലും പെരുന്നാളിലും ഐക്യരൂപം സ്ഥാപിക്കുന്നതിന് തടസ്സമായി ഇവരും കാണുന്നില്ല. ഭൂമിയിൽ ഏതെങ്കിലും ഒരു സ്ഥലത്തു നവചന്ദ്രനെ ദർശിച്ചാൽ ആ വിവരം ലഭിക്കുന്നവർക്കെല്ലാം അതിനെ അടിസ്ഥാനമാക്കി നോമ്പും പെരുന്നാളും അനുഷ്ഠിക്കുന്നതിന് വിരോധമില്ലെന്ന് പ്രസിദ്ധ ശിയാ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്ന് വ്യക്തമാണ്. (നൈലുൽ ഔത്വാർ: 4-269 നോക്കുക).

## ചന്ദ്രമാസ നിർണയവും സലഫീപണ്ഡിതന്മാരും

**ച**ന്ദ്രന്റെ ഉദമ വ്യത്യാസം പരിഗണിക്കാതെ, ഭൂമിയിൽ എവിടെയെങ്കിലും മാസപ്പിറവി ദർശിക്കപ്പെട്ടാൽ അതിനെ അടിസ്ഥാനമാക്കി ഈ പ്രപഞ്ചത്തിലുമുള്ള മുസ്‌ലിംകൾ നോമ്പും പെരുന്നാളും ആരംഭിക്കുന്നതിന് പ്രതിബന്ധമാകുന്നില്ല എന്നതാണ് നാല് മദ്ഹബുകളുടെ ഇമാമുകൾ വ്യക്തമാക്കുന്ന അവരുടെ അഭിപ്രായമെന്ന് വായനക്കാർ ശരിക്കും ഗ്രഹിച്ചു. പുറമെ ഇപ്രകാരം പ്രവർത്തിക്കൽ നിർബ്ബന്ധമാണെന്നും അല്ലാത്തപക്ഷം അല്ലാഹു അവരെ ശിക്ഷിക്കുമെന്നുകൂടി അവർ പ്രഖ്യാപിക്കുന്നു. അനിവാര്യമായ കാര്യം ഉപേക്ഷിച്ചാൽ ശിക്ഷിക്കപ്പെടുമെന്നതിൽ മുസ്‌ലിം ലോകത്തു യാതൊരു അഭിപ്രായ ഭിന്നതയുമില്ല.

മദ്ഹബിനെ തഖ്‌ലീദ് ചെയ്യുന്നവർ കഴിഞ്ഞാൽ ശേഷം സലഫീ വിഭാഗമാണ് മുസ്‌ലിം സമൂഹത്തെ പ്രതിനിധീകരിക്കുന്നത്. ഭൂമിയിൽ ആദ്യമായി നവചന്ദ്രനെ ദർശിക്കപ്പെട്ടാൽ അതിനെ അടിസ്ഥാനമാക്കി സർവ്വ മുസ്‌ലിംകളും ചന്ദ്രമാസം ഉറപ്പിക്കുന്നതിന് ഈ വിഭാഗത്തിന് യാതൊരു തടസ്സവുമില്ല. കാരണം പൂർവ്വീകരായ സലഫീ പണ്ഡിതന്മാർ പറയുന്നത് കാണുക:

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റ) എഴുതുന്നു:

فالضابط ان مدار هذا الأمر على البلوغ لقوله صوموا لرؤيته فمن بلغه انه رؤى ثبت فى حقه من غير تحديد مسافه أصلا (مجموع فتاوى للشيخ ابن تيمية)

ചന്ദ്രന്റെ ഉദയത്തെക്കുറിച്ച് വിവരം ലഭിക്കുക എന്നതാണ് ഇവിടെ അടിസ്ഥാനതത്വം. “അതിനെ നിങ്ങൾ ദർശിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുവീൻ... എന്ന പ്രവാചകന്റെ നിർദ്ദേശപ്രകാരം ചന്ദ്രൻ ദർശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം ആർക്കെങ്കിലും ലഭിച്ചാൽ ദൂരപരിധിയില്ലാതെ അവനും അതു ബാധ



കമാകുന്നു. (മജ്മൂഅ് ഫതാവാ: വാള്യം 25 പേജ്:107) പ്രസിദ്ധ സലഫീ പണ്ഡിതനായ ഇമാം ശൗക്കാനി(റ) എഴുതുന്നു:

والذي ينبغى إ عتماده هو ما ذهب إليه المالكية وجماعة من الزيدية واختاره المهدى وحكاه القرطبى عن شيوخة انه اذا رآه أهل البلاد كلها (نيل الاوطار)

ഒരു നാട്ടുകാർ നവ ചന്ദ്രനെ കണ്ടാൽ മറ്റെല്ലാ നാട്ടുകാർക്കും നോമ്പ് നിർബ്ബന്ധമായി. ഇതാണ് സ്വീകാര്യയോഗ്യമായ തീരുമാനം. മാലികീ മദ്ഹബുകാരുടെയും സൈദി മദ്ഹബുകാരിൽ ഒരു വിഭാഗത്തിന്റെയും തീരുമാനവും ഇതാണ്. ഇമാം മഹ്ദി ഉത്തമ തീരുമാനമായി സ്വീകരിച്ചിട്ടുള്ളതും ഇതുതന്നെയാണ്. ഇമാം ഖുർതുബി തന്റെ ഉസ്താദ്മാരുടെ അഭിപ്രായമായി ഉദ്ധരിക്കുന്നതും ഇതുതന്നെയാണ് (നൈലുൽ ഔത്വാർ: 4-269) നൈലുൽ ഔത്വാർ കടുത്ത സലഫീ ഗ്രന്ഥമായതിനാൽ ഒരു കാലത്തു കേരളത്തിലെ യാഥാസ്ഥിതിക വിഭാഗം പണ്ഡിതന്മാർ ഈ ഗ്രന്ഥം പള്ളിയിൽ കയറ്റുവാൻ പാടില്ലെന്ന് വരെ മതവിധി പുറപ്പെടുവിച്ചതു ഓർമ്മിക്കുക.

കുവൈത്തിലെ ഇഹ്‌യാഉൽ തുറാസുൽ ഇസ്‌ലാം പ്രസിദ്ധീകരിക്കുന്നതും കേരളത്തിലെ സലഫി പണ്ഡിതന്മാരുടെ ഇടയിൽ സൗജന്യമായി വിതരണം ചെയ്യപ്പെടുകയും ചെയ്ത ഇമാം ശൗക്കാനി(റ)യുടെ തന്നെ അദ്ദറാറിൽ മുളീഅ: എന്ന ഗ്രന്ഥത്തിൽ പറയുന്നു:

وأما كونه اذارآه أهل بلد لزم سائر البلاد الموافقة فوجهه الأحاديث المصرحة بالصيام لرؤيته والإفطار لرؤيته وهي خطاب لجميع الأمة فمن رآه منهم فى اي مكان كان ذلك رؤية لجميعهم ( الدرارى المضيئة)

ഒരുനാട്ടിൽ നവചന്ദ്രനെ ദർശിക്കപ്പെട്ടാൽ അതിനോട് യോജിച്ച് മറ്റുള്ള നാട്ടുകാർക്കും നിർബ്ബന്ധമാകുന്നതു മാസപ്പിറവിയെ ദർശിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുകയും നോമ്പ് മുറിക്കുകയും ചെയ്യുക എന്ന് വ്യക്തമാക്കുന്ന ഹദീസുളുടെ അടിസ്ഥാനത്തിലാണ്. ഇതു സർവ്വ സമുദായത്തിനുമുള്ള നിർദ്ദേശമാണ്. അതിനാൽ അവരിൽപെട്ട ഒരാൾ ഏതു സ്ഥലത്തുവെച്ച് ചന്ദ്രനെ ദർശിച്ചാലും അതു അവരുടെ എല്ലാവർക്കുമുള്ള കാഴ്ചയാണ് (തദ്ദറാറീ:1-143) പ്രസിദ്ധ പണ്ഡിതനായ ഇബ്നു ഖുദാമ(റ)എഴുതുന്നു:

واذا رأي الهلال اهل بلد لزم جميع البلا الصوم ( المغى لإبن قدامة)

ഒരു നാട്ടുകാർ നവ ചന്ദ്രനെ കണ്ടാൽ എല്ലാ നാട്ടുകാർക്കും അതു നിർബ്ബന്ധമായി (മുഗ്നി : 3-5) ശേഷം അദ്ദേഹം പറയുന്ന തെളിവുകളിൽ ചിലത് കാണുക:-

واجمع المسلمون على وجوب صوم شهر رمضان وقد ثبت ان هذااليوم من شهر رمضان بشهادة الثقات فوجب صومه على جميع المسلمين فيجب الصوم فيها لو تقاربت البلدان (المغنى)

റമദാൻ മാസം നോമ്പനുഷ്ഠിക്കൽ നിർബ്ബന്ധമാണെന്നതിൽ മുസ്‌ലിംകൾ ഏകോപിക്കുന്നു. വിശ്വസ്തന്മാർ സാക്ഷി നിന്നതുകൊണ്ട് ഈ ദിവസം റമദാൻ ആണെന്ന് സ്ഥിരപ്പെട്ടു. അതിനാൽ സർവ്വ മുസ്‌ലിംകളും നോമ്പനുഷ്ഠിക്കൽ അനിവാര്യമായി. അതിനാൽ അടുത്ത നാട്ടുകാർക്കെന്ന പോലെ തന്നെ അകലെയുള്ളവർക്കും നോമ്പ് നിർബ്ബന്ധമായി (മുഗ്നി: 3-5)

ഹിജ്റ: 763ൽ മരണപ്പെട്ട ശംസുദ്ദീൻ മുഖദ്ദിസ്(റ) എഴുതുന്നു.

وان ثبتت رؤيته بمكان قريب او بعيد لزم جميع البلاد الصوم وحكم من لم يره كمن رآه ولو اختلفت المطالع (كتاب الفروع)

നവചന്ദ്രനെ ദർശിക്കപ്പെട്ടാൽ അതു അടുത്തുള്ള നാട്ടിൽവെച്ച് കൊണ്ടോ വിദൂരെയുള്ള നാട്ടിൽ വെച്ച് കൊണ്ടോ സംഭവിച്ചാലും സർവ്വ നാട്ടിലെ ജനങ്ങൾക്കും നോമ്പനുഷ്ഠിക്കൽ അനിവാര്യമായി. ദർശിച്ചവന്റെ വിധി ദർശിക്കാത്തവനും ബാധകമായി. ചന്ദ്രന്റെ ഉദയം വ്യത്യാസപ്പെട്ടാലും (കിതാബുൽ ഫുറൂഅ്) ഫിഖ്ഹുസ്സുന്നയിൽ എഴുതുന്നു:

ذهب الجمهور الى انه لاعبرة باختلاف المطالع فمتى رأى الهلال أهل بلد وجب الصوم على جميع البلاد لقول الرسول صومو لرؤيته وهو خطاب عام لجميع الأمة فمن رأى منهم في اي مكان كان ذالك رؤية لهم جميعا (فقه السنة)

ചന്ദ്രന്റെ ഉദയ വ്യത്യാസത്തിന് യാതൊരു പരിഗണനയും ഇല്ലെന്നാണ്



ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. അതിനാൽ ഏതെങ്കിലും നാട്ടിൽവെച്ച് ചന്ദ്രനെ ദർശിച്ചാൽ എല്ലാ നാട്ടിലെ നിവാസികൾക്കും അതു നിർബ്ബന്ധമായി. നിങ്ങൾ ചന്ദ്രനെ കണ്ടാൽ നോമ്പനുഷ്ഠിക്കുകയും നോമ്പ് മുറിക്കുകയും ചെയ്യുവിൻ എന്ന നബിവചനത്തിന്റെ അടിസ്ഥാനത്തിൽ. ഇതു സമുദായത്തോട് പൊതുവായ നിലക്കുള്ള നിർദ്ദേശമാണ്. അതിനാൽ ഏതു സ്ഥലത്തുവെച്ച് ചന്ദ്രനെ ദർശിച്ചാലും അതു എല്ലാവർക്കുമുള്ള ദർശനമാണ്. ഇപ്രകാരം ഭൂരിപക്ഷം പറയുന്ന (ഫിഖ്ഹ്സ്സുന്ന: 2-436) സഊദി രാജാവ് പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് പുനഃപ്രസിദ്ധീകരണം ചെയ്ത കിതാബുൽ ഇൻസ്വാഫിൽ പറയുന്നു:

واذا رأى الهلال أهل بلد لزم الناس كلهم الصوم (الإنصاف)

ഏതെങ്കിലും ഒരു നാട്ടിൽവെച്ച് നവ ചന്ദ്രനെ ദർശിച്ചാൽ സർവ്വ ജനങ്ങൾക്കും നോമ്പ് നിർബ്ബന്ധമായി (ഇൻസ്വാഫ് : 3-273) നിർബ്ബന്ധമില്ലെന്ന് പറയുന്ന പണ്ഡിതന്മാർ പോലും അനുവദനീയമാണെന്നതിനെ നിഷേധിക്കുന്നില്ല. പുറമെ ഇമാമ് തീരുമാനിച്ചാൽ ഭൂമിയിലെ സർവ്വ ജനങ്ങളും അംഗീകരിക്കണമെന്നും പറയുന്നു:

وقال ابن الماجشون: لا يلزمهم بالشهادة إلا لأهل البلد الذي ثبتت فيه الشهادة الا أن البلاد فى حقه كالبلد الواحد اذ حكمه نافذ فى الجميع (فتح البارى)

ഇബ്നു മാജിസൂൽ(റ) പറയുന്നു: നവചന്ദ്രനെ കണ്ടാൽ ആ നാട്ടിലെ ആളുകൾക്കാണ് നിർബ്ബന്ധമാവുക. എന്നാൽ ഇമാമുൽ അഅ്ളം തീരുമാനിച്ചാൽ സർവ്വ ജനതക്കും അതു നിർബ്ബന്ധമായി. കാരണം ലോകം മുഴുവൻ അയാളുടെ അവകാശത്തിൽ ഒരു രാജ്യം പോലെയാണ്. അയാളുടെ വിധി അവിടെയെല്ലാം തന്നെ നടപ്പാക്കപ്പെടും (ഫതുഹുൽ ബാരി: 5-601 ബിദായ്യ: 1-288) നിഷിദ്ധമായ ഒരു കാര്യം ഇമാമ് കല്പിച്ചാൽ അതു അനുഷ്ഠിക്കൽ അനുവദനീയമാകുന്നില്ല. എന്നിട്ടല്ലേ നിർബ്ബന്ധമാകുന്നത്? ഗൾഫ് നാടുകളിൽ ഇപ്രകാരമാണ് ചന്ദ്രപ്പിറവി തീരുമാനിക്കുന്നത്. സഊദിയിൽ ഉദയ വ്യത്യാസം പല സ്ഥലങ്ങളിൽ അനുഭവപ്പെടുന്നതാണ്. എന്നിട്ടും അടുത്ത കാലത്തൊന്നും അവിടെ രണ്ട് ദിവസങ്ങളിലായി നോമ്പും പെരുന്നാളും ആരംഭിച്ചത് കാണാൻ സാധ്യമല്ല. ബഹുമാനപ്പെട്ട ഇമാം ശൈബാനിയുടെ നൈലുൽ മആരിബിൽ പറയുന്നു:

يجب صوم رمضان برؤية هلاله على جميع الناس وحكم من لم يره حكم من رآه ولو اختلفت المطالع (نيل المعارب)

നവചന്ദ്രനെ ദർശിച്ചാൽ റമദാൻ നോമ്പ് സർവ്വ മനുഷ്യർക്കും നിർബ്ബന്ധമായി. അവിടെ നവചന്ദ്രനെ ദർശിച്ചവർക്കുള്ള വിധി അതു ദർശിക്കാത്തവർക്കും ബാധകമാണ്. മത്‌ലഅ് (ഉദയം) വ്യത്യാസപ്പെട്ടാലും ശരി (നൈലുൽ മആരിബ് :1-66) ശൈഖുൽ ഇസ്‌ലാം മൻസൂർബ്നു യൂനുസ് (റ) പറയുന്നു:

واذا رآه اهل بلد اى متى ثبتت رؤيته ببلد لــزم النــاس كلهــم الصوم لقوله عليه السلام صوموا لرؤيته وهو خطاب للأمة كافة (روضة)

ഒരു നാട്ടിലെ ജനങ്ങൾ നവചന്ദ്രനെ ദർശിച്ചുകഴിഞ്ഞാൽ മനുഷ്യർക്ക് മുഴുവനും നോമ്പ് നിർബന്ധമായി. കാരണം നവചന്ദ്രനെ കാണുമ്പോൾ നോമ്പ് നോറ്റ് കൊള്ളുവിൻ എന്ന് നബി(സ) കല്പിച്ചത് സമുദായത്തോടാകമാനമാണ് (റൗളുൽ മരിഅ്: 1-46) അല്ലാമ അബ്ബാസ് കറാറ(റ) എഴുതുന്നു:

ومتى ثبت رؤية الهلال بقطرمن الاقطاروجب الصوم على سائر الأقطار (الدين والصوم)

ഏതെങ്കിലും ഒരു മേഖലയിൽ നവചന്ദ്രനെ ദർശിച്ചതായി സ്ഥിരപ്പെട്ടുകഴിഞ്ഞാൽ എല്ലാ മേഖലയിലുള്ളവർക്കും നോമ്പ് നിർബ്ബന്ധമായി (അദ്ദീൻ:പേജ്:56)

തുർമുദിയുടെ വ്യാഖ്യാന ഗ്രന്ഥമായ തുഹ്ഫത്തുൽ അഹ്‌വദിയ്യ:യിലും ഇമാം ശൗകാനി(റ)യുടെ അഭിപ്രായം ഉദ്ധരിച്ച് ഭൂമിയിൽ എവിടെ വെച്ച് നവചന്ദ്രനെ ദർശിച്ചാലും വിവരം ലഭിച്ചവർക്കെല്ലാം ഉദയവ്യത്യാസം പരിഗണിക്കാതെ ബാധകമാണെന്ന് സ്ഥാപിക്കുന്നു (തുഹ്ഫതുൽ അഹ്‌വദിയ്യ. വാ:3 പേജ്:379)



## ചന്ദ്രമാസ നിർണയം നബിചര്യയിൽ

**ഒ**രു സ്ഥലത്ത് നവചന്ദ്രനെ ദർശിച്ചാൽ ആ വിവരം ലഭിക്കുന്നവർക്ക് എല്ലാം തന്നെ ഉദയ വ്യത്യാസം പരിഗണിക്കാതെ നോമ്പും പെരുന്നാളും ആരംഭിക്കൽ നിർബ്ബന്ധമാണെന്നാണ് നബിചര്യ വ്യക്തമാക്കുന്നത്. വിദൂര രാജ്യം അടുത്ത രാജ്യം എന്ന പരിഗണനയും പാടില്ല. മുഹമ്മദ്നബി(സ) അല്ലാഹുവിന്റെ പ്രവാചകനാണെന്നതിൽ ഇതു വ്യക്തമായൊരു തെളിവ് കൂടിയാണ്. കാരണം ചന്ദ്രന്റെ ഉദയവ്യത്യാസം വിദൂര രാജ്യം അടുത്തരാജ്യം എന്നതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുവാൻ സാധ്യമല്ല. ഇതു ഓരോ മാസത്തിലും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഒരു ചരടിൽ ശാശ്വതമായ നിലക്കു ബന്ധിപ്പിക്കുവാൻ സാധ്യവുമല്ല. മിക്ക സന്ദർഭത്തിലും കേരളത്തിലും മക്കയിലും ഉദയവ്യത്യാസം ഉണ്ടാവുകയില്ല. കേരളവും മക്കയും ഒരേ മത്‌ലഇൽ (ഉദയത്തിൽ) വരുന്നതാണ്. ചിലപ്പോൾ കോഴിക്കോടും കാസർക്കോടും പോലും ഉദയത്തിൽ വ്യത്യാസപ്പെടും. മറ്റു ചിലപ്പോൾ വലിയൊരു രാജ്യമാണെങ്കിൽ ആ രാജ്യത്തിന്റെ ഒരു ബാഗത്തു ചന്ദ്രപ്പിറവി ഉണ്ടാകുന്നതും. മറ്റു ഭാഗങ്ങളിൽ ഉണ്ടാകുകയുമില്ല.

عن ابن عمر (ر) قال رسول الله (ص) صوموا لرؤيته وافطروا لرؤيته (البخارى ومسلم)

ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: നവചന്ദ്രന്റെ ദർശനം ഉണ്ടായാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുവീൻ. അതിന്റെ ദർശനം ഉണ്ടായാൽ നിങ്ങൾ നോമ്പ് മുറിക്കുവീൻ (ബുഖാരി, മുസ്‌ലിം) ഭൂമിയിൽ എവിടെയെങ്കിലും ദർശനം ഉണ്ടായാൽ അതിനെ അടിസ്ഥാനമാക്കി ഉദയവ്യത്യാസം പരിഗണിക്കാതെ സർവ്വ ജനങ്ങളും നോമ്പും പെരുന്നാളും ആരംഭിക്കണമെന്നാണ് ഈ ഹദീസിന്റെ വിവക്ഷയെന്ന് നാല് മദ്ഹബിന്റെ ഇമാമുകളും അഭിപ്രായപ്പെടുന്നു. പൂർവ്വീകരായ പണ്ഡിതന്മാർ ഹദീസിനെ വ്യാഖ്യാനിച്ചത്

ഈ ആശയത്തിലാണെന്ന് നാം മനസ്സിലാക്കുകയും ചെയ്തു.

وهي حطاب لجميع الأمة فمن رآه منهم فى اي مكان كان ذلك رؤية لجميعهم (الدرارى المضيئة للشوكانى)

ഇത് എല്ലാ സമുദായത്തോടുമുള്ള സംഭാഷണമാണ്. അപ്പോൾ ഏതു സ്ഥലത്തുവെച്ച് മാസപ്പിറവി ദർശിക്കപ്പെട്ടാലും അതു സർവ്വ മുസ്ലിംകൾക്കുമുള്ള ദർശനമാണ് (അദ്ദറാറി:ഇമാം ശൗക്കാനി:1-148)

وجه الاول عموم الخطاب فى قوله صومولرؤيته معلقا بمطلق الرؤية فى قوله الرؤيته وبرؤية قوم يصدق اسم الرؤية فيثبت ما تعلت به من عموم الحكم فيهم الوجوب بخلاف الزوال والغروب فانه لم يثبة تعلق عموم الوجوب (شرح فتح القدير لابن الهمام المتوفي )

ഭൂമിയിൽ എവിടെ ചന്ദ്രപ്പിറവി ദർശിക്കപ്പെട്ടാലും ഉദയവ്യത്യാസം പരിഗണിക്കാതെ എല്ലാവരും നോമ്പും പെരുന്നാളും തുടങ്ങണമെന്ന് പറയുന്ന ഒന്നാമത്തെ അഭിപ്രായം "നിങ്ങൾ അതിന്റെ ദർശനം ഉണ്ടായാൽ നോമ്പനുഷ്ഠിക്കുവീൻ. നോമ്പ് മുറിക്കുകയും ചെയ്യുവീൻ" എന്ന നബിയുടെ വചനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതു പൊതുവായ കല്പനയാണ്. യാതൊരു ഉപാധിയും (ചന്ദ്രന്റെ ഉദയ വ്യത്യാസം, വിദൂര രാജ്യം മുതലായവയെപ്പോലെ) ഇതുമായി ബന്ധപ്പെടുന്നില്ല. ഏതെങ്കിലും ജനത ചന്ദ്രനെ ദർശിച്ചാൽ ചന്ദ്രദർശനം ഉണ്ടായി എന്നത് സ്ഥിരപ്പെടുന്നു. അപ്പോൾ ഈ ഹദീസിൽ പറയുന്ന വിധിയും നിർബ്ബന്ധമായ നിലക്ക് എല്ലാവരുമായും ബന്ധപ്പെടുന്നു. സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റുക, സൂര്യൻ അസ്തമിക്കുക (ളുഹർ, മഗ്‌രിബ് നമസ്കാരം പോലെ) പോലെയല്ല ഈ വിഷയം. കാരണം ഇവയുമായി പൊതുവായിത്തീരുക എന്നത് ബന്ധപ്പെടുന്നില്ല. (ശർഹു ഫതുഹുൽ ഖദീർ: വാല്യം:2 പേജ്:313) അതായത് ജനങ്ങൾ ളുഹർ നമസ്കരിക്കുമ്പോഴാണ് ളുഹർ നമസ്കാരം, ജനങ്ങൾ മഗ്‌രിബ് നമസ്കരിക്കുമ്പോഴാണ് മഗ്‌രിബ് നമസ്കാരം എന്ന് നബി(സ) പ്രസ്താവിച്ചിട്ടില്ല എന്ന് വിവക്ഷ.

ذهب الجمهور الى انه لا عبرة باختلاف المطالع فمتى راى الهلال أهل بلد وجب الصوم على جميع البلاد لقوله الرسول صوموا لرؤيته وافطروا



لرؤيته هو خطاب عام لجميع الأمة فمن راى منهم فى اى مكان كان ذلك رؤية لهم جميعا (فقه السنة)

ചന്ദ്രന്റെ ഉദയ വ്യത്യാസം മാസപ്പിറവി നിർണ്ണയത്തിൽ പരിഗണിക്കേണ്ടതില്ല എന്നാണ് ഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെടുന്നത്. അതിനാൽ ഏതെങ്കിലും നാട്ടുകാർ നവചന്ദ്രനെ കണ്ടാൽ എല്ലാ നാട്ടുകാർക്കും അതു നിർബ്ബന്ധമായി. നിങ്ങൾ നവചന്ദ്രനെ കണ്ടാൽ നോമ്പനുഷ്ഠിക്കുകയും മുറിക്കുകയും ചെയ്യുവീൻ എന്ന നബിവചനത്തിന്റെ അടിസ്ഥാനത്തിൽ ഇതു സമുദായത്തോടു പൊതുവായ നിലക്കുള്ളതാണ്. അതിനാൽ ഏതു സ്ഥലത്തുവെച്ച് നവ ചന്ദ്രനെ ദർശിച്ചാലും അതു എല്ലാവർക്കുമുള്ള ദർശനമാണ്. ഇപ്രകാരമാണ് ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നത് (ഫിഖ്ഹുസ്സുന്ന: 2-436)

وهو خطاب لجميع الأمة فمن رأى منهم فى اى مكان كان ذلك رؤية لجميعهم (لروضة الندية)

ഇതു എല്ലാ സമുദായത്തോടുമുള്ള കല്പനയാണ്. അതിനാൽ അവരിൽ ഒരാൾ ഏത് സ്ഥലത്ത് വെച്ച് ചന്ദ്രനെ ദർശിച്ചാലും അതു എല്ലാവർക്കുമുള്ള ദർശനമായി (റൗളതുൽ നദിയ്യ: 1-331). ഇതു ഉദയ വ്യത്യാസം പരിഗണിക്കാതെ എല്ലാ സമൂഹത്തോടുമുള്ള കല്പനയാണെന്ന് ഇബ്നു തൈമിയ്യ: (റ) പ്രഖ്യാപിച്ചത് നാം ഉദ്ധരിക്കുകയുണ്ടായി (മജ്മൂഅ് ഫതാവാ: 25-107)

عن ابى عمير عن عمومة له من الصحابة: ان ركبا جاءوا فشهدوا انهم رأوا الهلال بالأمس فامرهم النبى (ص) ان يفطروا واذا اصبحوا ان يغدوا الى مصلاهم ( احمد وابو داود واسنده صحيح والنسائى وابن ماجه وصححه ابن جرير وابن المنذر وابن السكن وابن حزم)

അബൂ ഉമൈർ(റ) നിവേദനം: ഒരു ഒട്ടസംഘം നബി(സ)യുടെ അടുത്തുവന്നു. ഇന്നലെ ഞങ്ങൾ ചന്ദ്രനെ കണ്ടുവെന്ന് പറഞ്ഞു. അപ്പോൾ നബി(സ) ജനങ്ങളോട് നോമ്പ് മുറിക്കുവാൻ കൽപിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ നമസ്കാര സ്ഥലത്തേക്ക് പുറപ്പെടുവാനും (അഹ്മ

ദ്, അബൂദാവൂദ്, ഇബ്നുമാജ. അന്നസ്സാഈ) ഇബബ്നു മാജ:യുടെ നിവേദത്തിൽ (ابن ماجة) فجاء ركب من آخر النهار (പകലിന്റെ അവസാനം ഒട്ടസംഘം വന്നു) എന്ന് പറയുന്നു. നബി(സ) ഇവരോട് ദൂരം അന്വേഷിച്ചില്ല. അന്വേഷിക്കാതെ തന്നെ നോമ്പ് മുറിക്കുവാൻ കല്പിക്കുകയാണ്. ദൂരസ്ഥലത്തുനിന്ന് വരുന്ന വാഹന സംഘമായിട്ടും. നബി(സ) ദൂരസ്ഥലത്തുനിന്ന് വരുന്ന വാഹന സംഘമായിട്ടും. നബി(സ) ദൂരപരിധി അന്വേഷിച്ചിരുന്നുവെങ്കിൽ അദ്ദേഹം പ്രവാചകനല്ലെന്ന് തെറ്റിദ്ധരിക്കപ്പെടുമായിരുന്നു. കാരണം ദൂരപരിധിയുടെ അടിസ്ഥാനത്തിൽ ചന്ദ്രന്റെ ഉദയ വ്യത്യാസം തീരുമാനിക്കുവാൻ സാധ്യമല്ല.

عن ابن هريرة (ر) ان النبيّ (ص) قال: الصوم يوم تصومون والفطر يوم يفطرون والأضحى يوم تضحون (الترمذى)

അബൂഹുറൈ(റ) നിവേദനം: നബി(സ) അരുളി: നോമ്പ് നിങ്ങൾ നോമ്പനുഷ്ഠിക്കുമ്പോൾ ആണ്. ചെറിയ പെരുന്നാൾ നിങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുമ്പോൾ ആണ്. ബലിപെരുന്നാൾ നിങ്ങൾ ബലി പെരുന്നാൾ ആഘോഷിക്കുമ്പോഴും (തുർമുദ്ദി)

عن عائشة (ر) قالت قال رسول الله (ص) الفطر يوم يفطر الناس والأضحى يوم يضحى الناس (ابوداود وابن ماجة)

ആയിശ(റ) നിവേദനം: അല്ലാഹുവിന്റെ ദൂതൻ അരുളി: ചെറിയ പെരുന്നാൾ ജനങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുമ്പോൾ ആണ്. ബലി പെരുന്നാൾ ജനങ്ങൾ ബലി പെരുന്നാൾ ആഘോഷിക്കുമ്പോൾ ആയിരിക്കും (അബൂദാവൂദ്, ഇബ്നുമാജ:) എന്നാൽ പ്രവാചകൻ മഗ്‌രിബ് നമസ്കാരം ജനങ്ങൾ മഗ്‌രിബ് നമസ്കരിക്കുമ്പോൾ ആണ്. ളുഹ്ർ നമസ്കാരം നിങ്ങൾ ളുഹ്ർ നമസ്കരിക്കുമ്പോൾ ആണ് എന്നൊന്നും പറയുന്നില്ല. ഇവയിൽ ഒരു സ്ഥലത്തുപോലും ഇസ്‌ലാം ഐക്യം ആഗ്രഹിക്കുന്നില്ല. ഇതുകൊണ്ടാണണ് നമസ്കാരങ്ങൾക്ക് വിശാല സമയങ്ങൾ നിശ്ചയിച്ചത്. രണ്ടാം ജമാഅത്തും മൂന്നാ ജമാഅത്തും മറ്റു അനുവദിക്കുന്നതും. ചന്ദ്രമാസം തുടങ്ങുന്നത് ഇന്ന് മൂന്ന് ദിവസങ്ങളിലായിട്ടാണ്. ഈ വർഷത്തെ ചെറിയ പെരുന്നാൾ തന്നെ മുസ്‌ലിംകൾ ആഘോഷിച്ചത് മൂന്നുദിവസങ്ങളിലായിട്ടാണ് (2004 നവംബർ 13, 14, 15) അപ്പോൾ ഒരു കുട്ടി ജനിച്ചാൽ അവന്റെ ജനനതിയ്യതി ചന്ദ്രമാസം അടിസ്ഥാനമാക്കി മൂന്നു ദിവസങ്ങളിലായി രേഖപ്പെടുത്തേണ്ടിവരും.



എന്തൊരു വിരോധാഭാസം!! ഇതിനെല്ലാം തെളിവുണ്ടാക്കുവാനാണ് ഇന്ന് മതപണ്ഡിതൻമാർ ശ്രമിക്കുന്നതും!

عن ابن قتادة (ر) ان رسول الله سئل عن صوم عرفة فتال يكفر السنة الماضية والباقية (مسلم)

അബൂഖതാദ(റ) നിവേദനം: നബി(സ)യോട് അറഫാ ദിവസത്തെ നോമ്പിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ നബി(സ) അരുളി: കഴിഞ്ഞ ഒരു വർഷത്തെയും വരാനിരിക്കുന്ന ഒരു വർഷത്തെയും ചെറിയ പാപങ്ങൾ അതുമൂലം പ്രായശ്ചിത്തം നല്കപ്പെടും (മുസ്‌ലിം). മൂന്ന് അറഫാദിവസങ്ങൾ ഇസ്‌ലാം വിഭാവനം ചെയ്യുന്നില്ല. സർവ്വ മുസ്‌ലിംകൾക്കും അറഫാ ദിവസം ഒരു ദിവസം തന്നെയായിരിക്കണം.

عن ابى هريرة (ر) قال ان النبى (ص) نهى عن يوم عرفة بعرفة (ابوداود والنسائى وابن ماجة)

അബൂഹുറൈറ(റ) നിവേദനം: തീർച്ചയായും നബി(സ) അറഫാദിവസം അറഫായിൽ വെച്ച് നോമ്പനുഷ്ഠിക്കുന്നത് വിരോധിച്ചിരിക്കുന്നു (അബൂദാവൂദ്, നസ്സാഈ, ഇബ്നുമാജ:) അറഫായുടെ അതിർത്തിയുടെ പുറത്തുള്ള ഭൂമിയുടെ ഏതു ഭാഗത്തുവെച്ച് ആ ദിവസം നോമ്പനുഷ്ഠിക്കുന്നതിനെ നബി(സ) ഇവിടെ വിരോധിക്കുന്നില്ല എന്ന് മാത്രമല്ല ആ ദിവസം തന്നെ നോമ്പനുഷ്ഠിക്കണമെന്നാണ് നബി(സ) നിർദ്ദേശിക്കുന്നത്. ഗൾഫിലെ മുസ്‌ലിംകളുടെയും തെക്കേ ഇന്ത്യയിലെ മുസ്‌ലിംകളുടെയും വടക്കേ ഇന്ത്യയിലെ മുസ്‌ലിംകളുടെയും അറഫാ ദിവസം ഒന്ന് തന്നെയായിരിക്കണം. ഈ ദിവസത്തെ രാപകലുകൾക്ക് വ്യത്യാസം ഉണ്ടാവാം. ദുൽഹിജ്ജ ഒമ്പതിന്റെ പ്രഭാതം മുതൽ അടുത്ത പ്രഭാതംവരെയുള്ള സമയത്തിന്റെ ഉള്ളിൽ അറഫായിൽ നിന്നാൽ മതിയെന്ന് നബി(സ) വ്യക്തമാക്കുകയും ചെയ്യുന്നു.

عن عائشة قالت انما عرفة اليوم الذى يعرفه الناس (مجموع فتاوى ابن تيمية)

ആയിശ(റ) പറയുന്നു: ജനങ്ങൾ അറഫായിൽ നിൽക്കുന്ന ദിവസമാണ് അറഫാ ദിവസം (മജ്മൂഅ്: 25-203)

## കുറൈബിന്റെ സംഭവം മുസ്‌ലിം ഐക്യത്തിന് എതിർ രേഖയോ?!

ഒരു സ്ഥലത്തു ചന്ദ്രപ്പിറവി സ്ഥിരപ്പെട്ടാൽ ആ വിവരം ലഭിക്കുന്നവർക്കെല്ലാം തന്നെ അതിനെ പരിഗണിക്കൽ നിർബ്ബന്ധമില്ലെന്ന് (ഹറാമാണെന്ന് ആരും പറയുന്നില്ല) തെളിവ് പിടിക്കുന്നത് ചിലർ താഴെപറയുന്ന ഒരു ഹദീസ് മാത്രമാണ്. അതിന്റെ യാഥാർത്ഥ്യം ഇനി നമുക്ക് പരിശോധിക്കാം.

عن كريب ان ام الفضل بعثه الى معاوية بالشام قال: فقدمت الشام فقضيت حاجتها واستهل على رمضان وانا بالشام فرأيت الهلال ليلة الجمعة ثم قد مت المدينة فى آخر االشهر فسألنى عبد الله بن عباس ثم ذكر الهلال فقال متى رأيتهم الهلال فقلت رأيناه ليلة الجمعة فقال انت رأيته؟ فقلت: نعم ورآه الناس وصاموا وصام معاوية فقال لاكنا رأيناه ليلة السبت فلا نزل نصوم حتى نكمل ثلاثين اونراه فقلت: اولا تكتفى برؤية معاوية وصيامه فقال لا هكذا امرنا رسول الله (مسلم)

കുറൈബ്(റ) പറയുന്നു:- തീർച്ചയായും ഉമ്മുൽ ഫള്ല്(റ) അദ്ദേഹത്തെ അവരുടെ ചില ആവശ്യങ്ങൾക്ക് വേണ്ടി ശാമിലേക്ക് മുആവിയ്യയുടെ അടുക്കലേക്ക് നിയോഗിച്ചു. കുറൈബ്(റ) പറയുന്നു: അങ്ങിനെ ഞാൻ ശാമിൽ എത്തി. അവരുടെ ആവശ്യം നിർവ്വഹിച്ചു. ഞാൻ ശാമിലായിരിക്കുമ്പോൾ വെള്ളിയാഴ്ച രാത്രി റമദാനിന്റെ നവചന്ദ്രനെ ദർശിച്ചു. ശേഷം ഞാൻ മദീനയിൽ തിരിച്ചെത്തി. മാസത്തിന്റെ അവസാനത്തിലായിക്കൊണ്ടു. അപ്പോൾ ഇബ്നു അബ്ബാസ്(റ) എപ്പോഴാണ് നിങ്ങൾ മാസപ്പിറവി ദർശിച്ചതെന്ന് എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: വെള്ളിയാഴ്ച രാത്രി. നീയും അതിനെ ദർശിച്ചുവോ എന്ന് അദ്ദേഹം വീണ്ടും ചോദിച്ചു. അതേ, ജനങ്ങളും അതിനെ ദർശിച്ചു. മുആവിയ്യ അങ്ങിനെ നോമ്പ് പിടിച്ചു എന്ന് ഞാൻ പ്രത്യുത്തരം നല്കി. അദ്ദേഹം പറഞ്ഞു: എന്നാൽ ഞങ്ങൾ അതിനെ ദർശിച്ചതു ശനിയാഴ്ച രാത്രിയാണ്. ഞങ്ങൾ മുപ്പതു പൂർത്തിയാക്കുകയോ ചന്ദ്രനെ ദർശിക്കുകയോ ചെയ്യുന്നതുവരെ നോമ്പനുഷ്ഠിച്ചുകൊണ്ടിരിക്കും. ഞാൻ



പറഞ്ഞു: മുആവിയ്യ നോമ്പനുഷ്ഠിച്ചതും ദർശിച്ചതും നിങ്ങൾക്ക് മതിയാകുകയില്ലേ? ഇബ്നു അബ്ബാസ്(റ) പറഞ്ഞു, മതിയാകുകയില്ല. ഇപ്രകാരമാണ് നബി(സ) ഞങ്ങളോട് കല്പിച്ചതു (മുസ്‌ലിം). "ചന്ദ്രന്റെ ഉദയ വ്യത്യാസത്തെ പരിഗണിച്ചതുകൊണ്ടാണ് ഇബ്നു അബ്ബാസ് (റ) കുറൈബിന്റെ വർത്തമാനത്തെ അംഗീകരിക്കാതിരുന്നത്. ഇതു നബി(സ) കല്പിച്ചതാണെന്നും അദ്ദേഹം ഉണർത്തുന്നു."

## വിശദീകരണം

1. ശാസ്ത്ര തത്വത്തെക്കുറിച്ചുള്ള അജ്ഞതയാണ് ഹദീസിന്ന് ഇപ്രകാരം ഒരു വ്യാഖ്യാനം നല്കുവാൻ ചില പണ്ഡിതന്മാരെ പ്രേരിപ്പിച്ചത്. ചന്ദ്രന്റെ ഉദയവ്യത്യാസം വിദൂരരാജ്യം, അടുത്തുള്ള രാജ്യം എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുവാൻ ഒരിക്കലും സാധ്യമല്ല. അതുപോലെ ഇന്ന രാജ്യങ്ങളെല്ലാം ഒരേ ഉദയത്തിൽ വരുന്നവയും ഇന്ന രാജ്യങ്ങളെല്ലാം ഒരേ ഉദയത്തിൽ വരാത്തവയും എന്ന് ശാശ്വതമായ നിലക്ക് നിർണ്ണയിക്കുവാനും സാധ്യമല്ല. കേരളവും മക്കയും സൂര്യന്റെ ഉദയത്തിലും അസ്തമനത്തിലും രണ്ടര മണിക്കൂർ വ്യത്യാസമുണ്ടെന്ന് നാം പറയുന്നതുപോലെ, മിക്ക സന്ദർഭത്തിലും കേരളവും മക്കയും ഒരേ മത്ലഇൽ (ഉദയത്തിൽ) വരുന്നതാണ്. ചിലപ്പോൾ കോഴിക്കോടും കാസർക്കോടും തമ്മിൽ പോലും ഉദയത്തിൽ (മത്ലഇൽ) വ്യത്യാസപ്പെടും. കൊല്ലത്തിലും മാസങ്ങളിലും മാറിക്കൊണ്ടിരിക്കുകയും ചെയ്യും. പ്രസ്തുത മാസത്തിൽ ശാമിലെയും മദീനയിലെയും ചന്ദ്രന്റെ ഉദയത്തിൽ വ്യത്യാസമുണ്ടെന്ന് ഇബ്നു അബ്ബാസിന് ഒരിക്കലും ഗ്രഹിക്കുവാൻ സാധ്യമല്ല. ശാസ്ത്രീയ കണക്ക് കൊണ്ട് മാത്രമേ അതു തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. ശാമിന്റെയും മദീനയുടെയും ഇടയിലുള്ള ദൂരവ്യത്യാസം അളന്നുകൊണ്ട് ഒരിക്കലും ചന്ദ്രന്റെ ഉദയവ്യത്യാസം തീരുമാനിക്കുവാൻ സാധ്യമല്ല. ശാഫിഈ മദ്ഹബിലെ തന്നെ ആധുനികരായ ചില പണ്ഡിതന്മാർ ഈ സത്യം മനസ്സിലാക്കിയിട്ടുണ്ട്. ചന്ദ്രന്റെ മത്ലഅ് (ഉദയവ്യത്യാസം) കണക്ക് കൊണ്ടു മാത്രമേ തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് പൂർവ്വീകരായ ശാഫിഈ മദ്ഹബിലെ പണ്ഡിതന്മാരിൽ ചിലർ പ്രഖ്യാപിക്കുന്നതുകാണാം (തുഹ്ഫ:3-381, മൻഹജ്: പേ:119, മുഗ്നി 1-422 നിഹായ:1-156 മഹല്ലി 2-50) വിദൂരരാജ്യം, അടുത്ത രാജ്യം എന്ന പരിഗണനയുടെ അടിസ്ഥാനത്തിൽ ചന്ദ്രന്റെ ഉദയ വ്യത്യാസം ചിലർ എഴുതിയതും അതിന്റെ അടിസ്ഥാനത്തിൽ കുറൈബിന്റെ ഹദീസിനെ വ്യാഖ്യാനിച്ചതും അവർക്ക് പറ്റിയ വിഡ്ഢിത്തമാണ്. മുഹമ്മദ്നബി(സ)യിൽ നിന്ന് മതത്തിന്റെ പ്രശ്നത്തിൽ ഇപ്രകാരം ഒരു വിഡ്ഢിത്തം സംഭവിക്കുമെന്ന്

നമുക്ക് പറയുവാൻ സാധ്യമല്ല.

**2.** ശാമ് (സിറിയ) മദീന:യിൽനിന്ന് ഏകദേശം 1000 (ആയിരം) കിലോ മീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. ചന്ദ്രന്റെ ഉദയത്തിലുള്ള വ്യത്യാസത്തെ പരിഗണിച്ചതുകൊണ്ടാണ് ഇബ്നുഅബ്ബാസ്(റ) ഇപ്രകാരം പറഞ്ഞതെന്ന് വ്യാഖ്യാനിക്കുന്നവർ ഒരു സ്ഥലത്തു മാസപ്പിറവി കണ്ടാൽ 1000 കിലോ മീറ്റർ ദൂരത്തിന്റെ ഇടയിൽ ഉള്ളവർക്ക് മാത്രമേ അത് നിർബ്ബന്ധമാവുകയുള്ളൂവെന്ന് പറയുമോ? ഈ ദൂരത്തിന്റെ ഇടയിൽ എല്ലാ മാസവും ചന്ദ്രന്റെ ഉദയത്തിൽ രാജ്യങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാകുമെന്ന് വാദിക്കൽ തനിച്ച അജ്ഞതയാണ്. സഊദിഅറേബ്യയിൽ 1000ത്തിൽ അധികം കിലോമീറ്റർ അകലെയുള്ള സ്ഥലങ്ങൾ ഉണ്ട്. എന്നിട്ടും എന്തുകൊണ്ട് അവിടെ രണ്ട് ദിവസങ്ങളിലായി നോമ്പും പെരുന്നാളും ആരംഭിക്കുന്നില്ല? അവർ ചെയ്യുന്നത് ഹദീസിനെ ധിക്കരിക്കലാണോ? ഇവിടത്തെ സലഫികൾ എന്തുകൊണ്ട് അവിടെ രണ്ട് ദിവസങ്ങളിലായി ആരംഭിക്കുവാൻ ഉപദേശിക്കുന്നില്ല?

**3.** (എ): ഇമാം ശൗക്കാനി(റ) തന്റെ നൈലുൽ ഔത്വാറിൽ ഈ ഹദീസിനെ പണ്ഡിതോചിതം ദീർഘമായി വ്യാഖ്യാനിക്കുന്നുണ്ട്. ഏതൊരു പണ്ഡിതനും പരിപൂർണ്ണമായ സംതൃപ്തി ഈ വ്യാഖ്യാനം കൊണ്ട് ലഭിക്കുന്നതാണ്. അതിലെ ഒരു പ്രധാന മറുപടി ഇപ്രകാരമാണ്. നബി(സ) ഞങ്ങളോട് കല്പിച്ചത് എന്ന് ഇബ്നു അബ്ബാസ്(റ) പറഞ്ഞത് "മാസം ദർശിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുകയും നോമ്പ് മുറിക്കുകയും ചെയ്യുക. അല്ലെങ്കിൽ മുപ്പത് പൂർത്തിയാക്കുക" എന്ന നിർദ്ദേശമാണ്. ചന്ദ്രന്റെ ഉദയത്തെ ദൂരം നോക്കി വ്യത്യാസം കല്പിക്കണമെന്നതല്ല. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നുമല്ല. "മാസം ദർശിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക"...... എന്ന നബിയുടെ പ്രസ്താവന ഓരോ പ്രദേശത്തുകാർക്കും പ്രത്യേകമായതാണെന്ന് ഇബ്നു അബ്ബാസ് (റ) സ്വയം ഗവേഷണം ചെയ്തതാണ്. നബിയുടെ പ്രസ്താവനയല്ല (നൈലുൽ ഔത്വാർ: 4-268)

(ബി): ഇമാം ശൗക്കാനി(റ) തന്റെ അദ്ദറാറിഃ എന്ന ഗ്രന്ഥത്തിലും പണ്ഡിതോചിതമായി ഈ ഹദീസിന് മറുപടി നല്കുന്നതുകാണാം. അദ്ദേഹം പറയുന്നു:

و اما إستدلال من استدل بحديث كريب عند مسلم و غيره انه استهل·· الحديث لأنه لم يصرج)ابن عباس بأن النبى امرهم بأن لا يعملوا برؤية غيرهم من اهل الأقطار بل اراد ابن عباس انه امرهم



باكمال الثلاثين او يروه ظنامنه ان المراد بالرؤية رؤية اهل المحل· وهذا خطأ فى الإستدلال أوقع الناس فى الخطاب والخلط حتى تفرقوا فى ذلك ثمانية مذاهب (الدرارى : للشوكانى)

കുറൈബിൽ നിന്ന് ഇമാം മുസ്ലിമും മറ്റും ഉദ്ധരിക്കുന്ന ഹദീസിനെ ചിലർ തെളിവ് പിടിക്കുന്നതു ശരിയല്ല. കാരണണം ഒരു നാട്ടിൽ നവചന്ദ്രനെ ദർശിച്ച വിവരം മറ്റുള്ളവർ അറിഞ്ഞാൽ അതു അംഗീകരിക്കുവാൻ പാടില്ലെന്ന് നബി(സ) പറഞ്ഞതായി ഇബ്നുഅബ്ബാസ്(റ) വ്യക്തമാകുന്നില്ല. എന്നാൽ ഇബ്നു അബ്ബാസ്(റ) ഉദ്ദേശിച്ചത് മുപ്പത് പൂർത്തിയാക്കുക അല്ലെങ്കിൽ നവചന്ദ്രനെ കാണുക എന്ന നബിയുടെ കല്പനയെയാണ്. ഇതു ഓരോ പ്രദേശത്തെ ഉദ്ദേശിച്ചാണ് നബിപറഞ്ഞതെന്ന് ഇബ്നു അബ്ബാസ്(റ) ഊഹിച്ചതു മാത്രമാണ്. ഇതു തെളിവ് പിടിക്കുന്നതിൽ സംഭവിച്ച പിഴവാണ്. ജനങ്ങൾ ഈ സത്യം മനസ്സിലാക്കാതെ വിഡ്ഢിത്തത്തിലും പിഴവിലും പതിച്ചു. അങ്ങിനെ എട്ടിൽപരം അഭിപ്രായങ്ങളിലേക്ക് അവർ ഈ പ്രശ്നത്തിൽ ഭിന്നിച്ചു പോയി (അദ്ദറാറീ:1-143,144)

(സി): പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇമാം ബൈഹഖി(റ) കുറൈബിന്റെ ഹദീസ് ഉദ്ധരിച്ച ശേഷം അദ്ദേഹം തന്നെ ഹദീസിനെ വ്യാഖ്യാദിക്കുന്നത് കാണുക. സാധാരണയായി അദ്ദേഹം ഹദീസ് ഉദ്ധരിക്കുക മാത്രമാണ് ചെയ്യാറുള്ളത്. എന്നാൽ ഇവിടെ മനുഷ്യർ വിഡ്ഢിത്തത്തിൽ വീഴാതിരിക്കുവാൻ അദ്ദേഹം തന്നെ വ്യാഖ്യാനം എഴുതുന്നു:

ويحتمل ان يكون ابن عباس اراد ما روي عنه فى قصة اخرى ان النبى امده لرؤيته اوتكمل العدة ولم يثبت عنده رؤيته ببلد آخر بشهادة رجلين حتى تكمل العدة على رؤيته لإنفراد كريب بهذا الخبر فلم يقبله (السنين الكبرى للبهى)

ഇബ്നു അബ്ബാസ്(റ) ഇപ്രകാരമാണ് നബി(സ) ഞങ്ങളോട് കല്പിച്ചത് എന്നതിന്റെ വിവക്ഷ അദ്ദേഹത്തിൽനിന്ന് തന്നെ മറ്റൊരു സംഭവത്തിൽ ഉദ്ധരിക്കുന്നതാവാൻ സാധ്യതയുണ്ട്. നബി(സ) പറഞ്ഞു:- ചന്ദ്രൻ ദർശിക്കൽ കൊണ്ട് അല്ലെങ്കിൽ എണ്ണം പൂർത്തിയാക്കൽകൊണ്ട് അല്ലാഹു സഹായിച്ചിരിക്കുന്നു. രണ്ട് സാക്ഷികൾ മുഖേന മറ്റൊരു നാട്ടിൽവെച്ച് മാസപ്പിറവിയെ

ദർശിച്ചത് ഇബ്നു അബ്ബാസിന്റെ അടുത്തു സ്ഥിരപ്പെട്ടിട്ടില്ല. കുറൈബ് മാത്രമാണ് ഇതു അദ്ദേഹത്തോട് പറയുന്നത്. ഇതുകൊണ്ടാമ് ഇബ്നുഅബ്ബാസ്(റ) ആ വാർത്ത സ്വീകരിക്കാതിരുന്നത് (സുനനുൽ കുബ്റാലിൽ ബൈഹഖി:4-251) ശാഫിഈ മദ്ഹബിലെ തന്നെ പ്രസിദ്ധ ഹദീസ് പണ്ഡിതനാണ്. ഇമാം ബൈഹഖി(റ).

(ഡി): ഹനഫീ മദ്ഹബിലെ പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇമാം സെയ്ലഈ (മരണം:ഹി:762) തന്റെ പ്രസിദ്ധ ഹദീസ് ഗ്രന്ഥമായ നസ്ബുറായ്യ:യിൽ എഴുതുന്നു.

هو حجة على المذهب لاكن قال البيهقي رحمه الله فى المعرفة يحتمل ان يكون ابن عباس انما قال ذلك لانفراد كريب بهذا الخبر وجعل طريقة طريق الشهادات فلم يقبل فيه قول الواحد ويحتمل ان يكون قوله هذا امرنا رسول الله اعتبارا بقوله عليه السلام فان غم عليكم فأكملو العدة ويكون ذالك قوله لا فتوى من جهة اخذ ابهذا الخبر انتهى وأجاب صاحب التنقيح فقال انما معناه انهم لا ينظرون بقول كريب وحده وبه نقول وإنما محل الخلاف وهذا الجواب هو جواب الأول للبيهقى وهو بناء على من مذهبهما فى عدم قبول الواحد هلال رمضان والله اعلم (نصب الراية)

കുറൈബിന്റെ ഹദീസ് ഭൂമിയിൽ എവിടെയെങ്കിലും മാസപ്പിറവി ദർശിക്കപ്പെട്ടാൽ അതു മറ്റുള്ളവർക്ക് അനിവാര്യമാണെന്ന ഹനഫി മദ്ഹബിന്റെ അഭിപ്രായത്തിന് എതിരാണെന്ന് തോന്നും. എന്നാൽ ഇമാം ബൈഹഖി(റ) തന്റെ "മഅ്രിഫ" എന്ന ഗ്രന്ഥത്തിൽ ഈ ഹദീസിന്ന് ഇപ്രകാരം മറുപടി പറയുന്നു: ഇബ്നുഅബ്ബാസ്(റ) ഈ വാർത്തയെ അംഗീകരിക്കാതിരുന്നത് കുറൈബ് ഏകനായിക്കൊണ്ട് ഇതു ഉദ്ധരിച്ചതുകൊണ്ടാണ്. സാക്ഷിത്വത്തിന്റെ സ്ഥാനത്ത് അദ്ദേഹം ഇതിനെ അവതരിപ്പിച്ചു. സാക്ഷിത്വത്തിൽ ഒരാൾ പറഞ്ഞാൽ സ്വീകരിക്കപ്പെടുകയില്ല. പുറമേ ഇപ്രകാരമാണ് നബി(സ) കല്പിച്ചതെന്ന അദ്ദേഹത്തിന്റെ പ്രസ്താവന ആകാശം മേഘാവൃതമായാൽ നിങ്ങൾ മുപ്പതു പൂർത്തിയാക്കുക എന്ന നബിവചനത്തെ ഉദ്ദേശിച്ചുകൊണ്ടാണ്. ഈ ഹദീസിൽനിന്ന് ഓരോ പ്രദേശത്തുകാർക്കും പ്രത്യേകം മാസപ്പിറവി ദർശിക്കുമെന്നതു അദ്ദേഹത്തിന്റെ സ്വന്തം ഗവേഷണമാണ്.



നബി(സ) പറഞ്ഞതല്ല. ഇതിനും സാധ്യതയുണ്ട്. തൻഖീഹിന്റെ ഗ്രന്ഥകർത്താവ് കുറൈബിന്റെ ഹദീസിന്ന് ഇപ്രകാരം മറുപടി പറയുന്നു: കുറൈബിന്റെ മാത്രം വാക്കിനെ അടിസ്ഥാനമാക്കി ഞങ്ങൾ നോമ്പ് മുറിക്കുകയില്ല എന്നാണ് ഇബ്നു അബ്ബാസ്(റ) പറഞ്ഞത്. ഈ അഭിപ്രായമാണ് നാം പറയുന്നത്. നമ്മുടെ തർക്കം ഒരു രാജ്യത്തു മാസപ്പിറവി ഉണ്ടായി. ഈ വിവര വിദൂര രാജ്യത്ത് ഉള്ളവർക്ക് പിന്നീട് മനസ്സിലായാൽ ആ നോമ്പ് അവർ നോറ്റ് വീടേണ്ടതുണ്ടോ എന്നതാണ്. കുറൈബിന്റെ ഹദീസിൽ ഇതിനെ സംബന്ധിച്ച് യാതൊന്നും പ്രസ്താവിക്കുന്നില്ല. ഈ മറുപടി ബൈഹഖിന്റെ മറുപടിക്കുള്ളതാണ്. റമദാനിന്റെ മാസപ്പിറവി സ്വീകരിക്കുവാൻ ഒരാൾ മതിയാവുകയില്ല എന്ന അഭിപ്രായത്തിന്മേൽ ഈ മറുപടി നിർമ്മിക്കപ്പെടുന്നു. (നസ്ബുൽറായ്യ: 2-471)

(ഇ): ഇമാം നവവി(റ) ഉദ്ധരിക്കുന്നു:

وقال بعض اصحابنا تعم الرؤية فى موضع جميع أهل الأرض فعلى هذا نقول : انما لم يعمل ابن عباس بخير كريب لانه شهادة فلا تثبت بواحد (شرح مسلم)

നമ്മുടെ ചില അനുയായികൾ പറയുന്നു: ഒരു സ്ഥലത്തു മാസപ്പിറവി ദർശിക്കപ്പെട്ടാൽ ഭൂമിയിലെ സർവ്വ ജനങ്ങൾക്കും അതു വ്യാപകമായ നിലക്ക് ബാധകമാണ്. ഇതാണ് നാം പറയുന്നത്. തീർച്ചയായും ഇബ്നുഅബ്ബാസ്(റ) കുറൈബിന്റെ വാർത്ത സ്വീകരിക്കാതിരിക്കുന്നത് ഇതിനു സാക്ഷിത്വമാണ്. സാക്ഷിത്വം ഒരാൾ മൂലം സ്ഥിരപ്പെടുകയില്ല (ശർഹുമുസ്ലിം: 4-212)

(എഫ്): ഇബ്നു ഖുതാമ(റ) എഴുതുന്നു:

فأما حديث كريب فانما دل على انهم لا يفطرون بقول كريب وحده ونحن نقول به وانما محل الخلاف وجوب قضاء اليوم الاول وليس هو فى الحديث (المغنى لابن قدامة)

കുറൈബിന്റെ ഹദീസ് അറിയിക്കുന്നത് അവർ അദ്ദേഹത്തിന്റെ വാക്കിനെ മാത്രം അവലംബമാക്കിക്കൊണ്ടു നോമ്പ് മുറിച്ചില്ല എന്നതാണ്. നാമും ഇപ്രകാരം പറയുന്നു. തർക്കവിഷയം ആദ്യത്തെ ദിവസത്തെ നോമ്പ് അവർ നോറ്റ് വീട്ടിയോ എന്നതാണ്. ഹദീസിൽ ഇതിനെ സംബന്ധിച്ച് പറയുന്നില്ല (മുഗ്നി: 3-5) ഈ പണ്ഡിതന്മാരുടെ കാലത്ത് ഭൂമിയിൽ എവിടെയെങ്കിലും ചന്ദ്രപ്പി

റവി ഉണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ അവർ നോമ്പും പെരുന്നാളും തുടങ്ങിയത് ആ സമയത്തു തന്നെ മനസ്സിലാക്കുവാനുള്ള മാധ്യമങ്ങൾ ഉണ്ടായിരുന്നില്ല. കുറൈബിന്റെ ഹദീസിൽ നാം കണ്ടതുപോലെ ദിവസങ്ങൾക്ക് ശേഷമായിരിക്കും ഈ വിവരം അറിയുക. ഇതുകൊണ്ടാണ് നോറ്റ് വീട്ടുന്ന പ്രശ്നം (ഖളാഅ്ന്റെ പ്രശ്നം) അവർ പറയുന്നത്. ഇന്നത്തെ ശാസ്ത്രീയമായ കണക്കും അന്ന് ഉണ്ടായിരുന്നില്ല.

واما استدلال من استدلال بحديث كريب لانه لم يصرح ابن عباس بان النبى أمرهم بان لا يعملوا برؤية غيرهم من اهل الأقطار بل أراد ابن عباس انه أمرهم بإكمال الثلاثين او يره ظنامنه ان المراد بالرؤية رؤية اهل المحل وهذا خطأ فى الإستدلال اوقع الناس فى الخبطا والغلط (الروضة الندية)

(ജി): എന്നാൽ കുറൈബിന്റെ ഹദീസിനെ തെളിവ് പിടിക്കൽ (ശരിയല്ല) കാരണം തീർച്ചയായും ഇബ്നുഅബ്ബാസ് (റ) നബി(സ) അവരോട് വല്ല ഭൂഖണ്ഡത്തിലും നവചന്ദ്രൻ കാണപ്പെട്ടാൽ മറ്റുള്ള ഭൂഖണ്ഡങ്ങളിൽ ഉള്ളവർക്ക് അതു നിർബ്ബന്ധമല്ലെന്ന് പറഞ്ഞതായി വ്യക്തമാക്കുന്നില്ല. എന്നാൽ നബി(സ) ഇപ്രകാരമാണ് ഞങ്ങളോട് കല്പിച്ചതെന്ന് ഇബ്നുഅബ്ബാസ് പറഞ്ഞതിന്റെ ഉദ്ദേശ്യം മുപ്പതു പൂർത്തിയാക്കുവാൻ നബി കല്പിച്ചതിനെയാണ്. അല്ലെങ്കിൽ മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക എന്ന് നബി(സ) പറഞ്ഞത് ഓരോ പ്രദേശത്തുകാരോടാണെന്ന് അദ്ദേഹം തെറ്റിദ്ധരിച്ചതാണ്. ഇതു തെളിവ് കണ്ടെത്തുന്നതിൽ സംഭവിക്കുന്ന പിഴവാണ്. ജനങ്ങളെ ഇത് അന്ധതയിലും പിഴവിലും വീഴ്ത്തിക്കളഞ്ഞു. (റൗളതുന്നദിയ്യ: 1-331)

وقال الكبا الطبري : قوله هكذا امرنا رسولاالله (ص) يحتمل ان تكون تأول فيه قول رسول الله صوموا لرؤيته وافطروا لرؤيته (القرطبى)

(എച്ച്): ത്വബ്രി(റ) പറയുന്നു: അല്ലാഹുവിന്റെ ദൂതൻ ഞങ്ങളോട് ഇപ്രകാരമാണ് പറഞ്ഞതെന്ന് ഇബ്നുഅബ്ബാസ്(റ) പറഞ്ഞതിന്റെ ഉദ്ദേശ്യം അദ്ദേഹം "നിങ്ങൾ മാസപ്പിറവി ദർശിച്ചാൽ നോമ്പനുഷ്ഠിക്കുകയും മുറിക്കുകയും ചെയ്യുവിൻ" എന്ന നബിയുടെ വചനത്തെ വ്യാഖ്യാനിച്ചതാവാൻ



സാധ്യതയുണ്ട്. (ഖുർതുബി: 2-292) ഇബ്നു അർബി(റ) തുർമുദ്ദിയുടെ വ്യാഖ്യാന ഗ്രന്ഥത്തിൽ എഴുതുന്നു:

فانه يحتمل ان يكون ابن عباس ترك العمل به لانه لم يخبربه إلا بواحد (عارضة الاحوذى لابن العربى)

(ഐ): കുറൈബിന്റെ പ്രസ്താവനകൊണ്ട് ഇബബ്നു അബ്ബാസ് (റ) പ്രവർത്തിക്കാതിരുന്നത് ഒരാൾ മാത്രമായി ഈ വർത്തമാനം അദ്ദേഹത്തോട് പറഞ്ഞതാവാൻ സാധ്യതയുണ്ട്. (ആരിളതുൽ അഹ്‌വദി: 3-211) ഇമാം സിന്തി(റ) പറയുന്നു:

وقول هكذا امرنا رسول الله (ص) يحتمل ان المرادبه انه أمرنا ان لا نقبل شهادة الواحد فى حق الإفطار فلا يستقيم الإستدلال اذا الإحتمال يفسد الإستدلال (شرح للنسائى للسندى)

(ജെ): ഇപ്രകാരമാണ് നബി(സ) ഞങ്ങളോട് കല്പിച്ചതെന്ന് ഇബ്നു അബ്ബാസ്(റ) പറഞ്ഞതു നോമ്പ് മുറിക്കുന്ന വിഷയത്തിൽ ഒരാളുടെ സാക്ഷിത്വം സ്വീകരിക്കുവാൻ പാടില്ലെന്ന് നബി ഞങ്ങളോട് കല്പിച്ചിട്ടുണ്ടെന്ന് ഉദ്ദേശിക്കപ്പെടുവാൻ സാധ്യതയുണ്ട്. അതിനാൽ ഈ ഹദീസ് തെളിവ് പിടിക്കുവാൻ പറ്റുകയില്ല. കാരണം സാധ്യതകൾ ഉണ്ടായാൽ തെളിവ് പിടിക്കുന്നതിനെ ഇല്ലാതാക്കുന്നതാണ് (ശർഹുൽ ന്നസ്സാഇൗ: 4-132)

# കണക്കും ചന്ദ്രമാസ നിർണയവും നബിചര്യയിൽ

മാസം ഇങ്ങിനേയും അങ്ങിനെയും വരും. ചിലപ്പോൾ ഇരുപത്തൊമ്പതും ചിലപ്പോൾ മുപ്പത് ദിവസങ്ങളുമുണ്ടായിരിക്കും (ബുഖാരി : ഹ:നമ്പർ:1913) ഈ ഹദീസിൽ തിരുമേനി(സ) കണണക്കിനെ വിരോധിക്കുകയോ നിരുൽസാഹപ്പെടുത്തുകയോ ചെയ്യുന്നില്ല. ഉണ്ടെന്ന് പറയുന്നവർ എഴുത്തിനേയും ഇസ്ലാം വിരോധിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് വാദിക്കേണ്ടി വരും. ഈ വാദം ഖുർആൻ നിഷേധമാണ്. യഥാർത്ഥത്തിൽ കണക്കിന്റെയും എഴുത്തിന്റെയും പ്രാധാന്യത്തേയും അതിന്റെ കഴിവിനെയും നബി(സ) ഇവിടെ അംഗീകരിക്കുകയാണണ് ചെയ്തിട്ടുള്ളത്. നാം അക്ഷരജ്ഞാനമില്ലാത്ത ജനതയായത് കൊണ്ട് നമുക്ക് കണക്ക് അറിയുകയില്ല. അതിനാൽ ചന്ദ്രമാസം 29ഉം ചിലപ്പോൾ 30ഉം ഉണ്ടാവുമെന്ന് നിങ്ങൾ മനസ്സിലാക്കുക. എന്നാൽ കണക്ക് അറിയാത്ത ജനതയായതുകൊണ്ട് മാസം 29 ആണോ 30 ആണോ എന്ന് നിർണയിക്കുവാൻ കാഴ്ചയെ തൽക്കാലം അവലംബമാക്കി കൊള്ളുക. ഇത് മാത്രമാണ് പ്രവാചകൻ ഇവിടെ വിവക്ഷിക്കുന്നത്. ഏതൊരു സ്വതന്ത്ര ബുദ്ധിയും ഈ സംഗതി അംഗീകരിക്കുന്നതാണ്. ഉറക്കം അഭിനയിക്കുന്നവരെ നമുക്ക് വിളിച്ചുണർത്തുവാൻ സാധ്യമല്ല.

നാം എന്നത് കൊണ്ട് പ്രവാചകൻ ഉദ്ദേശിച്ചത് അന്ത്യദിനം വരെയുള്ള സർവ്വ മുസ്ലിംകളെയുമല്ല പ്രത്യുത ഖുർആന്റെ അവതരണ കാലത്തു നബിക്ക് അഭിമുഖീകരിക്കേണ്ടി വന്ന സമൂഹത്തെയാണ്. കാരണം മുഹമ്മദ് നബിയെ അല്ലാഹു നിയോഗിച്ച് പരിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടത് മുസ്ലിം സമൂഹം എക്കാലവും ഉമ്മിയായ സമുദായമായി നിലകൊള്ളുവാൻ വേണ്ടിയല്ല. കണക്കും എഴുത്തും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത സമൂഹമായി എക്കാലവും അവശേഷിക്കുവാൻ വേണ്ടിയുമല്ല. ഇവയിൽ നിന്നെല്ലാം മുസ്ലിം സമൂഹത്തെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുവാനാണ്. "കണക്കുകൾ നിങ്ങൾ പഠിക്കണം" എന്ന് പരിശുദ്ധ ഖുർആൻ നിർദ്ദേശിച്ചത് മുസ്ലിം സമൂഹത്തിന് വ്യക്തിബാധ്യതയല്ലെങ്കിൽ സാമൂഹ്യബാധ്യതയാണ്.



സാമൂഹ്യബാധ്യതയുമല്ലെന്ന് ഖുർആനിനെ ആദരിക്കുന്നവർക്ക് പറയുവാൻ സാധ്യമല്ല. വിജ്ഞാനം കരസ്ഥമാക്കൽ ഓരോ സത്യവിശ്വാസിയുടെയും ബാധ്യതയാണെന്ന് പ്രവാചകൻ പ്രസ്താവിച്ച നിലക്കും. ഇതു ഫിഖ്ഹ് പ്രശ്നങ്ങളിൽ മാത്രം പരിമിതമല്ലതാനും. നബിയുടെയും സഹാബിവര്യന്മാരുടെയും കാലത്ത് രംഗപ്രവേശനം ചെയ്തിട്ടില്ലാത്ത പല വിജ്ഞാനശാഖകളും ഇന്നുണ്ട്. ഈ വിജ്ഞാന ശാഖകളെയെല്ലാം പ്രവാചകൻ അവഗണിച്ചതാണെന്ന് നാം ഒരിക്കലും വാദിക്കുവാൻ പാടില്ല. പല സംഗതികളും പിൻകാലത്തെ മുസ്ലിംകളുടെ ബാധ്യതയായി പ്രവാചകൻ ഉപേക്ഷിച്ചിടുകയുണ്ടായി. ബുദ്ധിപരമായ മനുഷ്യന്റെ വളർച്ചയെ പരിഗണിച്ചും കൊണ്ടാണ് അവിടുന്നു ഇപ്രകാരം ചെയ്തിട്ടുള്ളത്. അമ്പും വില്ലും കുന്തവും പ്രയോഗിക്കുവാനുള്ള വിജ്ഞാനം കരസ്ഥമാക്കലായിരുന്നു മുസ്ലിം സമൂഹത്തിന്റെ പൊതു ബാധ്യതയായി നബി(സ) നിർദ്ദേശിച്ചിരുന്നത്. ഹദീസുകളിൽ അമ്പെയ്ത്തും കുതിരയെ ഓടിക്കുവാനും മാത്രമാണ് കല്പിക്കുന്നതു (ബുഖാരി) തോക്കും പീരങ്കിയും മിസൈലും ഉപയോഗിക്കുവാനും ബോംബ് വർഷിക്കാനുമുള്ള വിജ്ഞാനം കരസ്ഥമാക്കുവാനും വിമാനം പറപ്പിക്കുവാനുമുള്ള വിജ്ഞാനവും നബിചര്യയിൽ കാണുകയില്ല. എന്നാൽ ഇന്ന് മുസ്ലിംകളുടെ പൊതു ബാധ്യത എന്താണ്? സ്വയം ചിന്തിച്ച് സത്യം ഗ്രഹിക്കുക. അപ്പോൾ 29ന്റെ അന്ന് മാസപ്പിറവി ഗ്രഹിക്കുവാൻ വേണ്ടി മാനത്തിലേക്ക് നോക്കൽ പ്രവാചകൻ സാമൂഹ്യ ബാധ്യതയായി ഒരു കാലഘട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇന്നും അതുതന്നെയാണ് നമ്മുടെ സാമൂഹ്യബാധ്യത എന്ന് പറയാൻ പറ്റുമോ? കണക്കിലൂടെ സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പ് തന്നെ ചന്ദ്രൻ അസ്തമിക്കുമെന്ന് ബോധ്യമായാൽ ആകാശത്തിലേക്ക് നോക്കേണ്ടതില്ലെന്ന് ഹിലാൽ കമ്മിറ്റി പറയുന്നു. ഹദീസിന്റെ ബാഹ്യം പിടിക്കുകയാണെങ്കിൽ ഈ സന്ദർഭത്തിലും ആകാശത്തേക്ക് 29ന്റെ ദിവസം നോക്കേണ്ടിവരും. കാരണം നബി(സ) തള്ളാൻ കണക്ക് ഉപയോഗിക്കാം. കൊള്ളാൻ കണക്ക് ഉപയോഗിക്കുവാൻ പാടില്ലെന്ന് ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. പ്രസ്താവിക്കുകയുമില്ല. ഇതുപോലെ റമദാൻ മാസം മുഴുവൻ നോമ്പ് മുറിക്കുവാൻ കണക്കിനെ ഉപയോഗിക്കാം. എന്നാൽ നോമ്പും പെരുന്നാളും ചന്ദ്രമാസവും തീരുമാനിക്കുവാൻ കണക്ക് ഉപയോഗിക്കുവാൻ പാടില്ലെന്നും നബി(സ) പ്രസ്താവിച്ചിട്ടില്ല. സൂര്യൻ അസ്തമിക്കുന്നതിന് മുമ്പ് അസ്തമിച്ചുപോയ ചന്ദ്രനെ കണ്ടുപിടിക്കുവാൻ വേണ്ടി ആകാശത്തേക്ക് നോക്കൽ പൊതു ബാധ്യതയായി പ്രസ്താവിക്കുന്ന ഖാസിമാരെക്കുറിച്ചും ചന്ദ്രൻ സൂര്യാസ്തമനത്തിന് ശേഷം ഇത്ര മിനുട്ടു ആകാശത്തിൽ ഉണ്ടെന്നും അങ്ങനെ പുതിയ മാസം ആരംഭിച്ചിട്ടുണ്ടെന്നും ഉറപ്പായ അറിവ് ലഭിച്ചിട്ടും

കണ്ടാൽ അറിയിക്കണമെന്ന് പരസ്യം നല്കി അങ്ങിനെ മികച്ച ഊഹം ഉണ്ടായില്ലെന്ന കാരണത്താൽ സുദൃഢവും ഉറച്ചതുമായ അറിവിനെ ഉപേക്ഷിച്ച പുതിയ മാസത്തെ പഴയ മാസമായി മാറ്റിമറിക്കുകയും ചെയ്യുന്നവരെ (അതായത് റമദാൻ മാസത്തെ ശഅ്ബാൻ മാസമായും ശവ്വാൽ മാസത്തെ റമദാൻ മാസമായും ദുൽഹിജ്ജ മാസത്തെ ദുൽഖഅ്ദ് മാസമായും മാറ്റിമറിക്കൽ) സംബന്ധിച്ചും സഹതപിക്കുകയല്ലാതെ വയ്യ. നബിയോ സഹാബിവര്യന്മാരൊ ഒരിക്കലും ഇപ്രകാരം ചെയ്തിട്ടില്ല. അവർ 29ന്റെ ദിവസം ആകാശത്തേക്ക് നോക്കുമ്പോൾ നവചന്ദ്രന്റെ ഉദയത്തെക്കുറിച്ച് യാതൊരു അറിവും അവർക്കില്ല. ഉറപ്പായ അറിവിനെ അവർ ഉപേക്ഷിച്ചുകൊണ്ട് നോക്കുന്നില്ല. മാസപ്പിറവി ദർശിക്കാത്തതിനാൽ ഉറപ്പായ അറിവിനെ ഉപേക്ഷിക്കുന്നുമില്ല. മാസപ്പിറവി തീരുമാനിക്കുവാൻ കണക്കിനെ അവലംബിക്കുവാൻ പാടില്ലെന്ന് പറയുന്നവർ തന്നെ കണക്കാണ് ഉറപ്പായ അറിവെന്ന് സമ്മതിക്കുകയും ചെയ്യുന്നു.

لو شهد برؤية الهلال واحد او اثنان و اقتض الحساب عدم امكان رؤية قال السبكى لاتقبل هذه الشهادة لأن الحساب قطعى و الشهادة ظنية و الظن لايعارض القطعى و أطال فى بيان ردّ هذه الشهادة (المغنى شرح المنهاج)

മാസപ്പിറവി ദർശിച്ചതായി ഒന്നോ രണ്ടോ പേർ സാക്ഷി പറഞ്ഞു. എന്നാൽ കണക്ക് അത് കാണാനുള്ള സാധ്യതയെ തന്നെ നിഷേധിക്കുകയും ചെയ്യുന്നു. അപ്പോൾ എന്തു ചെയ്യണം? ഇമാം സുബ്ഖി പറയുന്നു. ഈ സന്ദർഭത്തിൽ മാസപ്പിറവി കണ്ടു എന്ന് പറയുന്നവരുടെ സാക്ഷിത്വം സ്വീകരിക്കാൻ പാടില്ല. നിശ്ചയം കണക്ക് ഖണ്ഡിതമാണ്. സാക്ഷിത്വം ഊഹം മാത്രമാണ്. ഊഹം ഖണ്ഡിതമായതിനെ ഏറ്റുമുട്ടുകയില്ല. ശേഷം ഇമാം സുബ്ഖി ഈ സാക്ഷിത്വത്തെ തള്ളേണ്ടതാണെന്നു വിഷയം ദീർഘമായി പ്രസ്താവിച്ചിട്ടുണ്ട് (മുഗ്നി:1-421) ഖണ്ഡിതമായ കണക്കിന്റെ അടിസ്ഥാനത്തിൽ മാസപിറവി ഉണ്ടെന്ന് നമുക്ക് വ്യക്തമായി. എന്നാൽ ഒന്നോ രണ്ടോ ആളുകൾ വന്ന് മാസപിറവി ദർശിച്ചുവെന്ന് പറഞ്ഞില്ല. ഊഹമായ ഈ സാക്ഷി പറയൽ ഉണ്ടായില്ലായെന്ന അടിസ്ഥാനത്തിൽ നോമ്പ് പിടിക്കുകയോ നോമ്പ് മുറിക്കുകയോ ചെയ്യാതിരിക്കുന്ന പക്ഷം ഊഹത്തിന് വേണ്ടി ഖണ്ഡിതമായതിനെ നാം ഉപേക്ഷിക്കുക തന്നെയാണ് ചെയ്യുന്നത്. ഊഹം ഖണ്ഡിതമായതിനെ ഏറ്റുമുട്ടുകയാണ് ഇവിടെയും ചെയ്യുന്നത്. ഉറപ്പായ റമദാൻ



മാസത്തെ ഊഹം ഉണ്ടായില്ല എന്ന കാരണത്താൽ ശഅ്ബാൻ മാസമായും ഉറപ്പായ ദുൽഹിജ്ജമാസത്തെ ദുൽഖഅ്ദ് മാസമായും അട്ടിമറി നടത്തുകയാണ്. ഇത് കുഫ്റാണെന്ന് പരിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

قال العلامة العبادى انه اذا دل الحساب القطعى على عدم رؤيته لم يقبل قول العدول لرؤيته وترد شهادتهم بها إنتهى• وهو ظاهر جليّ و لا يجوز الصوم حينئذ ومخالفة ذلك معاندة و مكابرة (قليوبى شرح المحلى)

ഉബാദി പറയുന്നു: മാസപ്പിറവി കാണില്ലെന്ന് ഖണ്ഡിതമായ നിലക്ക് കണക്ക് കൊണ്ട് തെളിഞ്ഞാൽ നീതിമാന്മാരായ സാക്ഷികൾ പോലും കണ്ടെന്ന് പറഞ്ഞാലും അവരുടെ സാക്ഷിത്വം സ്വീകരിക്കാൻ പാടില്ല. അവരുടെ സാക്ഷിത്വം ഉപേക്ഷിക്കേണ്ടതാണ്. ഉബാദിയുടെ വാക്കുകൾ ഇവിടെ അവസാനിക്കുന്നു. അദ്ദേഹം പറഞ്ഞത് വളരെ വ്യക്തവും പ്രകടമായതുമാണ്. ഇത്തരം സന്ദർഭങ്ങളിൽ നോമ്പ് പിടിക്കൽ അനുവദനീയമല്ല. ഈ കാര്യം എതിർക്കൽ കിടമത്സരവും അഹങ്കാരവുമാണ്. (ഖൽയൂബി: 2-49) 29ന്റെ ദിവസം വല്ലവനും മാസപ്പിറവി കണ്ടെന്ന് പറഞ്ഞാൽ നബിയോ സഹാബിവര്യൻമാരോ കണക്കുമായി യോജിക്കുന്നുണ്ടോ എന്ന് പരിശോധിച്ചശേഷമായിരുന്നില്ല അവരുടെ സാക്ഷിത്വം സ്വീകരിച്ചിരുന്നത്. അവർ വിശ്വസ്തൻമാരാണോ എന്ന് പരിശോധിക്കു മാത്രമാണ് ചെയ്തിരുന്നത്. കണക്കുമായി യോജിച്ചില്ല എന്ന കാരണത്താൽ നചന്ദ്രനെ ദർശിച്ചുവെന്ന് പറഞ്ഞവന്റെ സാക്ഷിത്വം നബിയും സഹാബിവര്യന്മാരും തള്ളിക്കളഞ്ഞതിന് ഒരൊറ്റ സംഭവമെങ്കിലും ഈ ഭൂമുഖത്തു ജീവിക്കുന്ന ഒരൊറ്റ പണ്ഡിതനും എടുത്തു കാണിക്കുവാൻ സാധ്യവുമല്ല. ഇതിന്റെ കാരണമായി അവർ പറയുക അന്ന് സമൂഹം ഉമ്മിയായിരുന്നു. കണക്ക് അറിയുമായിരുന്നില്ല എന്നാണ്. ഇതുതന്നെയാണ് നമുക്കും പറയുവാനുള്ളത്. മാസപ്പിറവി ദർശിക്കാത്തതിനാൽ മുമ്പുള്ള മാസത്തെ മുപ്പതു പൂർത്തിയാക്കുമ്പോൾ നബിയും സഹാബിവര്യന്മാരും ഉറപ്പായതിനെ ഇവിടെ ഉപേക്ഷിക്കുന്നില്ല. ഉറപ്പായ മാസത്തെ അട്ടിമറിക്കുന്നുമില്ല. ഈ മാസം മുപ്പതു ഉണ്ടായിരിക്കാമെന്ന സാധ്യതയെ അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇപ്രകാരം ഒരു സാധ്യത കണക്ക് ഉറപ്പാണെന്ന് വിശ്വസിക്കുന്നവർക്കില്ല. ഉണ്ടെന്ന് പറയുന്ന പക്ഷം കണക്ക് ദുർബ്ബലമായാതാണെന്നും അതു ഉറപ്പായതല്ലെന്നും പ്രഖ്യാപിക്കുകയാണ്.

لان الحساب قطعی و الشهادة ظنية و الظنّی لايعارض القطع (اعانة الطالبين)

കണക്ക് ഖണ്ഡിതമാണ്. സാക്ഷിത്വം (കാഴ്ച) ഊഹവുമാണ്. ഊഹം ഖണ്ഡിതമായതിനെ തിരസ്കകരിക്കുകയില്ല (ഇആനത്ത് : 2-215) നാം ഉമ്മിയായ (നിരക്ഷരരായ) സമൂഹമാണെന്ന് നബി(സ) പറഞ്ഞതിന്റെ ഉദ്ദേശ്യം അന്ത്യദിനം വരെയുള്ള സർവ്വ മുസ്ലിംകളെയും ഉദ്ദേശിച്ചല്ലെന്ന് ഹദീസ് പണ്ഡിതന്മാർ തന്നെ വ്യക്തമാക്കുകയും ചെയ്യുന്നു.

(إنا) ای العربَ وقيل اراد نفسه (فتح البارى)

നാം എന്നതുകൊണ്ട് നബി(സ) ഉദ്ദേശിക്കുന്നത് അറബികളെയാണ്. നബിയെ മാത്രമാണെന്നും പറയപ്പെടുന്ന (ഫതുഹുൽ ബാരി:5-606) കണക്ക് അറിയുന്ന ചില വ്യക്തികൾ നബിയുടെ കാലത്തും ഉണ്ടായിരുന്നു. എന്നിട്ടും നബി(സ) അവരെ സമീപിച്ചിട്ടില്ല എന്നാണ് ചിലരുടെ വ്യാഖ്യാനം. ഇവരോട് നമുക്ക് ചോദിക്കുവാനുള്ളത് എന്നാൽ ഈ കണക്ക് അറിയുന്ന ചിലരെ നബി(സ) സൂര്യന് മുമ്പ് തന്നെ ചന്ദ്രൻ അസ്തമിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുവാൻ സമീപിച്ചുവോ? നബി(സ)യുടെ ജീവിതത്തിൽ എപ്പോഴെങ്കിലും നവചന്ദ്രൻ കാണപ്പെട്ടുവെന്ന് പറഞ്ഞപ്പോൾ അയാളുടെ സാക്ഷിത്വം കണക്ക് കൊണ്ട് തള്ളിയോ? കണക്കിന്റെ അടിസ്ഥാനത്തിൽ 29ന്റെ അന്ന് സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പ് തന്നെ ചന്ദ്രൻ അസ്തമിക്കുന്നതാണ്. അതിനാൽ പെരുന്നാൾ ഇന്ന ദിവസമാണ്. അല്ലെങ്കിൽ നോമ്പ് ഇന്ന ദിവസമാണ് എന്ന് പ്രഖ്യാപിച്ചുവോ? ഉദയ വ്യത്യാസം തീരുമാനിക്കുവാൻ കണക്കിനെ ഉപയോഗിച്ചുവോ? റമദാൻ മാസം മുഴുവൻ നോമ്പ് മുറിക്കുവാൻ കണക്കിനെ ഉപയോഗിച്ചുവോ? നമസ്കാരത്തിന് സമയം നിശ്ചയിക്കുവാനും ബാങ്ക് വിളിക്കുവാനും കണക്കിനെ ഉപയോഗിച്ചുവോ? അത്താഴത്തിന്റെ അവസാന സമയം മനസ്സിലാക്കുവാൻ ഈ ചിലരുടെ കണക്ക് ഉപയോഗിച്ചുവോ? ഏതെങ്കിലും ചന്ദ്രമാസം തീരുമാനിക്കുവാൻ കണക്കിനെ ഇവ ഉപയോഗിച്ചുവോ? ഖാളിമാരും ഹിലാൽ കമ്മിറ്റികളും എല്ലാ മാസവും മാസപ്പിറവി കണ്ടാൽ അറിയിക്കണമെന്ന് പറഞ്ഞ് പരസ്യം നല്കാറുണ്ടോ?

(إنا امّة) ای العرب ا ونفسه القدّسة (القسطلانی)

നാം ഒരു സമുദായമാണ് എന്നതുകൊണ്ട് നബി(സ) ഉദ്ദേശിച്ചത് അറബികളെയാണ്. പരിശുദ്ധമായ നബിയുടെ ശരീരത്തെയാണ് എന്നും വ്യാഖ്യാനിക്കാം (ഖസ്വ ത്വലാനി : 3-356)

ഇബ്നു മാലിക്ക്(റ) എഴുതുന്നു:



قال ابن المالك ای لانعرف الكتابة و حساب الخوم حتى نعتمد على علم النجوم وسير القمر ونعرف الشهر بذلك (المرقات شرح المشكاة)

ഇബ്നു മാലിക്ക് (റ) പറയുന്നു: അതായത് നമുക്ക് എഴുത്തും ഗോളങ്ങളുടെ കണക്കും അറിയുകയില്ല. നാം അതിന്മേൽ അവലംബിക്കുകയും അങ്ങനെ മാസപിറവി നാം മനസ്സിലാക്കുകയും ചെയ്യുവാൻ (മിർഖാത്ത്: 2-503) കാഴ്ചയെ അവലംബമാക്കണമെന്ന് പറയുന്ന പണ്ഡിതൻമാർ പോലും ഹദീസിന്ന് നല്കിയ വ്യാഖ്യാനമാണ് നാം മുകളിൽ ദർശിച്ചത്.

ഈ വിഷയത്തിൽ നബിയിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന ചില ഹദീസുകൾ ആദ്യമായി നമുക്ക് പരിശോധിക്കാം. ഈ ഹദീസുകളാണ് കണക്കിലൂടെ ഉറപ്പായ നിലക്ക് റമദാൻ ആണെന്നും അല്ലെങ്കിൽ ശവ്വാൽ അല്ലെങ്കിൽ ദുൽഹിജ്ജു ആണെന്നും ബോധ്യമായാലും ഊഹം മാത്രം പ്രദാനം ചെയ്യുന്ന സാക്ഷിത്വം ഉണ്ടായില്ല എന്ന കാരണത്താൽ ഉറപ്പായ റമദാൻ മാസത്തെ ശഅ്ബാൻ മാസമാക്കി മാറ്റുവാനും ഉറപ്പായ ശവ്വാൽ മാസത്തെ റമദാൻ മാസമാക്കി മാറ്റുവാനും ഉറപ്പായ ദുൽഹിജ്ജ മാസത്തെ ദുൽഖഅ്ദ് മാസമായി മാറ്റുവാനും ചിലർ തെളിവ് പിടിക്കാറുള്ളത്.

عن ابن عمران رسول لله (ص) ذكر رمضان فقال لا تصوموا حتى ترو الهلال و لاتفطروا حتى تروه فان غم عليكم فاقدروا له (البخارى ومسلم) وفى رواية فان اغمى عليكم فاقد رواله (مسلم)

ഇബ്നു ഉമർ(റ) നിവേദനം: തിരുമേനി (സ) റമദാനിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു: നിങ്ങൾ മാസപ്പിറവി ദർശിക്കുന്നതുവരേക്കും നോമ്പ് നോൽക്കുകയോ മുറിക്കുകയോ ചെയ്യരുത്. ആകാശം മേഘാവൃതമായാൽ നിങ്ങൾ കണക്ക് കൂടുക (ബുഖാരി:ഹ:നമ്പർ:1906 മുസ്ലിം:1080)

عن ابن عمر ان رسول الله (ص) ذكر رمضان فضرب بيدم فقال الشهر هكذا و هكذا ثم عقد ابهامه فى الثالثة فصوموا لرؤيته وافطروا لرؤيته فان اغمى عليكم فاقدروا لة ثلاثين (مسلم)

ഇബ്നു ഉമർ(റ) നിവേദനം: തീർച്ചയായും നബി(സ) റമദാനിനെ സംബന്ധിച്ച് ഓർമ്മിച്ചു. തന്റെ ഇരു കൈകൊണ്ട് അടിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: മാസം ഇപ്രകാരവും ഇപ്രകാരവും ഇപ്രകാരവും ഉണ്ടാകും. ശേഷം മൂന്നാമത്തെ പ്രാവശ്യം തന്റെ പെരുവിരൽ ബന്ധിപ്പിച്ചു. എന്നിട്ടു പറഞ്ഞു: അതിനെ ദർശിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുവിൻ. അതിനെ ദർശിച്ചാൽ നിങ്ങൾ നോമ്പ് മുറിക്കുവീൻ. നിങ്ങളുടെമേൽ മേഘാവൃതമായാൽ അതിനെ നിങ്ങൾ മുപ്പത് കണക്കാക്കുവീൻ (മുസ്ലിം : 1081)

**വിശദീകരണം : 1** ഇബ്നു ഉമറിൽ നിന്ന് തന്നെ നാം ആദ്യം ഉദ്ധരിച്ച (ബുഖാരി:ഹ നമ്പർ: 1913) ഹദീസ് ഇതു ആരോട് ഏതു സന്ദർഭത്തിൽ പറഞ്ഞതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആ ഹദീസ് ഒന്നുകൂടി താഴെ ഉദ്ധരിക്കുന്നു.

عن ابن عمر (ر) عن النبى (ص) انه قال : انا امة امية لا نكتب ولانحسب الشهر هكذا وهكذا يعنى مرة تسعة وعشرين ومرة ثلاثين (البخارى)

ഇബ്നു ഉമർ(റ) നിവേദനം: നബി(സ) അരുളി: തീർച്ചയായും നാം അക്ഷരജ്ഞാനമില്ലാത്ത ഒരു ജനതയാണ്. നമുക്ക് എഴുതുവാനും കണക്ക് കൂട്ടാനും അറിയില്ല. മാസം ഇങ്ങിനെയും അങ്ങിനെയും ഉണ്ടാകുന്നതാണ്. അതായത് ചിലപ്പോൾ ഇരുപത്തൊമ്പതും മറ്റു ചിലപ്പോൾ മുപ്പതും (ബുഖാരി:ഹ:നമ്പർ:1913) അപ്പോൾ കണക്കുകൊണ്ട് നവചന്ദ്രന്റെ ഉദയത്തെ സംബന്ധിച്ച് ഖണ്ഡിതമായോ ദുർബ്ബലമായോ ഊഹപരമായോ അറിയില്ലാത്ത സന്ദർഭത്തിലാണ് നബി(സ) കാഴ്ചയെ അവലംബമാക്കുവാനും മുപ്പതു പൂർത്തിയാക്കുവാനും മറ്റും നിർദേശിക്കുന്നത്. മേഘാവൃതമായാൽ എന്ന് പറഞ്ഞതിൽ നിന്ന് തന്നെ ഇതു വ്യക്തവുമാണ്. അതായത് ആകാശം മേഘാവൃതമായാൽ ചന്ദ്രൻ ഉദിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമല്ല. ഇപ്രകാരം വ്യക്തമല്ലാത്ത ഉമ്മിയായ സമൂഹത്തോടാണ് നബി(സ) കാഴ്ചയെ ആശ്രയിക്കുവാൻ കല്പിക്കുന്നത്.

**വിശദീകരണം:2** ഇമാം ബുഖാരി തന്നെ ഇതിന് നേരെ താഴെയായി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് ഈ യാഥാർത്ഥ്യം യാതൊരു സംശയത്തിനും പഴുതില്ലാത്ത വിധം വ്യക്തമാക്കുന്നത് കാണുക:

عن ابى هريرة قال النبي صوموا لرؤيته وافطروا لرؤيته فان غبى عليكم فاكملوا عدة شعبان ثلاثين (البخارى رقم الحديث )



അബുഹുറൈറ(റ) നിവേദനം: നബി(സ) അരുളി: അതിനെ (നവചന്ദ്രനെ) നിങ്ങൾ ദർശിച്ചാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുവീൻ. അതിനെ നിങ്ങൾ ദർശിച്ചാൽ നിങ്ങൾ നോമ്പ് മുറിക്കുവീൻ. നിങ്ങളുടെ മേൽ വിഡ്ഢിത്തം ബാധിക്കപ്പെട്ടാൽ നിങ്ങൾ ശഅ്ബാൻ മുപ്പത് പൂർത്തിയാക്കുവീൻ (ബുഖാരി: ഹ:നബി 1909) ഹദീസിൽ غبى എന്നപദമാണ് പ്രയോഗിക്കുന്നത്. ഇതിന് നിഘണ്ടുവിൽ നല്കുന്ന അർത്ഥം കാണുക: 1: അറിയാതിരിക്കുക 2: മനസ്സിലാവാതിരിക്കുക (കാര്യം) 3: വിഡ്ഢിയാവുക (അൽ-മൽഹൽ:പേജ്:488) ഇബ്നുഹജർ(റ) ഈ പദത്തെ വ്യാഖ്യാനിക്കുന്നത് കാണുക:

وأما غبن فمأخود من الغبارة وهي عدم الفطنة وهي استعارة لخناء الهلال ونقل ابن العربى انه روى عمى بلعين المهملة من العمى (فتح البارى )

ബുദ്ധികൊണ്ട് ഗ്രഹിക്കുവാൻ സാധിക്കാതെ വരിക എന്നതാണ് ഇതിന്റെ വിവക്ഷ. നവചന്ദ്രനെ സംബന്ധിച്ച് അറിയാതെ വരിക എന്നതിന് അലങ്കാരമായി പ്രയോഗിച്ചതാണ്. നിങ്ങൾ അന്ധൻമാരായാൽ എന്ന് ഇബ്നു അറബി ഉദ്ധരിക്കുന്നു. (ഫതുഹുൽ ബാരി:5-606) അപ്പോൾ നവചന്ദ്രന്റെ ഉദയത്തെ സംബന്ധിച്ച് കണക്കിലൂടെ മനസ്സിലാക്കുവാൻ സാധിക്കാതെ സമൂഹം ഈ വിഷയത്തിൽ വിഡ്ഢികളായിരിക്കുന്ന സന്ദർഭത്തിലാണ് നബി(സ) കണ്ണ് കൊണ്ട് നവചന്ദ്രനെ കാണാൻ സാധിക്കാതെ വന്നാൽ മാസം മുപ്പതു പൂർത്തിയാക്കുവാൻ പറഞ്ഞത്. ഉറപ്പായ റമദാൻ മാസത്തെ ശഅ്ബാൻ മാസമാക്കി മാറ്റുവാൻ നിർദേശിക്കുകയല്ല. ഇന്ന് ലോകത്തു ആദ്യമായി നവചന്ദ്രൻ സൂര്യൻ അസ്തമിച്ച ശേഷം എവിടെയാണ് ഉണ്ടാവുക. എത്രമിനുട്ട് ഉണ്ടാവും. എത്ര സെക്കന്റ് ഉണ്ടാവും. ഇതെല്ലാം വ്യക്തമായി മനസ്സിലാക്കുവാൻ മുസ്ലിം സമൂഹത്തിന് സാധിക്കുന്നതാണ്. غبى عليكم എന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ല. അതുപോലെ ആകാശം മേഘാവൃതമാകുന്നതും ആകാതിരിക്കുന്നതും ഇന്ന് സമമാണ്. ചന്ദ്രന്റെ ഉദയത്തെ സംബന്ധിച്ച് ഗ്രഹിക്കുന്ന വിഷയത്തിൽ. മേഘത്തിന്റെ മുകളിലേക്ക് പോകുവാനും ഇന്ന് സാധിക്കും. മനുഷ്യന്റെ പിടിവാശി അവനെ അവസാനം എത്തിക്കുക നരകാഗ്നിയിലേക്കാണ്.

**വിശദീകരണം:3** ഇമാം ബുഖാരി ഈ ഹദീസ് ഉദ്ധരിക്കുന്നത് തന്നെ യൗമുശ്ശക്കിന്റെ ദിവസം നോമ്പ് പിടിക്കുവാൻ പാടില്ലെന്ന് പ്രസ്താവിക്കുന്ന അധ്യായത്തിലാണ്. മാസപ്പിറവി ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന് സംശയി

ക്കുന്ന ദിവസത്തിനാണ് "യൗമുശ്ശക്ക്" എന്ന് പറയുക. ഇരുപത്തിഒമ്പതിനാണ് ഈ സംശയം ഉൽഭവിക്കുക. ഖൈസ്(റ) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: യൗമുശ്ശക്കിനെ കുറിച്ച് ഒരാൾ നബിയോട് ചോദിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി. അതായത് ചിലർ ഇതു ശഅ്ബാനിൽ ഉൾപ്പെട്ടതാണെന്ന് പറയും. മറ്റു ചിലർ റമദാനിൽ ഉൾപ്പെട്ടതാണെന്നും പറയുന്ന ദിവസം (ബൈഹഖി) എന്നാൽ ഇന്ന് യൗമുശ്ശക്ക് ഉണ്ടെന്ന് ഒരാളും പറയുന്നില്ല. ഇരുപത്തി ഒമ്പതിന്റെ ദിവസം നവചന്ദ്രൻ ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന് നമുക്ക് ഖണ്ഡിതമായി കണക്ക് കൊണ്ട് ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. അപ്പോൾ യൗമുശ്ശക്ക് (നവചന്ദ്രൻ ഉദിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് സംശയിക്കൽ) ഉള്ള സമൂഹത്തോടാണ് നബി കാഴ്ചയെ അവലംബിക്കുവാനും മുപ്പതു പൂർത്തിയാക്കുവാനും കല്പിക്കുന്നത്. ബുഖാരി ഹദീസ് ഉദ്ധരിച്ച അധ്യായം തന്നെ അതു വ്യക്തമാക്കുന്നു.

**വിശദീകരണം:4** ആകാശം മേഘാവൃതമായാൽ നിങ്ങൾ കണക്ക് കൂട്ടുക (فاقدروا له) എന്ന് മാത്രമായി ചില ഹദീസുകളിൽ പറയുന്നു. ഇതിന് പല വ്യാഖ്യാനമാണ് സഹാബിവര്യൻമാരും പണ്ഡിതൻമാരും നല്കുന്നത്.

**വ്യാഖ്യാനം:1**

ഹദീസ് ഉദ്ധരിക്കുന്ന ഇബ്നു ഉമർ(റ) ഉൾപ്പെടെയുള്ള താഴെ വിവരിക്കുന്ന പ്രഗൽഭരായ സഹാബിവര്യൻമാർ നല്കുന്ന വ്യാഖ്യാനം ആകാശം മേഘാവൃതമായാൽ അതിന്റെ പിന്നിൽ ചന്ദ്രൻ ഉണ്ടായിരിക്കാം എന്ന് സങ്കൽപിച്ച് (കണക്കാക്കി) നോമ്പനുഷ്ഠിക്കുക എന്നാണ്.

عن ابن عمر قال رسول الله الشهر تسع وعشرون فلا تصوموا حتى تروه ولا تفطروا حتى تروه فان غم عليكم فاقدروا له قال: فكان ابن عمر اذا كان شعبان تسعا وعشرين نظرله فان روى فذاك وان لم يرولم يحل دون منظره سحاب ولا قترة أصبح منطرا فان حال دون منظره سحاب اوقترة أصبح صائما (ابوداود وابن ماجة)

നാഫിഅ്(റ) ഇബ്നു ഉമറിൽ നിന്ന് നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ ദൂതൻ അരുളി: മാസം ഇരുപത്തി ഒമ്പത് ആണ്. അതിനാൽ നിങ്ങൾ നവചന്ദ്രനെ കാണുന്നതുവരെ നോമ്പനുഷ്ഠിക്കുകയോ നോമ്പ് മുറിക്കുകയോ ചെയ്യരുത്. നിങ്ങളുടമേൽ മേഘാവൃതമായാൽ നിങ്ങൾ അതിനെ കണക്കാക്കുവീൻ. (ഫഖ്ദുറൂ ലഹൂ) നാഫിഅ് (റ) പറയുന്നു: ഇബ്നു ഉമർ(റ)



ശഅ്ബാൻ 29 പൂർത്തിയായാൽ ആ ദിവസം അദ്ദേഹത്തിന് വേണ്ടി മാസപിറവി നോക്കും. കണ്ടാൽ നോമ്പ് പിടിക്കും. ആകാശം തെളിഞ്ഞിട്ടും മാസപിറവി കാണാത്തപക്ഷം നോമ്പ് പിടിക്കുകയുമില്ല. എന്നാൽ ഈ ദിവസം ആകാശത്തു മേഘമോ പൊടിപടലമോ ഉണ്ടായാൽ ഇബ്നു ഉമർ(റ) നോമ്പ് പിടിക്കും (അബൂദാവൂദ്, ഇബ്നുമാജ:)

عن نافع كان ابن عمر اذا مضى شعبان تسعا وعشرين يبعث من ينظر فان رأى فذاك وانلم يرولم يحل دون منظره سحاب ولا قترة اصبح مفطرا فان حال دون منظره سحاب اوقترة اصبح صائما (النسائى واحمد)

നാഫിഅ്(റ) നിവേദനം: ശഅ്ബാൻ ഇരുപതി ഒമ്പതായാൽ മാസപിറവി നോക്കുവാൻ വേണ്ടി ഇബ്നു ഉമർ(റ) വ്യക്തികളെ നിയോഗിക്കും. കണ്ടാൽ നോമ്പ് പിടിക്കും. ആകാശത്തിന്റെയും തന്റെ കാഴ്ചയുടെയും ഇടയിൽ മേഘമോ പൊടിപടലമോ ഇല്ലാത്തപക്ഷം നോമ്പ് പിടിക്കുകയില്ല. എന്നാൽ മേഘമോ പൊടിപടലമോ ഉണ്ടായാൽ നോമ്പ് പിടിക്കുകയും ചെയ്യും (അന്നസ്സാഈ, അഹമദ്) ഈ ഹദീസുകളുടെ പരമ്പര വളരെയധികം സ്വഹീഹാണെന്ന് പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇബ്നു ജൗസി(റ) വ്യക്തമാക്കിയിട്ടുണ്ട്.

عن ابى موسى انه سأل عائشة عن اليوم الذى يشك فيه الناس فقالت لأن اصوم يوما من شعبان احب الي من ان افطر يوما من رمضان (البيهقى بان من رخص من الصحابة فى صوم يوم الشك واحمد)

അബൂമൂസ(റ) നിവേദനം: അദ്ദേഹം ആയിശ(റ)യോടു മാസപിറവി സംശയിക്കപ്പെടുന്ന ദിവസത്തെ കുറിച്ച് ചോദിച്ചു. അപ്പോൾ ആയിശ(റ) പറഞ്ഞു: നിശ്ചയം ശഅ്ബാനിലെ ഒരുദിവസം നോമ്പ് പിടിക്കുന്നതിനെയാണ് റമദാനിലെ ഒരു നോമ്പിനെ ഉപേക്ഷിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് (ബൈഹഖി, അഹമദ്)

عن ابى هريرة قال لان اصوم اليوم الذي يشك فيه من شعبان احب الى من ان افطر يوما من رمضان (البيهقى واحمد)

**അബൂഹുറൈറ(റ)** നിവേദനം: ശക്കിന്റെ ദിവസം ശഅ്ബാനിൽ ആയി **ക്കൊണ്ട്** ഒരുദിവസം നോമ്പ് പിടിക്കുന്നതിനെയാണ് റമദാനിൽ ഒരു ദിവ **സത്തെ** നോമ്പ് ഉപേക്ഷിക്കുന്നതിനേക്കാൾ ഞാൻ തൃപ്തിപ്പെടുന്നത് (ബൈഹഖി, അഹമദ്) ശഅ്ബാൻ 29-ാം ദിവസം ആകാശം തെളിയുകയും എന്നിട്ടും മാസപിറവി ദർശിക്കാതിരിക്കുകയും ചെയ്യുന്നദിവസം സഹാബത്തിനെ സംബന്ധിച്ച് നവചന്ദ്രൻ ഉദിച്ചിട്ടില്ല എന്ന ധാരണക്കായിരുന്നു കൂടുതൽ സാധ്യത. ഇത്തരം ദിവസങ്ങളിൽ നോമ്പ് പിടിക്കുന്നതിനെയാണ് നബി(സ) വിരോധിച്ചതെന്ന് അബൂഹുറൈറ(റ) വ്യക്തമാക്കുകയാണ്. എന്നാൽ ആകാശം മേഘാവൃത്തമായാൽ കൂടുതൽ സാധ്യത നവചന്ദ്രൻ ഉദിച്ചിട്ടുണ്ടാകുമെന്ന് വിചാരിക്കലും അങ്ങിനെ നോമ്പ് പിടിക്കലുമാണെന്ന് വിവരിക്കുകയാണ്. <u>നമ്മേ സംബന്ധിച്ച് ഇന്ന് ഉറപ്പായ അറിവാണ് നവചന്ദ്രനെ സംബന്ധിച്ച് ഉള്ളത്. എന്നിട്ടും ദർശിച്ചില്ല എന്ന കാരണത്താൽ റമദാനിൽ ഭക്ഷണം കഴിക്കുകയും പെരുന്നാൾ ദിവസം നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് പ്രവാചകന്റെയോ സഹാബത്തിന്റെയോ ചര്യയുടെ യാതൊരു പിൻബലവുമില്ല. ചില ഫിഖ്ഹ് ഗ്രന്ഥത്തിന്റെ അഭിപ്രായമല്ലാതെ.</u>

عن معاوية قال لان اصوم يوما من شعبان احب الي من ان افطر يوما من رمضان (احمد)

മുആവിയ്യ(റ) നിവേദനം: ശഅ്ബാനിൽ ഒരു ദിവസം നോമ്പ് പിടിക്കുന്നതിനെയാണ് റമദാനിലെ ഒരുദിവസത്തെ നോമ്പ് നഷ്ടപ്പെടുത്തുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് (അഹമദ്)

عن اسماء ماغم هلال رمضان الا كانت اسماء متقدمة ليوم وتأمر بتقديمه (رواه سعيدبن منصور باسناد صحيح)

അസ്മാ(റ) നിവേദനം: അവർ ആകാശം മേഘാവൃതമായാൽ ഒരുദിവസം മുന്തിപ്പിച്ച് നോമ്പ് അനുഷ്ഠിക്കും. ഇപ്രകാരം ചെയ്യാൻ അവർ കല്പിക്കുകയും ചെയ്യാറുണ്ടായിരുന്നു (സഈദ്ബ്നു മൻസൂർ)

عن اسماء انها كانت تصوم اليوم الذى يشك فيه من رمضان (احمد)

അസ്മാ(റ) റമദാനാണോ എന്ന് സംസയിക്കുന്ന ദിവസത്തിൽ നോമ്പ് പിടിക്കാറുണ്ട്. (അഹമ്മദ്)



عن مكحول ان عمربن الخطاب كان يصوم اذا كانت فى تلك الليلة مغيبة ويقول ليس هذا بالتقدم ولاكنه التحرى (زاد المعاد)

ഖലീഫാ ഉമർ(റ) ആകാശം മേഘാവൃതമായാൽ നോമ്പ് പിടിക്കാറുണ്ട്. ശേഷം അദ്ദേഹം പറയും. ഇത് റമദാനിനെ മുന്തിപ്പിക്കലല്ല. എന്നാൽ സൂക്ഷ്മത സ്വീകരിക്കലാണ് (സാദുൽ മആദ്)

عن على (ر) قال لان اصوم يوما من شعبان احب الي من ان افطر يوما من رمضان (رواه الشافعى)

അലി(റ) നിവേദനം: ശഅ്ബാനിൽ ഒരുദിവസം നോമ്പ് പിടിക്കലാണ് റമദാനിൽ ഒരുദിവസം നോമ്പ് ഉപേക്ഷിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് (ഇമാം ശാഫിഈ) ഇതുപോലെ ആകാശം മേഘാവൃതമായാൽ നവചന്ദ്രനെ ദർശിച്ചിട്ടില്ലെങ്കിലും സാധ്യതയെ പരിഗണിച്ച് അനസ്ബ്നു മാലിക്(റ) അംറ്ബ്നുആസ്വി(റ) ഹകമ്ബ്നു അയ്യൂബ്(റ) എന്നീ സഹാബിവര്യൻമാരും നോമ്പ് പിടിച്ചിരുന്നതായി സ്ഥിരപ്പെട്ടിട്ടുണ്ട്. മുസ്ലിംകളെ! നിങ്ങൾ ഉണരുക. നിങ്ങൾ ചിന്തിക്കുക. മുകളിൽ വിവരിച്ച സഹാബിവര്യൻമാർ സംശയത്തിന്റെയും സാധ്യതയുടെയും അടിസ്ഥാനത്തിൽ പോലും നോമ്പ് പിടിക്കുമ്പോൾ നാം റമദാൻ മാസം ഭൂമിയിൽ ആയിട്ടുണ്ടെന്ന് ബോധ്യമായിട്ടും ഉറപ്പായ അറിവ് നമുക്ക് ഉണ്ടായിട്ടും ഇവചന്ദ്രനെ ദർശിച്ചില്ല എന്ന കാരണത്താൽ റമദാൻ മാസത്തിൽ ഭക്ഷണം കഴിക്കുകയും പെരുന്നാൾ ദിവസം നോമ്പനുഷ്ഠിക്കുകയുമാണ് ചെയ്യുന്നത്!

<u>**ഹദീസിലെ പരാമർശം:**</u> റമദാനിനെ ഒരു ദിവസത്തെ നോമ്പ് കൊണ്ടോ രണ്ട് ദിവസത്തെ നോമ്പ് കൊണ്ടോ നിങ്ങൾ മുന്തിപ്പിക്കരുതെന്ന് നബി(സ) നിർദ്ദേശിക്കുന്ന ചില ഹദീസുകൾ ഉദ്ധരിക്കപ്പെടുന്നു (ബുഖാരി, മുസ്ലിം). മുകളിൽ ഉദ്ധരിച്ച പ്രഗൽഭരായ സഹാബിവര്യൻമാരുടെ ദൃഷ്ടിയിൽ ഈ ഹദീസ് ശരിക്കും പെട്ടിരുന്നു. അവരിൽപെട്ട ചിലർ തന്നെയാണ് ഈ ഹദീസുകളും ഉദ്ധരിക്കുന്നതും. റമദാൻ ആണോ അല്ലയോ എന്ന് സംശയിക്കപ്പെടുന്ന ദിവസങ്ങളിൽ റമദാൻ തന്നെയാണെന്ന് ഉറപ്പിച്ചുകൊണ്ട് നോമ്പ് പിടിക്കുന്നതിനെയാണ് നബി(സ) വിരോധിക്കുന്നത്. ഇത് റമദാനിൽ ഇല്ലാത്ത ദിവസത്തെ റമദാനിൽ പ്രവേശിപ്പിക്കലാണ്. എന്നാൽ സൂക്ഷ്മതക്ക് വേണ്ടിയോ സുന്നത്തായ നോമ്പ് എന്ന അടിസ്ഥാനത്തിലോ നോമ്പ് പിടിക്കുന്ന പക്ഷം ഹദീസിന് വിരോധമാവുന്നില്ല. ഇപ്രകാരമാണ് പ്രഗൽഭരായ അവർ ഹദീസിനെ വ്യാഖ്യാനിക്കുന്നത്.

പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇമാം ഇബ്നു ഖയ്യിം(റ) എഴുതുന്നത് കാണുക:

أما صوم يوم الغيم احتيا طا على انه ان كان من رمضان فهو فرضه والا فهو تطوع فالمنقول عن الصحابة تقضي جوازه وهو الذى كان يفعله ابن عمر وعائشة ... وهذا اعدل الأقوال فى المسألة وبه تجتمع الأحاديث ولآثار ( زادالمعاد)

ആകാശം മേഘാവൃതമായാൽ സൂക്ഷ്മതയുടെ അടിസ്ഥാനത്തിൽ അതായത് റമദാൻ ആയിട്ടുണ്ടെങ്കിൽ റമദാനിലെ നോമ്പാണ് അല്ലാത്തപക്ഷം സുന്നത്ത് നോമ്പാണ് എന്ന നിയ്യത്തോടുകൂടി നോമ്പു പിടിക്കൽ അനുവദനീയമാണെന്നാണ് സഹാബിവര്യന്മാരിൽ നിന്ന് ഉദ്ധരിക്കപ്പെടുന്നത്. ഇപ്രകാരമാണ് ഇബ്നു ഉമർ(റ) ആയിശ(റ) എന്നിവർ പ്രവർത്തിച്ചിരുന്നത്. ഈ അഭിപ്രായമാണ് ഈ വിഷയത്തിൽ ഏറ്റവും ഋജുവായിട്ടുള്ളത്. ഇപ്രകാരം ഹദീസിനെയും സഹാബിവര്യന്മാരുടെ ചര്യയെയും നമുക്ക് യോജിപ്പിക്കാവുന്നതാണ് (സാദുൽ മആദ് : 1-330)

ശൈഖുൽ ഇസ്‌ലാം ഇബ്നുതീമിയ്യ(റ) എഴുതുന്നു:

واما صوم يوم الغيم اذا حال دون رؤية الهلال غيم اوقتره فللعلماء فيه عدة اقوال القول الثانى صيامه واحب كإختيار القاضى والكوخى وغيرهما من أصحاب احمد وهذا يقال انه اشهر الروايات عن احمد لاكن الثابت عن احمد لمن عرف نصوصه وألفاظه انه كان يستحب صيام يوم الغيم اتباعا لعبد الله ابن عمر وغيره من الصحابة ولم يكن ابن عمر يوجبه على الناس بل كان يفعله احتيا طا ونقل ذالك عن عمر وعلى ومعاوية وابن هريرة وابن عمر وعائشة وأسماء وغيرهم



والقول الثالث انه يجوز صومه ويجوز فطره وهذا مذهب اين حنيفة وغيره وهو مذهب كثير من الصحابة والتابعين (مجموع فتاوى)

മാസപ്പിറവി ദർശിക്കാൻ സാധിക്കാത്ത വിധം മേഘാവൃതമായാൽ നോമ്പ് പിടിക്കുന്ന വിഷയത്തിൽ പണ്ഡിതന്മാർക്ക് ധാരാളം അഭിപ്രായങ്ങൾ ഉണ്ട് (രണ്ടാമത്തെ അഭിപ്രായം) നോമ്പ് പിടിക്കൽ നിർബ്ബന്ധമാണ് എന്നാണ്. ഈ അഭിപ്രായമാണ് അഹമദ്ബ്നുഹമ്പലിന്റെ ശിഷ്യന്മാരായ ഖാളിയും ഖർഖിയും ഉദ്ധരിക്കുന്നത്. ഇതാണ് ഇമാം അഹമദ്(റ)ന്റെ പ്രസിദ്ധമായ അഭിപ്രായമെന്ന് പറയപ്പെടുന്നു. എന്നാൽ ഇമാം അഹമദിന്റെ പ്രസ്താവനകൾ ശരിക്കും മനസ്സിലാക്കിയാൽ ഈ ദിവസത്തിൽ നോമ്പ് പിടിക്കൽ സുന്നത്താണെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതെന്ന് ഗ്രഹിക്കാവുന്നതാണ്. ഇബ്നു ഉമറിനേയും മറ്റുള്ള സഹാബിവര്യൻമാരെയും അനുഗമിച്ചുകൊണ്ട്. ഉമർ(റ) അലി(റ) മുആവിയ്യ(റ) അബൂഹുറൈറ(റ) ഇബ്നു ഉമർ(റ) ആയിശ(റ) അസ്മാഅ്(റ) പോലെയുള്ളവരിൽ നിന്നും ഈ അഭിപ്രായം ഉദ്ധരിക്കപ്പെടുന്നു. മൂന്നാമത്തെ അഭിപ്രായം നോമ്പ് പിടിക്കൽ അനുവദനീയമാണ് എന്നതാണ്. നോമ്പ് ഉപേക്ഷിക്കലും അനുവദനീയമാണ്. ഈ അഭിപ്രായമാണ് ഇമാം അബൂഹനീഫ:യുടെത്. ഈ അഭിപ്രായം സഹാബിമാരിൽനിന്നും താബിഊകളിൽ നിന്നും ധാരാളം പേർ പ്രകടിപ്പിക്കുന്നു (മജ്മൂഅ് ഫതാവാ: 25-100)

<u>നവചന്ദ്രന്റെ പിറവി ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കുന്ന ദിവസത്തിലും സാഹചര്യത്തിലും സഹാബിവര്യന്മാർ നോമ്പ് പിടിച്ചിരുന്നുവെന്ന് വരുമ്പോൾ മാസപ്പിറവി ഉണ്ടായിട്ടുണ്ടെന്നും മാസം റമദാൻ ആയിട്ടുണ്ടെന്നും ഉറപ്പായിട്ടും ഊഹം മാത്രം പ്രദാനം ചെയ്യുന്ന കാഴ്ച ഉണ്ടായില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ നോമ്പ് ഉപേക്ഷിക്കുവാനും പെരുന്നാൾ ദിവസം നോമ്പ് പിടിക്കുവാനും എന്ത് തെളിവാണ് നമുക്കുള്ളത്?</u>

عن عمران بن حصين ان رسول الله قال أصمت من سرر شعبان قال لا قال فاذا افطرت فصم يومين (البخارى ومسلم)

ഇംറാനുബ്നു ഹുസൈൻ(റ) പറയുന്നു: നീ ശഅ്ബാൻ അവസാനം നോമ്പ് നോറ്റുവോ എന്ന് നബി(സ) ഒരാളോട് ചോദിച്ചു. ദൈവദൂതരേ! ഇല്ല എന്ന് ആ മനുഷ്യൻ മറുപടി പറഞ്ഞു. നോമ്പ് നീ മുറിച്ചുവെങ്കിൽ അതിന്റെ സ്ഥാനത്ത് രണ്ട് ദിവസം നീ നോമ്പനുഷ്ഠിക്കുകയെന്ന് നബി(സ) ആ മനു

ഷ്യനോട് പറ്ഞ്ഞു (ബുഖാരി, മുസ്‌ലിം) ശഅ്ബാനിന്റെ അവസാനം സുന്നത്ത് നോമ്പ് പിടിക്കാൻ പാടില്ലായെന്ന വിശ്വാസത്തെ നബി(സ) തിരുത്തുകയാണ്.

**വ്യാഖ്യാനം:2:** ആകാശം മേഘാവൃതമായാൽ നിങ്ങൾ കണക്ക് കൂട്ടുവീൻ (ഫഖ്ദുറുലഹൂ) എന്ന ഹദീസിന് സഹാബിമാർ നല്കിയ ആദ്യത്തെ വ്യാഖ്യാനമാണ് നാം ഇത്രയും വിവരിച്ചത്. അതായത് ചന്ദ്രൻ ഉണ്ടായിരിക്കാമെന്ന് കണണക്ക് കൂട്ടി (സങ്കൽപിച്ച്) നിങ്ങൾ നോമ്പനുഷ്ഠിക്കുവീൻ എന്ന് വിവക്ഷ. ഹദീസ് ഉദ്ധരിക്കുന്ന ഇബ്നു ഉമർ(റ) അബു ഹുറൈറ(റ) പോലെയുള്ളവർ പോലും ഈ അർത്ഥമാണ് ഹദീസിന് നല്കുന്നത്. രണ്ടാമത്തെ വ്യാഖ്യാനം ഗോളശാസ്ത്ര കണക്ക് അനുസരിച്ച് പ്രവർത്തിക്കുവീൻ എന്നാണ്. അതായത് മുപ്പത് പൂർത്തിയാക്കുവീൻ എന്ന് വർധനവായി വന്ന ഹദീസുകൾ മുസ്‌ലിം സമൂഹം ഉമ്മിയ്യ് (നിരക്ഷരർ) ആയിരിക്കുന്ന സന്ദർഭത്തിൽ അവരോട് നബി(സ) പറഞ്ഞതാണ്. എന്നാൽ മുപ്പത് പൂർത്തിയാക്കുക എന്ന വർധനവ് ഇല്ലാതെ നിങ്ങൾ കണക്ക് കൂട്ടുവിൻ എന്ന് പറയുന്ന ഹദീസുകൾ മുസ്‌ലിം സമൂഹം ഉമ്മിയ്യിൽ നിന്നും പുരോഗതി പ്രാപിച്ച് എഴുത്തും കണക്കും അഭ്യസിക്കുന്ന സന്ദർഭത്തിൽ പ്രായോഗികമാക്കുവാൻ പറഞ്ഞതുമാണ്. ഇപ്രകാരമാണ് ശാഫിഈ മദ്ഹബിലെ പണ്ഡിതൻമാരായ ഇബ്നു സുറൈജും താബിഉകളിൽപ്പെട്ട മുത്വരിഫ്ബ്നു അബ്ദില്ലയും ഹദീസ് പണ്ഡിതനായ ഇബ്നു ഖുത്തൈബയും പറയുന്നത്.

**വിമർശനം:** മുത്വരിഫ്(റ) ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടില്ല. ഇബ്നു ഖുത്തൈബ(റ)ക്ക് ഈ വിഷയത്തിൽ അഭിപ്രായം പറയുവാൻ അദ്ദേഹം മതപണ്ഡിതനല്ല. ഇപ്രകാരമാണ് ഇബ്നു അബ്ദിൽ ബിറ്റിന്റെ വിമർശനം. ചിലർ ഈ വിമർശനം ഏറ്റെടുത്തു പ്രചരിപ്പിക്കാറുമുണ്ട്. ഉസ്മാൻ(റ)അലി(റ) അബൂദർറ്(റ) ഹമ്മാറ്ബ്നുയാസിർ(റ) അബ്ദുല്ലാഹിബ്നു മുഗഫൽ(റ) ഉസ്മാനുബ്നു അബീആസിം(റ) ഇംറാനുബ്നു ഹുസൈൻ(റ) ആയിശ(റ) മുആവിയ്യ(റ) പോലെയുള്ള പ്രഗൽഭരായ ഒരുവലിയ വിഭാഗം സഹാബിവര്യന്മാരെ കണ്ടുമുട്ടി ഇസ്‌ലാമിനെക്കുറിച്ച് അവരിൽനിന്ന് പഠിച്ച വ്യക്തിയാണ് മുത്വരിഫ്ബ്നു അബ്ദില്ല(റ) നബിയുടെ കാലത്തു തന്നെ ഇദ്ദേഹം ജനിക്കുകയുണ്ടായി. എന്നാൽ നബിയെ ദർശിക്കാൻ സാധിച്ചില്ല. ഹിജ്റ 86ൽ ആണ് ഇദ്ദേഹം മരണപ്പെടുന്നത്. ഈ സ്വഭാവ വിശേഷണങ്ങൾ എല്ലാം ഉള്ള വ്യക്തിയായതിനാൽ പണ്ഡിതനല്ലായെന്ന വിമർശിക്കുവാൻ സാധിക്കാതെ വന്നപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടിട്ടില്ലായെന്നാണ് ജൽപിക്കുന്നത്! മാലിക്കീ മദ്ഹബിലെ പണ്ഡിതനാണ് ഇബ്നു



അബ്ദിൽബിറ്. ഊഹമാണ് ഈ ആരോപണത്തിന്റെ പിന്നിലുള്ളതെന്ന് നാം വിവരിച്ചു. മാലികീ മദ്ഹബിൽ മുത്വരിഫ്(റ) എന്നൊരു പണ്ഡിതനുണ്ട്. അദ്ദേഹത്തെ ഉദ്ദേശിച്ചാണ് ഇബ്നുഅബ്ദിൽ ബിറ്(റ) ഇപ്രകാരം പ്രസ്താവിച്ചതെന്ന് മാലികീ മദ്ഹബിലെ തന്നെ പ്രസിദ്ധ കർമ്മശാസ്ത്ര ഗ്രന്ഥമായ കിതാബുൽ ഹിത്വാബിൽ പ്രസ്താവിക്കുന്നുണ്ട് (വാ: 2പേ:388) എന്നാൽ നാം ഇവിടെ ചർച്ച ചെയ്യുന്നത് ഈ മുത്വരിഫിനെക്കുറിച്ചല്ല. നബിയുടെ സഹാബിവര്യൻമാരെ ദർശിച്ച - നാം മുകളിൽ വിവരിച്ച - മുത്വരിഫിനെ സംബന്ധിച്ചാണ്. ഇദ്ദേഹം ഇപ്രകാരം പറഞ്ഞതായി ശരിക്കും സ്ഥിരപ്പെട്ടിട്ടുണ്ടെന്ന് താഴെ പറയുന്ന എല്ലാ ഗ്രന്ഥങ്ങളിലും പ്രസ്താവിക്കുകയും ചെയ്യുന്നുണ്ട് (ശർഹുൽ മുഹദ്ദബ് : 6-27 മിർഖാത്തു 2-502, തഫ്സീർ ഖുർതുബി 1-669 സർഖാനി 2-154 കിതാബുൽ ഹിത്വാബ്: 2-388, ഐനി: ശറഹുൽ ബുഖാരി: 10-271) ആകാശം മേഘാവൃതമായാൽ നിങ്ങൾ കണക്ക് കൂട്ടുക എന്ന നബി വചനത്തിന്റെ വ്യാഖ്യാനം ഗോള ശാസ്ത്ര കണക്കാണെന്ന് രണ്ടാമതായി അഭിപ്രായപ്പെടുന്നത് ഇബ്നു ഖുത്തൈബ(റ)യാണ്. ഇദ്ദേഹം ഭാഷാ പണ്ഡിതൻ മാത്രമല്ല പ്രഗൽഭ ഹദീസ് പണ്ഡിതനുമാണ്. പരസ്പര വിരുദ്ധമായ ഹദീസുകളെ യോജിപ്പിക്കുന്ന വിഷയത്തിൽ ഇദ്ദേഹത്തിന്റെ കഴിവ് വളരെ അപാരമാണ്. "തഅ്‌വീലുൽ മുഖ്തലഫിൽ ഹദീസ്" എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥം തന്നെ ഹദീസിന്റെ വിഷയത്തിൽ അദ്ദേഹത്തിന്റെ ആഴത്തിലുള്ള വിജ്ഞാനത്തെ ശരിക്കും പ്രകടിപ്പിക്കുന്നുണ്ട്. ഇമാം ദഹബി(റ) അദ്ദേഹത്തെക്കുറിച്ച് എഴുതുന്നത് കാണുക: ഇബ്നു ഖുത്തൈബ(റ) ധാരാളം ഗ്രന്ഥങ്ങളുടെ ഉടമസ്ഥനും വളരെയധികം വിശ്വസ്തനുമാണ്. ഖത്വീബ്(റ) പറയുന്നു: ഇബ്നു ഖുത്തൈബ(റ) വിശ്വസ്തനും മതബോധമുള്ള ആളുമാണ് (മീസാൻ : 2-593) ശൈഖുൽ ഇസ്‌ലാം ഇബ്നുത്തീമിയ്യ(റ) അഹ്‌ലുസ്സുന്നത്തിന്റെ ആളായി ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. അപ്പോൾ മാസപ്പിറവിയുടെ വിഷയത്തിൽ ഇദ്ദേഹത്തിന് അഭിപ്രായം പറയുവാൻ ഇദ്ദേഹം പണ്ഡിതനല്ലായെന്നത് പ്രതിപക്ഷം എക്കാലവും സ്വീകരിച്ചു പോന്ന ഒരു ദുർബ്ബലമായ പിടികയറാണ്. ഇബ്നു അറബി(റ) ഖഫാൽ(റ) അബുൽതയ്യിബ് (ഹി 306ൽമരണം) അബൂഹാമിദ് ഇസ്ഫറാനി (മരണം : 406) അബ്ദുൽവഹാബ് (മരണം:768) മുതലായവരും ഈ അഭിപ്രായം പ്രകടിപ്പിക്കുന്നു. മുസ്‌ലിം സമൂഹത്തിലെ വിവിധ വ്യക്തികളെയും വിവിധ കാലഘട്ടങ്ങളിൽ ജീവിക്കുന്ന മുസ്‌ലിം സമൂഹത്തേയും പരിഗണിച്ച് കൊണ്ട് ഒരു വിഷയത്തിൽ തന്നെ വിവിധങ്ങളായ മതവിധികൾ ഇസ്‌ലാം നിർദ്ദേശിച്ചതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഹദീസു ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

**വിശദീകരണം:5** ഹദീസിന്റെ ബാഹ്യം പിടിക്കുകയാണെങ്കിൽ 29ന്റെ

അന്നു മാസപിറവി കണ്ടെന്ന് വല്ലവനും പറഞ്ഞാൽ അതു അംഗീകരിക്കൽ നിർബ്ബന്ധമാണ്. കണക്കുമായി യോജിച്ചാൽ എന്ന് നബി(സ) പറയുന്നില്ല. അതുപോലെ മറ്റുള്ള വിഷയങ്ങളിലും കണക്ക് ഉപേക്ഷിച്ച് ഹദീസിൽ പറഞ്ഞതുപോലെ പ്രവർത്തിക്കണം. റമദാനിൽ നോമ്പ് മുറിക്കുവാനും ദർശനത്തെ അവലംബിക്കുവാനാണ് നബി(സ) കല്പിക്കുന്നത്. നബി(സ)യും സഹാബിവര്യൻമാരും നോമ്പ് മുറിച്ചിരുന്നതും ആകാശത്തേക്ക് നോക്കിക്കൊണ്ടായിരുന്നു. കലണ്ടറിനെ അവലംബിച്ചുകൊണ്ടായിരുന്നില്ല. ചില ഹദീസുകൾ കാണുക:

عن عبد الله بن ابى اوفى (ر) قال رسول الله (ص) اذا رأيتم الليل قد اقبل من هاهنا فقد افطر الصائم (البخارى) وفى رواية وأشار باصبعة قبل المشرق (البخارى)

അബ്ദുല്ല(റ) നിവേദനം: നബി(സ) അരുളി: രാത്രിയെ അവിടെനിന്ന് വരുന്നതു നിങ്ങൾ കണ്ടാൽ നോമ്പനുഷ്ഠിക്കുന്നവൻ നോമ്പ് മുറിച്ചു (ബുഖാരി:ഹ:നമ്പർ:1955) ശേഷം നബി(സ) തന്റെ വിരൽകൊണ്ട് കിഴക്ക് ഭാഗത്തേക്ക് ചൂണ്ടിക്കാണിച്ചു (ബുഖാരി:ഹ:നമ്പർ: 1956)

عن أسماء بنت ابن بكر (ر) قالت افطرنا على عهد النبى (ص) يوم غيم ثم طلعت الشمس (البخارى)

അസ്മാഅ്(റ) നിവേദനം: ഞങ്ങൾ ആകാശം മേഘാവൃതമായ ഒരുദിവസം നബിയുടെ കാലത്ത് നോമ്പ് തുറന്നു. ശേഷം സൂര്യൻ മേഘത്തിന്റെ ഉള്ളിൽ നിന്ന് ഉദിച്ചുവന്നു (ബുഖാരി : ഹ:നമ്പർ: 1959). ഖലീഫാ ഉമർ(റ)ന്റെ കാലത്തും ഇപ്രകാരം സംഭവിക്കുകയുണ്ടായി (ഇബ്നു അബീശൈബ: ഇമാം മാലിക്) നമസ്കരിക്കുവാൻ വേണ്ടി നിങ്ങൾ കണക്കു ഉപയോഗിക്കുവിൻ എന്ന് നബി(സ) പ്രസ്താവിക്കുകയോ കണക്കിനെ അവലംബമാക്കുകയോ ചെയ്തിട്ടില്ല. ഉദയ വ്യത്യാസം തീരുമാനിക്കുവാനും കണക്കിനെ അവലംബിച്ചിട്ടില്ല. ഇമാം റഷീദുറിളാ(റ) പറയുന്നു:

وجملة القول أننا بين أمرين اما أن نعمل بالرؤية فى جميع مواقيت العبادات اخذا ايطواهر النصوص وحسبانها تعبد ية

ചുരുക്കത്തിൽ തീർച്ചയായും നാം രണ്ട് കാര്യങ്ങൾക്കിടയിലാണ്. ഒന്നു



കിൽ ഹദീസിന്റെയും ഖുർആന്റെയും ബാഹ്യമായ നിർദ്ദേശം അടിസ്ഥാനമാക്കി കാഴ്ചയെ എല്ലാ ആരാധനകളുടെയും സമയം അറിയുവാൻ വേണ്ടി അവലംബമാക്കുക. കാഴ്ചയെ അവലംബമാക്കലും ആരാധനയായി കണക്കാക്കി. അപ്പോൾ ബാങ്ക് വിളിക്കുന്ന എല്ലാവരുടെയും മേൽ പ്രഭാതത്തിന്റെ വെളിച്ചം ചക്രവാളത്തിൽ നീണ്ട നിലക്ക് വ്യാപിച്ചതായി കാണുന്നതുവരെ ബാങ്ക് വിളിക്കാതിരിക്കൽ നിർബ്ബന്ധമായി. സൂര്യൻ ആകാശമധ്യത്തിൽ നിന്ന് തെറ്റിയതുകാണുന്നതുവരേക്കും അസ്തമിച്ചത് കാണുന്നതുവരേക്കും. അല്ലെങ്കിൽ ഉറപ്പായ കണക്കിനെ അവലംബമാക്കി പ്രവർത്തിക്കുക. തീർച്ചയിലും അതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുമായി ഏറ്റവും അടുക്കുന്നത്. അത് സമയത്തെ സംബന്ധിച്ച ഉറപ്പായ അറിവ് ലഭിക്കുക എന്നതാണണ്. അതിൽ ജനങ്ങൾ ഭിന്നിക്കാതിരിക്കലും (തഫ്സീറുൽ മനാർ 2-188).

# ചന്ദ്രമാസ നിർണയവും പരിശുദ്ധ ഖുർആനും

പരിശുദ്ധ ഖുർആൻ വിജ്ഞാനത്തിന്റെ ശത്രുവല്ല. എല്ലാതരം ഭൗതിക വിജ്ഞാനത്തെയും ഖുർആൻ പ്രോത്സാഹിപ്പിക്കുകയും ഒരു പരിധിവരെ നിർബ്ബന്ധമാക്കുകയും ചെയ്യുന്നു. പരിശുദ്ധ ഖുർആൻ പ്രോത്സാഹിപ്പിക്കുന്ന വിജ്ഞാന ശാഖകളിൽ പ്രധാനമായതാണ് ജ്യോതിശാസ്ത്രം (അസ്ട്രോണമി) ഗോളങ്ങൾ സഞ്ചരിക്കുന്നതു നിർണ്ണിതവും വ്യവസ്ഥാപിതവുമായ കണക്കിന്റെ അടിസ്ഥാനത്തിലാണ്. ഈ കണക്കുകൾ പഠിക്കുവാനും അങ്ങനെ കണക്കിന്റെ അടിസ്ഥാനത്തിൽ സമയങ്ങളും മാസങ്ങളും വർഷങ്ങളും തീരുമാനിക്കുവാനുമാണ് പരിശുദ്ധ ഖുർആൻ അതിന്റെ അനുയായികളോട് കല്പിക്കുന്നത്. ഖുർആൻ നിർദ്ദേശിക്കുന്നു.

"هو الذى جعل الشمس ضياء والقمر نورا وقدره منازل لتعلموا عدد السنين والحساب ماخلق الله ذلك إلا بالحق يفصل الآيات لقوم يعلمون" (يونس)

സൂര്യനെ ജ്വലിക്കുന്ന വെളിച്ചമായും ചന്ദ്രനെ പ്രകാശമായും ഉണ്ടാക്കിയവൻ അവനാണ്. വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനായി. അതിന് ചില സഞ്ചാരപഥങ്ങൾ അവൻ കണക്കാക്കി. അവയെ അവൻ സൃഷ്ടിച്ചത് യഥാർത്ഥമായിട്ടു മാത്രമാണ്. ചിന്തിക്കുന്ന ജനതക്ക് ദൃഷ്ടാന്തങ്ങളെ അവൻ വിവരിക്കുന്നു (യൂനുസ് : 5) വർഷങ്ങളുടെ എണ്ണം അറിയുവാൻ വേണ്ടി എന്ന് പറഞ്ഞ് അല്ലാഹു മതിയാകുന്നില്ല. പ്രത്യുത കണക്കും നിങ്ങൾ പഠിക്കണം എന്നാണ് കല്പിക്കുന്നത്. അതായത് കണക്കിലൂടെയായിരിക്കണം വർഷങ്ങളും മാസങ്ങളും തീരുമാനിക്കേണ്ടതെന്ന് അല്ലാഹു ഉണർത്തുകയാണ്. കണക്കിനെ ഊഹം എന്നല്ല പ്രത്യുത ഇൽമ് (വിജ്ഞാനം) എന്നാണ് അല്ലാഹു പറയുന്നത്. രണ്ടോ മൂന്നോ ആളുകൾ മാസപ്പിറവി



കണ്ട് എന്ന് പറഞ്ഞാൽ അതുകൊണ്ട് അറിവ് ലഭിക്കുകയില്ലെന്നും കേവലം മികച്ച ഊഹം മാത്രമേ ലഭിക്കുകയുള്ളൂവെന്നും ഹദീസ് പണ്ഡിതൻമാരും കർമ്മ ശാസ്ത്ര പണ്ഡിതൻമാരും വ്യക്തമാക്കുന്നുണ്ട്. അറിവ് അനുസരിച്ച് പ്രവർത്തിക്കുവാൻ ഊഹവുമായി യോജിക്കണമെന്ന വാദം തനിച്ച ഖുർആൻ നിഷേധമാണ്. മുഹമ്മദ് നബിയുടെയും സഹാബത്തിന്റെയും കാലത്ത് നവചന്ദ്രനെ ദർശിച്ചുവെന്ന് ഒരാൾ പറഞ്ഞാൽ ഉണ്ടാകുന്ന അറിവിനെക്കാൾ നവചന്ദ്രന്റെ ഉദയത്തെ മനസ്സിലാക്കുവാൻ മറ്റൊരു അറിവ് അവിടെയുണ്ടായിരുന്നില്ല. ഊഹം ഉണ്ടായില്ല എന്ന കാരണണത്താൽ അറിവിനെ മുഹമ്മദ് നബി(സ) ചന്ദ്രന്റെ ഉദയവും മാസവും തീരുമാനിക്കുന്ന വിഷയത്തിൽ ഒരിക്കലും ഉപേക്ഷിക്കുക എന്ന വിഡ്ഢിത്തം പ്രവർത്തിച്ചിട്ടില്ല. പ്രവർത്തിക്കുകയുമില്ല. രണ്ട് മിനുട്ട് സൂര്യാസ്തമനത്തിന് ശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടെന്ന ഖണ്ഡിതമായ അറിവ് ഉണ്ടായിട്ടും ചില ഹിലാൽ കമ്മിറ്റികൾ മാസപ്പിറവി കണ്ടതായി ആരും പറഞ്ഞില്ല എന്ന കാരണത്താൽ ഉറപ്പായ അറിവിനെ ഉപേക്ഷിച്ച് പെരുന്നാളിന്റെ ദിവസം നോമ്പ് പിടിക്കുകയും മറ്റൊരു മാസത്തിൽ രണ്ടു മിനുട്ട് ഉണ്ടായതിനാൽ മാസപ്പിറവി കണ്ട് എന്ന് ചിലർ നുണ പറഞ്ഞതിനാൽ (ഇരുപത് മിനുട്ടു ഉണ്ടായാൽ പോലും നവചന്ദ്രനെ ദർശിക്കുവാൻ സാധ്യമല്ല.) പെരുന്നാൾ ആഘോഷിക്കുകയും ചെയ്ത സംഭവം ബുദ്ധിജീവികൾ ഉള്ള ഈ കേരളത്തിൽ സംഭവിച്ചത് ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടാവും. സത്യം അംഗീകരിക്കുവാൻ നുണ പറയുന്നതിന്റെ പിൻബലം കൂടി ഉണ്ടാവവണമെന്ന് പരിശുദ്ധ ഖുർആന്റെ അനുയായികൾ എങ്ങിനെയാണ് പറയുക!? ഉറപ്പായ അറിവിനെ ഊഹം ഉണ്ടായില്ല എന്ന കാരണത്താൽ എങ്ങിനെയാണ് ഖുർആന്റെ അനുയായികൾ വർജ്ജിക്കുക?

പരിശുദ്ധ ഖുർആൻ പറയുന്നു:

"وجعلنا الليل والنهار آيتين فمحونا آية الليل وجعلنا آية النهار مبصرة لتبتغوا فضلا من ربكم ولتعلموا عدد السنين والحساب وكل شيئ فصلناه تفصيلا" (الإسراء)

രാവിനെയും പകലിനെയും നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. രാവാകുന്ന ദൃഷ്ടാന്തത്തെ നാം മങ്ങിയതാക്കുകയും പകലാകുന്ന ദൃഷ്ടാന്തത്തെ നാം വെളിച്ചം നല്കുന്നതാക്കുകയും ചെയ്തു. നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള അനുഗ്രഹം നിങ്ങൾ തേടുന്നതിനു വേണ്ടിയും കൊല്ലങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടിയും.

ഓരോ കാര്യവും നാം നല്ലവണ്ണം വ്യക്തമാക്കിയിരിക്കുന്നു (അൽ - ഇസ്റാഅ്:12) പകലിലെയും രാത്രിയിലെയും സമയങ്ങൾ (അസർ, ളുഹ്ർ, വൈകുന്നേരം, പ്രഭാതം) മനസ്സിലാക്കുവാൻ നബി(സ) നോമ്പും പെരുന്നാളും തീരുമാനിക്കുവാൻ കണക്കിനെ അവലംബമാക്കാതിരുന്നതുപോലെ അവലംബമാക്കിയിരുന്നില്ല. കാഴ്ചയെയും മറ്റു ചില മാർഗ്ഗങ്ങളെയുമായിരുന്നു അവലംബിച്ചിരുന്നത്. കണക്കിന് നിഷിദ്ധമായിരുന്നതുകൊണ്ടല്ല പ്രത്യുത അറിവ് കണക്കിലൂടെ മനസ്സിലാക്കുവാനുള്ള അറിവ് ഇല്ലാത്തതുകൊണ്ടായിരുന്നു. വിമാനത്തിലും ബസ്സിലും മറ്റും സഞ്ചരിക്കാത്തതുപോലെയും വാർത്ത അറിയുവാനും അറിയിക്കുവാനും ഫോൺ, റേഡിയോ, ടെലിവിഷൻ മുതലായവ ഉപയോഗിക്കാത്തതുപോലെയും. കണക്ക് ഗ്രഹിച്ചുകൊണ്ടായിരിക്കണം സമയങ്ങളും വർഷങ്ങളും നിർണ്ണയിക്കേണ്ടതെന്ന് അല്ലാഹു ഇവിടെയും ഉണർത്തുന്നു. ചന്ദ്രൻ സൂര്യാസ്തമനത്തിന് ശേഷം ഇത്ര മിനുട്ടുണ്ട് അതിനാൽ നവചന്ദ്രനെ കണ്ടാൽ വിവരം അറിയിക്കണമെന്ന് ഖുർആന്റെ ഈ സൂക്തത്തെ നബിയും അനുചാൻമാരും ആദരിച്ചതിനാൽ അവരുടെ ജീവിതത്തിൽ ഒരു പ്രാവശ്യം പോലും പരസ്യം നല്കിയിട്ടില്ല. നല്കുകയുമില്ല. കാരണം മുഹമ്മദ് നബിയെ നിയോഗിച്ചതു ഖുർആന്റെ നിർദേശങ്ങൾക്ക് എതിരാകുവാനല്ല. ആ മഹാത്മാവ് ഒരിക്കലും സമയങ്ങളും മാസങ്ങളും നിർണ്ണയിക്കുവാൻ നിങ്ങൾ കണക്കിനെ അവലംബമാക്കുവാൻ പാടില്ലെന്ന് പറഞ്ഞതു ഒരു ദുർബ്ബല ഹദീസിലൂടെ പോലും സ്ഥാപിക്കുവാൻ ഒരാൾക്കും സാധ്യമല്ല. ജ്യോത്സ്യൻമാരുടെയും മറ്റും കണക്കിനെയാണ് അവിടുന്നു വിരോധിച്ചത്. ഇവരണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതിൽ ശൈഖുൽ ഇസ്ലാം ഇബ്നുത്തീമിയ്യ(റ)ക്ക് പോലും പിഴവ് സംഭവിച്ചിട്ടുണ്ട്. കാരണം മാസപ്പിറവി തീരുമാനിക്കുവാൻ കണക്കിനെ അവലംബമാക്കുവാൻ പാടില്ലെന്ന് പറയുന്നതു ജ്യോത്സ്യൻമാരെയും രാശിവെച്ച് ഭാവി പ്രവചിക്കുന്നവരുടെ കണക്കിനെയും നബി(സ) വിരോധിച്ച ഹദീസുകൾ ഉദ്ധരിച്ചുകൊണ്ടാണ്. അല്ലാഹു കണക്കിനെ നിങ്ങൾ പഠിക്കണമെന്ന് പറയുമ്പോൾ പ്രവാചകൻ ഒരിക്കലും അതു പഠിക്കുവാൻ പാടില്ലെന്ന് പറയുകയില്ലല്ലോ.

"فالق الإصباح وجعل الليل سكنا والشمس والقمر حسبانا ذلك تقدير العزيز العليم" (الأنعام)

ഇരുളിൽനിന്ന് ഉഷസ്സിനെ പിളർക്കുന്നവൻ (അവനാണ്) രാത്രിയെ



അവൻ (പൊതുവായ നിലക്ക്) പ്രശാന്തമാക്കിയിരിക്കുന്നു. സൂര്യനേയും ചന്ദ്രനേയും (നിർണ്ണയിക്കപ്പെട്ട) കണക്കിൽ ചരിക്കുന്നവയുമാക്കിയിരിക്കുന്നു. അത് സർവ്വ ശക്തനും അറിവുറ്റവനുമായ അല്ലാഹുവിന്റെ വ്യവസ്ഥപ്പെടുത്തലാണ് (സൂറ:6:96) ന്യൂനതകൾ ഉള്ള മനുഷ്യന്റെ കണ്ണിന്റെ കാഴ്ചക്ക് പിഴവുകൾ സംഭവിക്കും. എന്നാൽ സർവ്വ ശക്തനും അറിവുറ്റവനുമായ അല്ലാഹുവിന്റെ കണക്കിന് പിഴവ് സംഭവിക്കുകയില്ല. ഇല്ലാത്ത വസ്തുവിനെ വരെ കണ്ണുകൊണ്ട് ഉള്ളതായി ദർശിക്കുമെന്ന് ആധുനിക ശാസ്ത്രം വ്യക്തമാക്കുന്നു.

"والشمس والقمر بحسبان" (الرحمان)

സൂര്യനും ചന്ദ്രനും (നിർണ്ണയിക്കപ്പെട്ട) കണക്കിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു (സൂറ: 55:5)

"ان عدة الشهور عند الله اثنا عشر شهرا في كتاب الله يوم خلق السماوات والأرض" (التوبة)

തീർച്ചയായും ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. (സൂറ: 9:36) മനുഷ്യന്റെ കാഴ്ചയിലൂടെയും ഖാളിമാരുടെയും ഹിലാൽ കമ്മിറ്റികളുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് മാസങ്ങൾ തീരുമാനിക്കേണ്ടതെന്ന ചിന്താഗതിയെ അല്ലാഹു ഇവിടെ ഖണ്ഡിക്കുന്നു. കാരണം മനുഷ്യരെ സൃഷ്ടിക്കുന്നതിന്റെ മുമ്പ് തന്നെ അവന്റെ അടുത്തു വർഷത്തിന് പന്ത്രണ്ട് മാസമാണ്. ഈ മാസങ്ങളെ അവൻ മാറ്റി മറിക്കുന്നത് നിർണ്ണിതമായ കണക്കിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യന്റെ ദർശനത്തിന്റെ അടിസ്ഥാനത്തിലല്ല. ഇനി പന്ത്രണ്ട് മാസവും കണ്ടാൽ അറിയിക്കണമെന്ന് ഇവർ പരസ്യം ചെയ്യാറുണ്ടോ? ദർശനത്തിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ട് മാസവും തീരുമാനിക്കാറുണ്ടോ? പ്രവാചകൻ ചില മാസങ്ങൾ തീരുമാനിക്കുവാൻ കണക്കിനെയും കലണ്ടറിനെയും ആശ്രയിക്കുക. ചില മാസങ്ങൾ തീരുമാനിക്കുവാൻ ദർശനത്തെയും ആശ്രയിക്കുക. ഇപ്രകാരം ഒരു നയം സ്വീകരിച്ചിരുന്നുവോ?

"والشفع والوتر" (سورة الفجر)

ഇരട്ടയും ഒറ്റയും എന്നത് കൊണ്ട് സത്യം (സൂറ:89:3) ഈ സൂക്തത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം റാസി(റ) എഴുതുന്നു:

المراد بالشفع والوتر نفس العدد فكأنه أقسم بالحساب الذى لابد للخلق منه وهو بمنزلة الكتاب والبيان الذى من الله به على العباد اذ قال (علم الإنسان مالم يعلم) وقال (علمه البيان) وكذالك بالحساب يعرف مواقيت العبادات والأيام والشهور· قال تعالى (الشمس والقمر بحسبان) وقال (لتعلموا عدد السنين والحساب ما خلق الله ذلك إلا بالحق) .

ഇരട്ടയും ഒറ്റയും എന്നത് കൊണ്ട് അല്ലാഹു ഇവിടെ ഉദ്ദേശിക്കുന്നത് കണക്കിനെയാണ്. അതായത് അല്ലാഹു കണക്കിനെ പിടിച്ച് കൊണ്ട് ഇവിടെ സത്യം ചെയ്യുകയാണ്. കാരണം കണക്ക് സൃഷ്ടികൾക്ക് അനിവാര്യമായതാണ്. കണക്ക് അല്ലാഹു സൃഷ്ടികൾക്ക് അവൻ ഇറക്കിയ വേദഗ്രന്ഥത്തിന്റെയും സുന്നത്തിന്റെയും സ്ഥാനത്ത് തന്നെയാണ് നിലകൊള്ളുന്നത്. നിശ്ചയം അവൻ പറഞ്ഞു (അവൻ മനുഷ്യനെ പേരുകൊണ്ടു എഴുതുവാൻ പഠിപ്പിച്ചു. അപ്രകാരം മനുഷ്യന് അജ്ഞാതമായത് അവൻ അവനെ പഠിപ്പിച്ചു.)



## അടിസ്ഥാനം മാസപ്പിറവി തന്നെ, കാഴ്ചയല്ല

അല്ലാഹു പരിശുദ്ധ ഖുർആനിൽ പറയുന്നു:

شهر رمضان الذى انزل فيه القرآن هدى للناس وبينات من الهدى والفرقان فمن شهد منكم الشهر فليصمه (البقرة)

മനുഷ്യർക്ക് മാർഗ്ഗദർശകവും നേർവഴിയെ കുറിച്ച് വ്യക്തമായ തെളിവുകളും (നന്മ തിന്മകളെ വേർതിരിക്കുന്ന) വിവേചകവും ആയി ഖുർആൻ ഇറക്കപ്പെട്ട റമദാൻ മാസം! അതുകൊണ്ടു നിങ്ങളിൽ ആര് ആ മാസത്തിന് സാക്ഷിയായോ അയാൾ അതിൽ വൃതം അനഷ്ഠിക്കട്ടെ (സൂറ:2:185) മാസത്തിന് സാക്ഷ്യം വഹിക്കുകയെന്നതിന്റെ താൽപര്യം മാസമായിട്ടുണ്ടെന്നതിനെക്കുറിച്ച് ശരിയായ ബോധം ഉണ്ടാവുകയെന്നതാണ്. കണ്ണുകൊണ്ട് മാസപിറവി ദർശിക്കുകയെന്നതല്ല. ഈ കാര്യം കാഴ്ചയെ അവലംബമാക്കണമെന്ന് പറയുന്നവർ പോലും അംഗീകരിക്കുന്നുണ്ട്.

المراد شهود الوقت لا شهود رؤية الهلال اذ قد لايراه الا واحد او إثنان

ആയത്തിന്റെ ഉദ്ദേശ്യം സമയത്തിന് സാക്ഷിയാവുകയെന്നതാണ്. മാസപിറവിയെ കണ്ണുകൊണ്ട് ദർശക്കുകയെന്നതല്ല. കാരണം മാസപ്പിറവിയെ ഒന്നോ രണ്ടോ വ്യക്തികൾ മാത്രമെ ദർശിക്കുകയുള്ളൂ എന്ന് അവരെല്ലാം എഴുതുന്നു. കണ്ണുകൊണ്ടുള്ള ദർശനമാണ് ആയതിൽ ഉദ്ദേശിക്കുന്നതെന്ന് പറയുന്നപക്ഷം മാസപ്പിറവിയെ ദർശിക്കുന്നവർ മാത്രം നോമ്പനുഷ്ഠിച്ചാൽ മതിയെന്ന് പറയേണ്ടിവരും. ആര് സാക്ഷി നിന്നോ അവൻ നോമ്പ് പിടിക്കട്ടെ എന്നാണല്ലോ അല്ലാഹു നിർദ്ദേശിക്കുന്നത്. അപ്പോൾ ആയത്തിന്റെ അർത്ഥം മാസപിറവിയെ ദർശിക്കുക എന്നതാവാൻ ഒരിക്കലും ന്യായമില്ല. സമയത്തെക്കുറിച്ച് ബോധവാനാവുകയെന്നതാണ് ഖുർആൻ വിവക്ഷിക്കുന്നത്. കണ

ക്കിന്റെ അടിസ്ഥാനത്തിൽ സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പായി തന്നെ ചന്ദ്രൻ അസ്തമിക്കുമെന്ന് മനസ്സിലായാൽ ആ ദിവസം നവചന്ദ്രനെ ദർശിച്ചതായി വിവരം ലഭിച്ചാലും സ്വീകരിക്കാൻ പാടില്ലെന്ന് കർമ്മശാസ്ത്ര പണ്ഡിതൻമാർ പറഞ്ഞതു നാം ഉദ്ധരിച്ചു. അപ്പോൾ ഇവരും പിറവിയാണ് അടിസ്ഥാനമെന്ന് സമ്മതിക്കുന്നു.

കാഴ്ച അതു മനസ്സിലാക്കുവാനുള്ള ഒരു ദുർബ്ബല മാർഗ്ഗം മാത്രമാണ്. ശഅബാൻ 30 പൂർത്തിയായാൽ റമദാനിലെ നവചന്ദ്രനെ ദർശിക്കാത്തപക്ഷവും നോമ്പ് പിടിക്കണമെന്ന് എല്ലാവരും അംഗീകരിക്കുന്നു. കാരണം ഈ സന്ദർഭത്തിൽ കാഴ്ചക്ക് സാക്ഷിനിൽക്കാത്ത പക്ഷവും സമമായിട്ടുണ്ടെന്ന് ഖണ്ഡിതമാണ്. ഇതിൽനിന്ന് മാസപിറവി തന്നെയാണ് അടിസ്ഥാനമെന്ന് ഗ്രഹിക്കാൻ പ്രയാസമില്ല. അതുപോലെ തന്നെ ശഅ്ബാൻ 28ന് കാഴ്ചക്ക് സാക്ഷി നിൽക്കുന്നപക്ഷവും അതിനെ അംഗീകരിക്കുവാൻ പാടില്ലായെന്നും എല്ലാവരും സമ്മതിക്കുന്നു. കാരണം ഈ സന്ദർഭത്തിൽ ചന്ദ്രൻ ഒരിക്കലും ഉദിക്കുകയില്ലായെന്നത് ഖണ്ഡിതമാണ്.

ആറുമാസം പകലും ആറ് മാസം രാവും അനുഭവപ്പെടുന്ന സ്ഥലങ്ങൾ ഭൂമിയിൽ ഉണ്ട്. അവിടെ ചന്ദ്രപ്പിറവി തീരെ അനുഭവപ്പെടുകയില്ല. അപ്പോൾ ഏറ്റവും അടിസ്ഥാനം ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കു ക എന്നതാണ്. സൂക്ഷ്മജ്ഞാനിയായ അല്ലാഹുവിന് ഈ യാഥാർത്ഥ്യം അറിയാം. അവൻ തന്നെയാണ് ഈ പ്രതിഭാസവും ഭൂമിയിൽ സൃഷ്ടിച്ചത്. ഇതുകൊണ്ടാണ് ഭൂമിയിൽ ആദ്യമായി നവചന്ദ്രൻ ഉണ്ടായാൽ അതിനെ അടിസ്ഥാനമാക്കി എല്ലാവരും ചന്ദ്രമാസത്തെ കണക്കാക്കണമെന്ന് അവൻ നിർദേശിക്കുന്നത്. തന്റെ നാട്ടിൽതന്നെ കാണപ്പെടണമെന്ന് വാശിപിടിക്കാതെ.



# നബിചര്യയും ഉദ്ദേശ്യവും

ചില ഹദീസുകളുടെ ബാഹ്യമായ നിർദേശം നാം അംഗീകരിക്കുന്നപക്ഷം പ്രവാചകനെ നാം പിൻപറ്റിയവർ ആവുകയില്ല. പ്രത്യുത പ്രവാചകനെ ധിക്കരിച്ചവരാവുകയാണ് ചെയ്യുക. ഇത്തരം സന്ദർഭങ്ങളിൽ ഹദീസിന്റെ ഉദ്ദേശത്തിലേക്ക് നാം മടങ്ങി അതിനെ പിൻതുടരുക എന്നതാണ് പ്രവാചകനെ അനുസരിക്കൽ. ചില ഉദാഹരണങ്ങളിലൂടെ ഇതു വിവരിക്കാം.

عن ابن عمر (ر) فرض رسول الله (ص) زكاة الفطر صاعا
من تمر اوصاعا من شعير او صاعامن اقط اوصاعامن زبيب
(البخارى ومسلم)

ഇബ്നു ഉമർ(റ) നിവേദനം. നബി(സ) ഫിത്വർ സകാത്ത് നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഒരു സ്വാഅ് ഈത്തപ്പഴമോ ബാർലിയോ വെണ്ണയോ മുന്തിരിയോ ആണ് നല്കേണ്ടത് (ബുഖാരി, മുസ്ലിം) നബി(സ)യും സഹാബിവര്യൻമാരും നാം ഇന്ന് നല്കിവരുന്ന അരി ഒരിക്കലും ഫിത്വർ സകാത്തായി നല്കിയിട്ടില്ല. നല്കാൻ പറയുന്നുമില്ല. എന്നാൽ നാം നല്കേണ്ടത് അരിയാണ്.

عن ابى ايوب الانصار قال رسول الله (ص) اذا اتى احدكم
الغائط فلا يستقبل القبلة و لا يوليها ظهره شرّقوا او غربوا
(ابخارى ومسلم)

അബൂ അയ്യൂബ്(റ) നിവേദനം: നബി(സ) അരുളി: നിങ്ങളിൽ വല്ലവനും മലമൂത്ര വിസർജന സ്ഥലത്ത് ചെന്നാൽ ഖിബ്ലക്ക അഭിമുഖമായിട്ടോ പുറം തിരിഞ്ഞോ ഇരിക്കരുത്. നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞി

**തിക്കുവീൻ** (ബുഖാരി മുസ്‌ലിം) മദീനയുടെ തെക്ക് വടക്ക് ഭാഗത്താണ് മക്ക **സ്ഥിതി ചെയ്യുന്നത്**. അതിനാൽ അവരോട് നബി(സ) പ്രസ്താവിച്ചതാണ് **പടിഞ്ഞാറ്** ഭാഗത്തേക്ക് തിരിയുവാൻ. എല്ലാ മനുഷ്യനോടും ശാശ്വതവും **അലംഘ**നീയവുമായ ഒരു നിയമമെന്ന നിലക്ക് മലമൂത്ര വിസർജ്ജന സമ**യത്ത്** കിഴക്കോട്ടും പടിഞ്ഞാറോട്ടും തിരിഞ്ഞിരിക്കാൻ കല്പിച്ചതല്ല. ഇവിടെ ഹദീസിന്റെ ഉദ്ദേശമാണ് നാം സ്വീകരിക്കേണ്ടത്.

عن انس (ر) قال رسول الله (ص) البزاق فى المسجد خطيئة وكنارتها دفنها (البخارى ومسلم)

അനസ്(റ) നിവേദനം: നബി(സ) അരുളി: പള്ളിയിൽ തുപ്പുന്നത് ഒരു കുറ്റമാണ്. എന്നാൽ അതിന്റെ പ്രായശ്ചിത്തം അതു പള്ളിയിൽ തന്നെ കുഴിച്ചുമൂടുന്നതാണ് (ബുഖാരി മുസ്‌ലിം) ശാശ്വതവും അലംഘനീയവുമായ നിയമമെന്ന നിലക്ക് നബി(സ) കല്പിച്ച ഒരു മതനിയമമല്ല ഇത്. പ്രവാചകന്റെ കാലത്ത് പള്ളിയുടെ അകം മണലായിരുന്നു. അതിനാലാണ് പള്ളിയിൽ തുപ്പിയാൽ അതിനെ അവിടെത്തന്നെ കുഴിച്ചിടുവാൻ കല്പിച്ചത്. നബി(സ) അറബീഭാഷയിലാണണ് ഖുതുബ നിർവ്വഹിച്ചിരുന്നത്. എന്നാൽ ഇവിടെ നാം അറബി ഭാഷയിൽ ഖുതുബ: നിർവ്വഹിക്കുകയല്ല വേണ്ടത്. പ്രത്യുത ജനങ്ങൾക്ക് മനസ്സിലാകുക എന്ന തത്വം സ്വീകരിച്ച പ്രാദേശിക ഭാഷയിൽ നിർവ്വഹിക്കുക എന്നതാണ് നബിയെ പിൻപറ്റൽ.



## ന്യൂമൂൺ എന്ന പുകമറ

“ന്യൂ മൂണിനെ അടിസ്ഥാനമാക്കി നോമ്പും പെരുന്നാളും ആരംഭിക്കുക എന്നത് ജൂതന്മാരുടെ ചര്യയാണെന്നും സൂര്യൻ അസ്തമിച്ച ശേഷം ചക്രവാളത്തിൽ ഉണ്ടാകുന്ന ഹിലാലിനെയാണ് ഇസ്‌ലാം അടിസ്ഥാനമാക്കുന്നത്. എന്നും ചിലർ ഉന്നയിക്കാറുണ്ട്.” ഇതു സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുവാനുള്ള ഒരു കുതന്ത്രം മാത്രമാണ്. 29ൽ ഹിലാൽ ഉണ്ടാവുകയോ 30 പൂർത്തിയായാൽ പിറ്റെ ദിവസം മാസം തുടങ്ങുക എന്നതാണ് ശരീഅത്തിന്റെ മാനദണ്ഡം. 30 പൂർത്തിയായാൽ അന്ന് അസ്തമന ശേഷം ഹിലാൽ ഉണ്ടോ എന്ന് നോക്കേണ്ട ആവശ്യം ശരീഅത്തിലില്ല.

ന്യൂ മൂൺ അടിസ്ഥാനമാക്കി ഉണ്ടാക്കുന്ന ശാസ്ത്രീയ കലണ്ടർ ജൂതന്മാരുടെതാണെന്ന ആരോപണം ശരിയല്ല. അവരുടെ കലണ്ടർ ഒരു കൃത്രിമ ചന്ദ്രമാസക്കലണ്ടറായിരുന്നു. അതിനെയാണ് നബി(സ) തിരുത്തിയത് ശാസ്ത്രീയ ചന്ദ്രമാസം ഒരു ന്യൂമൂൺ മുതൽ അടുത്ത ന്യൂമൂൺ വരെയുള്ള കാല അളവാണ്. ന്യൂമൂൺ എന്നത് ജ്യോതി ശാസ്ത്ര സംബന്ധമായ ഒരു പ്രതിഭാസമാണ്.

ഇത് സൂര്യനും ചന്ദ്രനും ഭൂമിയും ഒരു രേഖയിൽ എത്തുന്ന നിമിഷമാണ്. ഇതു ഒരു രേഖയിൽ ഒരു തലത്തിൽ സംഗമിക്കുമ്പോൾ ഒരു സൂര്യഗ്രഹണം അനുഭവപ്പെടുന്നു. സൂര്യഗ്രഹണം ഒരു സ്ഥലത്തു പൂർണ്ണമായും അനുഭവപ്പെടുന്നത് ഏതാനും നിമിഷങ്ങളാണെങ്കിലും പലസ്ഥലങ്ങളിൽ കുറെ നേരം വരെ സൂര്യഗ്രഹണം കാണുവാൻ സാധിക്കും. സുമാർ സംഭവത്തിന് 9മണിക്കൂർ മുമ്പുമുതൽ സംഭവിച്ചതിന് 9മണിക്കൂർ ശേഷം വരെ ഗ്രഹണം ഭൂമിയിൽ കാണുവാൻ സാധിക്കും. ഇതുപോലെ ന്യൂമൂണും. ന്യൂമൂൺ സംഭവിക്കുന്ന സ്ഥലത്തു ആ സമയത്തു ഉച്ചയായിരിക്കും. അവിടെ സൂര്യൻ അസ്തമിക്കുമ്പോൾ ചന്ദ്രൻ അസ്തമിക്കുവാൻ ഏകദേശം 12മിനുട്ടുണ്ടാവും. സംഭവസ്ഥലത്തെ സമയവും ദിവസവുമാണ് ന്യൂമൂൺ കുറിക്കുവാനുള്ള മാനദ

ന്ധം. ന്യൂമൂൺ ഉണ്ടാകുന്ന സ്ഥലത്ത് അന്ന് വെള്ളിയാഴ്ചയാണെങ്കിൽ വെള്ളിയാഴ്ച ന്യൂമൂൺ ദിവസമായി കണക്കാക്കപ്പെടും. അതു മാസത്തിന്റെ അവസാന ദിവസമായിരിക്കും. അടുത്ത ദിവസമായ ശനിയാഴ്ച ഒന്നാം തിയ്യതിയായി കണക്കാക്കപ്പെടും. ഒന്നാം തിയ്യതി ശനിയാഴ്ച ആദ്യം തുടങ്ങുന്ന സ്ഥലത്തുള്ളവർ ആദ്യമായി മാസത്തിലേക്ക് പ്രവേശിക്കും. ചന്ദ്രന്റെ ഉദയ വ്യത്യാസം പരിഗണിക്കാതെ. ഓരോ സ്ഥലത്തുള്ളവർ ആ ദിവസത്തിന്റെ കർമ്മങ്ങളിൽ പ്രവേശിക്കുമ്പോൾ ന്യൂമൂൺ സമയം പരിഗണനീയമല്ല. ദിവസം എല്ലാവരും പാലിക്കുക എന്നതാണ് നിർബ്ബന്ധം.

അനാവശ്യമായ സംശയങ്ങൾ ഉന്നയിച്ച് ചിലർ കേരളത്തിൽ പോലും നോമ്പിന്റെയും പെരുന്നാളിന്റെയും വിഷയത്തിൽ ഐക്യമുണ്ടാകുന്നതിനെ നശിപ്പിക്കുവാൻ ശ്രമിക്കുകയാണ്. ദിവസവും സമയവും തെറ്റിച്ച് കൊണ്ട് ഐക്യമുണ്ടാക്കുന്നതിന് ഇവർക്ക് വിരോധവുമില്ല. അല്ലാഹുവും അവന്റെ പ്രവാചകനും പറഞ്ഞ രീതിയിൽ ഐക്യമുണ്ടാക്കുന്നതിനെയാണ് ഇവർ ശിഥിലീകരണവും ഭിന്നതയുണ്ടാക്കലുമായി കാണുന്നത്!



## സംശയങ്ങളും മറുപടിയും

1. ഭൂമിയിൽ ഒരേ സമയം രാത്രിയും പകലുമുണ്ട്. അമേരിക്കയിൽ രാത്രിയാകുമ്പോൾ ഇവിടെ പകലാണ്. മാസപ്പിറവി ചില സ്ഥലത്ത് ദർശിക്കുമ്പോൾ മറ്റു ചിലർക്കു പകൽസമയം ഉച്ചയായിരിക്കുമല്ലോ. അപ്പോൾ എങ്ങിനെ നോമ്പാരംഭിക്കും?

മറുപടി: പ്രശ്നം സങ്കീർണ്ണമാക്കുവാൻ ഉദ്ദേശിച്ച് ചിലർ ഉന്നയിക്കുന്ന ചോദ്യമാണിത്. ഭൂമിയിൽ ആദ്യമായി ഒരു സ്ഥലത്തു നവചന്ദ്രൻ പ്രത്യക്ഷപ്പെട്ടാൽ അതിനെ അടിസ്ഥാനമാക്കി ദർശനം ഉണ്ടായ നിമിഷം തന്നെ എല്ലാവരും നോമ്പും പെരുന്നാളും ആരംഭിക്കണമെന്ന് ഇവിടെ ആരും വാദിക്കുന്നില്ല. നവചന്ദ്രനെ ദർശിച്ച സ്ഥലത്തുപോലും ആ നിമിഷം തന്നെ നോമ്പും പെരുന്നാളും ആഘോഷിക്കാറില്ല. അതുപോലെ നാം ഇവിടെ മാസപ്പിറവി കാണുന്ന ആ നിമിഷം തന്നെ നോമ്പും പെരുന്നാളും ആരംഭിക്കാറുമില്ല. പ്രഭാതം മുതൽ സൂര്യസ്തമനം വരെയാണ് നോമ്പിന്റെ സമയം. പെരുന്നാളിന്റെ സമയം സൂര്യൻ ഉദിച്ചുയർന്ന ശേഷമാണ്. അപ്പോൾ മാസപ്പിറവി കണ്ട് രാത്രി അവസാനിച്ച് ഏറ്റവും അടുത്ത പ്രഭാതത്തിലാണ് ആരംഭിക്കാറുള്ളത്. സ്വന്തം നാട്ടിൽ മാസപ്പിറവി ദർശിച്ച് നാട്ടിലെ ഖാളിയും ഹിലാൽ കമ്മിറ്റികളും തീരുമാനിക്കുവാൻ വേണ്ടി പ്രതീക്ഷിച്ചിരിക്കരുത്. ചന്ദ്രമാസം മാറുക ഇവരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശ്വസിക്കുകയും ചെയ്യരുത്. ഗോളങ്ങളുടെ ചലനം കാരണമാണ് സമയമാറ്റം സംഭവിക്കുക. ആദ്യമായി ലോകത്തു ഉദിച്ച നവചന്ദ്രനെ അവരും അടിസ്ഥാനമാക്കണം.

ഭൂമിയിൽ ആറുമാസത്തോളം രാത്രിയും പകലും അനുഭവപ്പെടുന്ന രാജ്യങ്ങളുണ്ട്. മുസ്ലിംകൾ അവിടെ താമസിക്കുകയും ചെയ്യുന്നുണ്ട്. ചന്ദ്ര ദർശനം തീരെ അവർക്ക് സാധിക്കുകയില്ല. ഇവിടത്തെ മുസ്ലിംകൾ ചന്ദ്ര ദർശനം ഇല്ലാത്തതിനാൽ നോമ്പും പെരുന്നാളും തീരെ അനുഷ്ഠിക്കേണ്ടതില്ലേ? ഉണ്ടെന്നാണ് നമ്മുടെ മറുപടി. അവർ മക്കയെ കേന്ദ്രമാക്കി പ്രവർത്തിക്കുക. മക്ക ഭൂമിയിൽ ആദ്യമായി ഉണ്ടായ നവ ചന്ദ്രനെ അടിസ്ഥാനമാക്കി മുസ്ലിംകൾക്ക്

നേതൃത്വവും ഐക്യരൂപവും നല്കുക. അല്ലങ്കിൽ ചന്ദ്രപിറവി തീരെ ഇല്ലാത്ത സ്ഥലങ്ങളിൽ അടുത്ത രാജ്യത്തെ അവലംബമാക്കുക. ആദ്യത്തെ രീതിയാണ് പരിശുദ്ധ ഖുർആന്റെ പ്രസ്താവനകളുമായി കൂടുതൽ യോജിക്കുക.

**2.** ളുഹ്ർ, അസർ പോലെയുള്ള നമസ്കാരവും ജുമുഅയും ഇതുപോലെ ഏകോപിക്കേണ്ടതില്ലേ? മക്കത്ത് ളുഹ്ർ നമസ്കരിക്കുമ്പോൾ തന്നെ നാമും ളുഹ്ർ നമസ്കരിക്കേണ്ടതില്ലേ?

മറുപടി: ബാലിശമായ ചോദ്യങ്ങളാണിവ. ജനങ്ങൾ ളുഹ്ർ നമസ്കരിക്കുമ്പോൾ ആണ് ളുഹ്ർ നമസ്കാരം. ജനങ്ങൾ അസ്വർ നമസ്കരിക്കുമ്പോൾ ആണ് അസർ നമസ്കാരം ജനങ്ങൾ സുബ്ഹ് നമസ്കരിക്കുമ്പോഴാണ് സുബ്ഹ് നമസ്കാരം എന്നൊന്നും നബി(സ) പ്രസ്താവിച്ചിട്ടില്ല. ഒരു പ്രദേശത്തെ ആളുകൾക്കിടയിൽ പോലും ഇതിൽ ഐക്യരൂപം ഇസ്ലാം കല്പ്പിക്കുന്നില്ല. ളുഹ്ർ നമസ്കാരം സൂര്യൻ ആകാശമധ്യത്തുനിന്ന് തെറ്റിയതുമുതൽ അസർ നമസ്കാരത്തിന്റെ ഇടയിലായി നിർവ്വഹിച്ചാൽ മതി. മറ്റുള്ള നമസ്കാരങ്ങൾക്കും സമയത്തിൽ വിശാലത കല്പിക്കുന്നു. പുറമേ കാരണങ്ങൾ ഉണ്ടായാൽ ഒരു നമസ്കാരത്തിന്റെ സമയത്തു മറ്റൊരു നമസ്കാരത്തെ മുന്തിപ്പിച്ചും പിന്തിപ്പിച്ചും നിർവ്വഹിക്കുകയും ചെയ്യാം. രണ്ടും മൂന്നും നാലും ജമാഅത്തുകൾ സംഘടിപ്പിക്കുകയും ചെയ്യാം. എന്നാൽ നോമ്പിന്റെയും പെരുന്നാളിന്റെയും സ്വഭാവം ഇതല്ല. ഒരു മഹല്ലിൽ രണ്ടും മൂന്നും പ്രാവശ്യം പെരുന്നാൾ നമസ്കാരം സംഘടിപ്പിക്കാറില്ല. ഒരു നാട്ടിലെ ജനങ്ങൾ ളുഹ്ർ നമസ്കാരം അതിന്റെ സമയത്തിനുള്ളിൽ അനുഷ്ഠിച്ചാൽ ഉണ്ടാകുന്ന ഭിന്നതയാണോ പെരുന്നാൾ രണ്ടുദിവസവും മൂന്നു ദിവസവുമായി അനുഷ്ഠിച്ചാൽ ഉണ്ടാവുക? നമസ്കാരത്തിൽ അല്ലാഹുവിനെ സ്മരിക്കലാണ് ഏറ്റവും പ്രധാനം ഖുർആൻ തന്നെ അതു പ്രഖ്യാപിക്കുകയും ചെയ്യുന്നു. പെരുന്നാളിലും നോമ്പിലും മുസ്ലിം ഐക്യത്തിന് പ്രാധാന്യമുണ്ടല്ലോ? നബി(സ) യുടെ പ്രസ്താവന അതു വ്യക്തമാക്കുകയും ചെയ്യുന്നു. ലോകത്തു ജുമുഅഃ ഒരു ദിവസം തന്നെയാണ് മുസ്ലിംകൾ സംഘടിപ്പിക്കുന്നതും. രാപകലുകൾ വ്യത്യാസം ഉണ്ടായിരിക്കും ഇത്രമാത്രം.

പുറമെ നവചന്ദ്രന്റെ ഉദയത്തെ തീരുമാനിക്കുന്ന വിഷയത്തിൽ അടുത്ത രാജ്യം വിദൂര രാജ്യം എന്ന പരിഗണന നല്കുവാൻ മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ തന്നെ നബിയും ദൂതനുമായതിനാൽ നിർദേശിക്കുന്നുമില്ല. നമസ്കാര സമയത്തിന്റെ വിഷയത്തിൽ നബി(സ) ഈ പരിഗണന അംഗീകരിച്ചത് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

**3.** ഭൂമിയിൽ സൂര്യഗ്രഹണങ്ങളും ചന്ദ്ര ഗ്രഹണങ്ങളും ഉണ്ടാകുമ്പോൾ എല്ലാ സ്ഥലത്തും ഉണ്ടാവുന്നില്ലല്ലോ. അപ്പോൾ നാം ഈ നമസ്കാരം നിർവ്വ



ഹിക്കേണ്ടതുണ്ടോ?

മറുപടി: സൂര്യഗ്രഹണ നമസ്കാരം പോലെയും ചന്ദ്രഗ്രഹണ നമസ്കാരം പോലെയുമല്ല നോമ്പും പെരുന്നാളും. ഇവ എല്ലാ മുസ്ലിംകൾക്കും നിർബ്ബന്ധമായതാണ്. നവചന്ദ്രനെ ദർശിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന മനുഷ്യർക്ക് പോലും. സൂര്യഗ്രഹണ നമസ്കാരവും ചന്ദ്രഗ്രഹണ നമസ്കാരവും അവ അനുഭവപ്പെടുന്ന സ്ഥലത്തുള്ളവർ നമസ്കരിച്ചാൽ മതി. ജനങ്ങൾ സൂര്യഗ്രഹണ നമസ്കാരം നിർവ്വഹിക്കുമ്പോൾ ആണ് സൂര്യഗ്രഹണ നമസ്കാരം എന്ന് നബി(സ) പ്രസ്താവിച്ചിട്ടുമില്ല. കണക്കിനെ അടിസ്ഥാനമാക്കി മുമ്പ് തന്നെ സൂര്യഗ്രഹണ നമസ്കാരം ഇന്ന ദിവസം ഉണ്ടാകുമെന്ന് നബി(സ) പ്രഖ്യാപിക്കാറുമില്ല. മഴക്ക് ആവശ്യമുള്ളവർ മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവ്വഹിച്ചാൽ മതി.

**4.** മാസപ്പിറവി കണക്ക് കൊണ്ട് സ്ഥിരപപ്പെടുത്തുവാൻ പാടില്ലായെന്ന് പൂർവ്വിക പണ്ഡിതന്മാരിൽ ഭൂരിപക്ഷം അഭിപ്രായപ്പെടുന്നില്ലേ?

മറുപടി: ഈ ഭൂരിപക്ഷം പണ്ഡിതന്മാരും ഇവർക്ക് പുറമേയുള്ളവരും ഭൂമിയിൽ എവിടെയെങ്കിലും നവചന്ദ്രനെ ദർശിച്ചാൽ ഉദയ വ്യത്യാസം പരിഗണിക്കാതെ നോമ്പും പെരുന്നാളും അതിനെ അടിസ്ഥാനമാക്കി ആരംഭിക്കണമെന്നും പറയുന്നു. ഈ തത്വത്തിലേക്ക് മുസ്ലിംകൾ മടങ്ങിയാൽ കണക്കിനെ അവലംബിക്കുവാൻ പറ്റുമോ എന്ന തർക്കവിഷയത്തിന് തന്നെ പ്രസക്തിയില്ലാതെയാകുന്നു. കണക്ക് നവചന്ദ്രന്റെ ഉദയത്തെ സ്ഥാപിക്കുവാൻ ഉപയോഗിക്കുവാൻ പാടില്ലെന്ന് പറയുന്നവരിൽ തന്നെ വലിയൊരു വിഭാഗം അതിന് കാരണം പറയുന്നത് കണക്ക് ഊഹവും തെറ്റാൻ ഏറ്റവും സാധ്യതയുള്ളതുമാണെന്നാണ്. "നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പ് നോൽക്കുകയും മുറിക്കുകയും ചെയ്യുക" എന്ന ഹദീസിന്റെ അടിസ്ഥാനത്തിലല്ല അവരിൽ അധികപേരും കണക്കിനെ എതിർക്കുന്നത്. ഞങ്ങൾ ശാസ്ത്രത്തേയും കണക്കിനെയും അംഗീകരിക്കുന്നവരാണെന്ന് പറയുവാൻ വേണ്ടി ആധുനികരായ ചില പണ്ഡിതന്മാരാണ് ഈ ഹദീസിന്റെ ബാഹ്യം പിടിച്ച് കണക്കിനെ എതിർക്കുന്നത്. ഇവർ തന്നെ ഈ ഹദീസിന്റെ ബാഹ്യത്തെ അവഗണിച്ച് ഹദീസിന്റെ സത്തയിലേക്കും ഉദ്ദേശ്യത്തിലേക്കും നീങ്ങുകയും ചെയ്യുന്നു. കണക്ക് മുഖേന സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പ് ചന്ദ്രൻ അസ്തമിക്കുമെന്ന് വ്യക്തമായാൽ ഇവർ കാഴ്ചയെ അവഗണിക്കുന്നു. ഹദീസിന്റെ ബാഹ്യത്തെയും നബിചര്യയെയും സഹാബത്തിന്റെചര്യയെയും കൈവിടുന്നു. ഖൽയൂബി, മുഗ്നി പോലെയുള്ള ഗ്രന്ഥത്തിന്റെ പിന്നാലെ ഓടുന്നു. ഇവയുടെ ഫോട്ടോസ്റ്റാറ്റ് എടുത്തു വിതരണം ചെയ്യുന്നു. ഹദീസുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി എടുത്തു ഇവർ വിതരണം ചെയ്യാറുമില്ല.

ഇബ്നുഹജർ(റ) മാസപ്പിറവിയുടെ വിഷയത്തിൽ കാഴ്ചയെ അവലംബമാക്കണമെന്ന് പ്രസ്താവിച്ചശേഷം അതിന്റെ കാരണം വിവരിക്കുന്നത് വായനക്കാർ പ്രത്യേകം ശ്രദ്ധിക്കുകയും പഠിക്കുകയും ചെയ്യുക.

لأنها حدس وتخمين ليس فيها قطع و لا ظن غالب (فتح البارى )

الحكم بالصوم وعيره لرفع الحرج عنهم

നിശ്ചയം കണക്ക് മൊത്തം (ഏകദേശം) കണക്കും സങ്കൽപ്പവുമാണ്. ഇതുമുഖേന ഖണ്ഡിതമോ മികച്ച ഊഹമോ ലഭിക്കുകയില്ല (ഫതുഹുൽ ബാരി:4-127) ഈ കാരണം തന്നെയാണ് കാഴ്ചയെ അവലംബമാക്കണമെന്ന് പറയുന്ന ഫിഖ്ഹ് പണ്ഡിതന്മാരിൽ ഭൂരിപക്ഷവും പറയുന്നത്. കണക്ക് മുസ്ലിംകളുടെ മാർഗ്ഗമല്ലായെന്നാണ് മറ്റു ചിലരുടെ ജൽപനം. കണക്ക് ഇന്ന് പാമിക ശരീഅത്തിന്ന് എതിരാണെന്നും അവർപറയുന്നു. (ഇഹ്ഫ:3-381. മുഗ്നി 1-421) ശാസ്ത്രീയമായ കണക്ക് പുരോഗതി പ്രഖ്യാപിക്കാത്ത ഒരു കാലഘട്ടത്തിൽ "ഭൂമി കാളയുടെ കൊമ്പത്താണ്, ഭൂമി കുലുക്കം അനുഭവപ്പെടുന്നത് കാളകൊമ്പ് മാറ്റുന്നത് കൊണ്ടാണ്, മേഘം സ്വർഗ്ഗത്തിലെ ഒരു മരത്തിൽ നിന്നാണ് ഉണ്ടാകുന്നത്, മലക്കുകൾ ശ്വസിക്കുന്നതും ശ്വാസം വിടുന്നതുമാണ് വേലി ഇറക്കവും വേലിയേറ്റവും, ഭൂമി അപ്പം പോലെ പരന്നതാണ്, ഭൂമിക്ക് ചുറ്റും സൂര്യൻ കറങ്ങുകയാണ്, ഇതുകൊണ്ടാണ് രാവും പകലും ഉണ്ടാകുന്നത്, സൂര്യനെ പിടിച്ചുനിർത്തിയാൽ പകൽ മുന്നോട്ടു നീങ്ങുകയില്ല, ഭൂമി ചലിക്കുന്നില്ല, ഭൂമിക്ക് ചുറ്റും ഖാഫ് എന്നൊരു മലയുണ്ട്" എന്നെല്ലാം വിശ്വസിച്ച് കിതാബുകളിൽ രേഖപ്പെടുത്തിയ കാലഘട്ടത്തിൽ ജീവിച്ച പണ്ഡിതന്മാർ ഇപ്രകാരം പറഞ്ഞതിൽ നമുക്ക് അത്ഭുതമില്ല. അവരെ നാം വിമർശിക്കേണ്ടതില്ല. അവർ ശുദ്ധന്മാരായിരുന്നു. താൽപര്യങ്ങൾക്ക് വേണ്ടി അവർ ഇപ്രകാരം പറഞ്ഞതുമല്ല. സത്യത്തെക്കാൾ സംഘടനാ താൽപര്യം അവർക്കുണ്ടായിരുന്നുമില്ല. എന്നാൽ ഇന്നും ഇപ്രകാരമെല്ലാം വാദിക്കുന്നവരോടാണ് നമുക്ക് ആക്ഷേപം. നോമ്പു മുറിക്കുവാനും നമസ്കരിക്കുവാനും ഉദയവ്യത്യാസം തീരുമാനിക്കുവാനും കാഴ്ചയെ തള്ളുവാനും ഇവർ കണക്കിനെ അവലംബിക്കുകയും ചെയ്യുന്നു. അപ്പോൾ ഇവർക്ക് കണക്ക് ഉറപ്പായതും കാഴ്ചദുർബ്ബലമായതുമാണ്!?

മറ്റൊരു കാരണം അവർ പറയുന്നതു ഇവ്വിധമാണ്

الحكم بالصوم و غيره لرفع الحرج عنهم

നോമ്പും മറ്റും കാഴ്ചയിന്മേൽ അവലംബമാക്കിയത് സമൂഹത്തിൽ നിന്ന്



പ്രയാസത്തെ ഉയർത്തുവാൻ വേണ്ടിയാണ് (ഫതുഹുൽബാരി) ഈ പ്രസ്താവന നൂറ് ശതമാനവും ശരിയാണ്. ഇതുകൊണ്ടാണ് മുഹമ്മദ്നബി(സ) നമസ്കാരസമയം അറിയുവാൻ നിങ്ങൾ കണക്കിനെ അവലംബിക്കുവീൻ എന്നു പറയാതിരുന്നത്. നോമ്പ് മുറിക്കുവാൻ നിങ്ങൾ ഒരുമാസം കണക്കിനെ സ്വീകരിക്കുവീൻ എന്നും പറയാതിരുന്നത്. 29ന്റെ ദിവസം വിശ്വസ്തന്മാർ മാസപ്പിറവി ദർശിച്ചുവെന്ന് പറഞ്ഞാൽ കണക്കുമായി യോജിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുവാൻ കല്പിക്കാതിരിക്കുകയും ചെയ്തത്. എന്നാൽ ഇന്ന് കാഴ്ചയെ അവലംബിക്കുക എന്നതാണ് സമൂഹത്തിന് ബുദ്ധിമുട്ടും പ്രശ്നങ്ങളും ഉണ്ടാക്കുക. ഈ സംഗതി യാഥാസ്ഥിതിക വിഭാഗം പോലും ഇന്ന് അംഗീകരിക്കുന്നു. ഇതുകൊണ്ടാണ് ബാങ്ക് വിളിക്കുവാനും നോമ്പ് തുറക്കുവാനും കലണ്ടറുകളിലേക്ക് അവർ നോക്കുന്നത്. പുറമേ കണക്ക് കാഴ്ചയെ ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്. ശാസ്ത്രജ്ഞന്മാർ ഭൂമിയിലേക്ക് നോക്കിയല്ല ഈ കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് വർഷങ്ങളോളം ആകാശത്തേക്ക് നോക്കിയും നിരീക്ഷണം നടത്തിയും ഉണ്ടാക്കിയതാണ്. ഗോളങ്ങളുടെ ചലനങ്ങൾ നിയന്ത്രിക്കുന്നത് അല്ലാഹുവാണ്. അതിനാൽ ഈ കാഴ്ചക്ക് മാറ്റം സംഭവിക്കുകയില്ല.

ചന്ദ്രപ്പിറവി തീരെ ദർശിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ ഭൂമിയിലുണ്ടെന്ന് നാം വിവരിച്ചു. ഇവിടെ ജീവിക്കുന്ന മുസ്ലിംകളെ ഞാൻ കണ്ടിട്ടുമുണ്ട്. ഇവർ കാഴ്ചയെ അവലംബമാക്കുന്ന പക്ഷം പ്രയാസത്തിന് പുറമേ അസാധ്യമായതിനെ അവരുടെ മേൽ ചുമത്തുക എന്നതുകൂടി സംഭവിക്കുന്നു.

ചക്രവാളത്തിൽ മണിക്കൂറുകളോളം ചന്ദ്രപ്പിറവി ഉണ്ടായാൽ പോലും പലപ്പോഴും ദർശിക്കാൻ സാധിക്കാത്ത പ്രദേശമാണ് നമ്മുടെ കേരളക്കരയും. മാസം മുപ്പത് പൂർത്തിയാക്കുകയാണെങ്കിൽ 12 മാസവും പൂർത്തിയാക്കേണ്ടിവരും. അതിനാൽ പ്രായോഗികവും പ്രയാസരഹിതവുമായ മാർഗ്ഗം കണക്ക് ഒന്നുമാത്രമാണ്. രണ്ടാമത് മറ്റൊന്നില്ല.

കാഴ്ചയെ അവലംബിക്കണമെന്ന് പറയുന്നവരിൽ മറ്റൊരു വിഭാഗം തന്നെ കണക്ക് ഉറപ്പാണെന്നും കാഴ്ച ഊഹമാണെന്നും പറയുന്നു.

ومن قواعد الشريعة المتفق عليها ان العلم مقدم على الظن فلا يعمل بالظن مع إمكان العلم (تفسير المنار)

ഇസ്ലാം ശരീഅത്തിൽ ഐക്യമുള്ള ഒരു അടിസ്ഥാന നിയമമാണ് തീർച്ചയായും അറിവ് ഊഹത്തിന്റെ മേൽ മുന്തിപ്പിക്കപ്പെടണമെന്നത്. അറിവ് ഉണ്ടാ

കുമ്പോൾ ഊഹം കൊണ്ട് പ്രവൃത്തിക്കൽ അനുവദനീയമല്ല (തഫ്സീറുൽ മനാർ 2-187) മുഹമ്മദ് നബി(സ) ജ്യോതിഷത്തേയും മറ്റും വിരോധിക്കുന്ന ഹദീസുകളെയാണ് വേറെ ചിലർ കാരണമായി ഉദ്ധരിക്കുന്നത്?! ഇതിലുള്ള അജ്ഞത നാം വിവരിക്കുകയുണ്ടായി. പല്ല് തേക്കുവാൻ ഉപയോഗിക്കുന്ന കരിയും ഭൂമി ഉഴുതുവാൻ ഉപയോഗിക്കുന്ന കരിയും ഒന്നുതന്നെയാണോ?

**5.** കണക്ക് അംഗീകരിക്കാമെന്ന് പറയുന്നവർ തന്നെ അതു അറിയുന്നവന് മാത്രമാണെന്നും മറ്റുള്ളവർ അവനെ അതിൽ തഖ്ലീദ് (അന്ധമായ അനുകരണം) ചെയ്യാൻ പാടില്ലെന്നും പ്രസ്താവിക്കുന്നില്ലേ?

**മറുപടി:** ഇസ്ലാമിൽ കണക്കിന്റെ വിഷയത്തിൽ മാത്രമല്ല ഒരു വിഷയത്തിലും തഖ്ലീദ് ചെയ്യുവാൻ പാടില്ല. കണക്കിന്റെ അടിസ്ഥാനത്തിൽ മാസപ്പിറവി ഉണ്ടാവുകയില്ലന്ന് കണക്ക് അറിയുന്നവർ പറയുന്നു. ഈ അടിസ്ഥാനത്തിൽ മുമ്പ് തന്നെ നോമ്പും പെരുന്നാളും ഉറപ്പിക്കൽ തഖ്ലീദ് അല്ലെങ്കിൽ മാസപ്പിറവി അറിയാൻ കണക്ക് സ്വീകരിക്കൽ എങ്ങിനെയാണ് തഖ്ലീദാവുക? ഇന്ന മാസം നമസ്കാരത്തിന്റെ സമയങ്ങൾ ഇന്നതാണെന്ന് കണക്ക് അറിയുന്നവർ പറയുന്നു. ഈ കണക്ക് ഉപയോഗിച്ച് നമസ്കരിക്കുകയും നോമ്പ് മുറിക്കുകയും ചെയ്യൽ തഖ്ലീദാണോ? ഒരു പ്രത്യേക വ്യക്തിക്ക് മഹത്വം നൽകി ഇവിടെ ഒന്നും തന്നെ നാം കണക്കിനെ അവലംബിക്കുന്നില്ല. തെളിവിന്റെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് കണക്കിനെ അംഗീകരിക്കുന്നത്.

നമസ്കരിക്കുവാനും ഒരുമാസക്കാലം മുഴുവൻ നോമ്പ് മുറിക്കുവാനും മാസപ്പിറവി തള്ളാനും കണക്കിനെ അവലംബമാക്കുന്നവർക്ക് എല്ലാം തന്നെ കണക്ക് സ്വയം അറിയുമോ? ഇവർ എല്ലാവരും നവചന്ദ്രനെ ദർശിക്കാറുണ്ടോ? പുറമേ കണക്ക് അംഗീകരിക്കാമെന്ന് പറയുന്ന എല്ലാ പണ്ഡിതന്മാരും അതു അറിയുന്നവന് മാത്രമാണെന്നും മറ്റുള്ളവർക്ക് അവനെ അതിൽ തഖ്ലീദ് ചെയ്യുവാൻ പാടില്ലായെന്നും പറയുന്നില്ല. ചിലരുടെ അഭിപ്രായം മാത്രമാണ്. ദർശനം ഉണ്ടായി എന്ന് പറയുന്ന മനുഷ്യന് നമുക്ക് വിശ്വാസമില്ലെങ്കിലും ഇപ്രകാരം പ്രവൃത്തിക്കാമെന്ന് അവർ പറയുന്നുണ്ട്. അതായത് ദർശനം ഉണ്ടായവന് അതനുസരിച്ച് പ്രവർത്തിക്കാം. മറ്റുള്ളവർ അവനെ തഖ്ലീദ് ചെയ്യേണ്ടതില്ല.

ശാഫിഈ മദ്ഹബിലെതന്നെ ചില പണ്ഡിതന്മാർ കണക്ക് അറിയുന്ന വ്യക്തിയിൽ നമുക്ക് വിശ്വാസമുണ്ടായാൽ മറ്റുള്ളവർക്ക് അവനെ പിൻതുടരാമെന്നും പറയുന്നത് കാണാം.

لكن له بل عليه يعمل بقوله كذالك من صدقه (الباجورى)

കണക്ക് അറിയുന്നവന് അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കൽ അനു



വദനീയം മാത്രമല്ല നിർബ്ബന്ധം കൂടിയാണ്. അതുപോലെ അവനെ സത്യപ്പെടുത്തുന്നവർക്കും (ബാജൂരി : 1 - 486) ഇതുപോലെ ഖൽയൂബി: 2-49, ശറഹുൽ മുഹദബ്: 6-280ലും പ്രസ്താവിക്കുന്നത് കാണാം.

**6.** നബിയുടെ കാലത്ത് ചിലർക്ക് കണക്ക് അറിയാമായിരുന്നുവെന്ന് ചില കിതാബുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ? അവർ കണക്കിനെ അവലംബമാക്കിയിരുന്നുവോ?

**മറുപടി:** നബി(സ)യുടെ കാലത്ത് ഇന്നത്തെ ഖണ്ഡിതമായ കണക്ക് ഒരാൾക്ക് അറിയുകയും അയാൾ അതിന്റെ അടിസ്ഥാനത്തിൽ നമസ്കാരവും നോമ്പ് മുറിക്കലും നിർവ്വഹിച്ചിരുന്നുവെങ്കിൽ അതിന്റെ താഴെ വരികളിൽ തന്നെ ആ വ്യക്തി കണക്കിനെ ആസ്പദമാക്കി നോമ്പും പെരുന്നാളും നിർവ്വഹിച്ചതും കാണാവുന്നതാണ്. നബിയുടെ കാലത്തും സഹാബിവര്യന്മാരുടെ കാലത്തും 29ന്റെ അന്ന് ഒരാൾ മാസപ്പിറവി കണ്ടുവെന്ന് പറഞ്ഞാൽ അയാളുടെ സാക്ഷിത്വം ശരിയാണോ എന്ന് പരിശോധിക്കുവാൻ കണക്ക് ഉപയോഗിച്ചിരുന്നുവെന്ന് വല്ലവനും കാണിച്ചു തന്നാൽ അതിന്റെ അടിയിൽ തന്നെ കാഴ്ചയെ അവലംബമാക്കാതെ കണക്കിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും ആഘോഷിച്ചതും കാണിച്ചുതരാം.

നബിയുടെ കാലത്ത് ഏതെങ്കിലും വ്യക്തിക്ക് ഇന്നത്തെ ശാസ്ത്രീയമായ കണക്ക് അറിയുമെന്ന് സ്ഥിരപ്പെട്ടാൽ പോലും അയാളുടെ കണക്ക് ഉൾകൊള്ളാൻ മാത്രം സമൂഹം വളർത്തിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ചന്ദ്രന്റെ വലുപ്പ ചെറുപ്പത്തെക്കുറിച്ച് കാരണം അന്വേഷിച്ചപ്പോൾ അതിന് മറുപടി പറയാതെ മറ്റൊരു മറുപടി (ഉദ്ദേശ്യലക്ഷ്യം) പരിശുദ്ധ ഖുർആൻ പറഞ്ഞത്. ഇന്നും ഈ ചോദ്യത്തിന് ഈ മറുപടി മാത്രമേ മുസ്ലിംകളോട് പറയുവാൻ പാടുള്ളൂവെന്ന് ആരെങ്കിലും വാദിക്കുമോ? ഇല്ല. ഒരിക്കലുമില്ല. സമൂഹം പുരോഗതി പ്രാപിച്ചിരിക്കുന്നു. കണക്കിന്റെ അടിസ്ഥാനത്തിൽ ഭൂമിയിൽ ആദ്യമായി ഉണ്ടാക്കുന്ന നവചന്ദ്രനെ അടിസ്ഥാനമാക്കി ഖാളിമാരും ഹിലാൽ കമ്മിറ്റികളും നോമ്പും പെരുന്നാളും ഉറപ്പിച്ച് പ്രഖ്യാപിക്കുന്ന ശബ്ദം കേൾക്കുവാൻ അവർ ക്ഷമയോടുകൂടി കാത്തിരിക്കുകയാണ്. പ്രഖ്യാപനം ഉണ്ടായാൽ ഉടനെ അവർ സ്വീകരിക്കുന്നതാണ്. ചില മൊല്ലമാരും മൗലവിമാരും ഈ പ്രഖ്യാപനത്തെ തള്ളിയേക്കാം എന്ന് മാത്രം. തങ്ങളുടെ വ്യക്തി താൽപര്യങ്ങളും പറഞ്ഞുവിട്ടത് തിരുത്തുവാനുള്ള മനഃപ്രയാസവും കാരണം. സാധാരണക്കാരെ സംബന്ധിച്ച് ഇത്തരം പ്രതിബന്ധങ്ങൾ ഒന്നും തന്നെ സത്യം അംഗീകരിക്കുന്നതിന് തടസ്സമാകുന്നില്ല. പണ്ഡിതന്മാരോടും സംഘടനയോടും നേതാക്കൻമാരോടുമുള്ള അനുസരണ ബോധമാണ് അവർക്ക് പ്രതിബന്ധം.

**7.** ശാസ്ത്രം പുരോഗതി പ്രാപിച്ചാൽ നിങ്ങൾ കണക്കിനെ അവലംബിച്ചുകൊള്ളുക എന്ന് നബി(സ) പറഞ്ഞിട്ടുണ്ടോ?

മറുപടി: നിങ്ങൾ നമസ്കരിക്കുവാനും നോമ്പും മുറിക്കുവാനും മാസപ്പിറവി കണ്ടത് ശരിയാണോ എന്ന് പരിശോധിക്കുവാനും ഉദയ വ്യത്യാസം മനസ്സിലാക്കുവാനും ശാസ്ത്രം പുരോഗതി പ്രാപിച്ചാൽ നിങ്ങൾ കണക്കിനെ അവലംബിച്ചുകൊള്ളുക എന്ന് നബി(സ) പറഞ്ഞിട്ടില്ല. എന്നാൽ നോമ്പും പെരുന്നാളും തീരുമാനിക്കുവാൻ ശാസ്ത്രം പുരോഗതി പ്രാപിച്ചാൽ കണക്കിനെ നിങ്ങൾ ആശ്രയിച്ചുകൊള്ളുക എന്ന് നബി(സ) പറഞ്ഞത് ഹദീസുകളിൽ നിന്ന് മനസ്സിലാക്കാം. നാം ഉമ്മിയായ ഒരു സമൂഹമാണ്. കണക്കും എഴുത്തും നമുക്ക് അറിയുകയില്ല. അതിനാൽ നിങ്ങൾ കാഴ്ചയെ അവലംബിച്ചുകൊള്ളുക എന്നാണ് നബി(സ) പറയുന്നത്. ആകാശത്ത് മേഘമോ പൊടിപടലമോ ഉണ്ടായാൽ നിങ്ങൾ കണക്ക് കൂട്ടുക എന്ന് ഹദീസിനെ പൂർവ്വീകരായ പണ്ഡിതൻമാർ തന്നെ ഇപ്രകാരം വ്യാഖ്യാന്നിച്ചതും നാം ഉദ്ധരിക്കുകയുണ്ടായി. പ്രഗൽഭരായ സഹാബിവര്യന്മാർ നവചന്ദ്രൻ ഉദിച്ചിട്ടുണ്ടായിരിക്കാം എന്ന് സങ്കൽപിച്ച് നോമ്പ് നോൽക്കുക എന്ന് ഹദീസിനെ വ്യാഖ്യാനിച്ചതും നാം ഉദ്ധരിച്ചു. കണക്ക് മൂലം സാധ്യതയും സങ്കൽപവുമല്ല പ്രത്യുത സുദൃഢവും ഉറപ്പായതുമായ അറിവാണ് ലഭിക്കുന്നതെന്ന് കാഴ്ചയെ അവലംബിക്കണമെന്ന് പറഞ്ഞ പണ്ഡിതന്മാരിൽ ചിലർ തന്നെ പ്രഖ്യാപിച്ചതും നാം ഉദ്ധരിച്ചു.

**8.** നബി(സ)യുടെ കാലത്തെ മാർഗ്ഗം ഒരാൾ മാസപ്പിറവിയുടെ വിഷയത്തിൽ അംഗീകരിച്ചാൽ അയാൾ കുറ്റക്കാരനാകുമോ?

മറുപടി: സമയം അറിയുവാൻ മറ്റുള്ള വിഷയങ്ങളിൽ നബി(സ) നിർദ്ദേശിച്ചും കാണിച്ചും തന്ന മാർഗ്ഗങ്ങൾ ഉപേക്ഷിക്കുക. നോമ്പിന്റെ വിഷയത്തിൽ തന്നെ നോമ്പ് മുറിക്കുവാനും സാക്ഷിത്വം ശരിയാണോ എന്ന് പരിശോധിക്കുവാനും കണക്ക് ഉപയോഗിക്കുക. എന്നാൽ നോമ്പ് ആരംഭിക്കുവാനും പെരുന്നാൾ തീരുമാനിക്കുവാനും കണക്കിനെ ഉപേക്ഷിച്ച് ഹദീസിന്റെ ബാഹ്യം പിടിക്കുക. ഇതു വേദഗ്രന്ഥങ്ങളിൽ ചിലതിനെ അംഗീകരിക്കലും ചിലതിനെ തിരസ്ക്കരിക്കലുമാണെന്ന് പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇമാം റഷീദുറിളാ(റ) തഫ്സീറുൽ മനാറിൽ പ്രഖ്യാപിക്കുന്നു. മാസപ്പിറവിയെക്കുറിച്ച് ബോധവാനാവാത്ത അവസ്ഥയിലായിരുന്നു നബി(സ) കാഴ്ചയെ അവലംബിച്ചിരുന്നത്. മാസപ്പിറവി ചക്രവാളത്തിൽ ഇത്ര മിനുട്ടും സെക്കന്റും ഉണ്ടെന്ന് ശരിക്കും ഗ്രഹിച്ചശേഷം അതിനോടൊപ്പം കാഴ്ചയെ അവലംബമാക്കാൻ നബി(സ) ഒരിക്കലും നിർദ്ദേശിച്ചിട്ടില്ല. മാസം മുപ്പത് പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുമില്ല. നവചന്ദ്രൻ ഉണ്ടായിട്ടുണ്ടെന്ന് ഉറപ്പില്ലാത്ത



മാസത്തെ പൂർത്തിയാക്കുവാനാണ് നബി(സ) നിർദ്ദേശിച്ചത്. ചുരുക്കത്തിൽ ഈ വിഷയത്തിൽ നബി(സ)യുടെയും സഹാബിവര്യൻമാരുടെയും ചര്യ സ്വീകരിക്കണമെങ്കിൽ 29ന്റെ അന്ന് നവചന്ദ്രനെക്കുറിച്ച് യാതൊരു അറിവും നമുക്ക് ഇല്ലാതിരിക്കണം. കലണ്ടറുകൾ എല്ലാം നശിപ്പിക്കണം. നോമ്പ് മുറിക്കുവാനും നമസ്കാരം നിർവ്വഹിക്കുവാനും അത്താഴം കഴിക്കുവാനും കണക്കിനെ ഉപേക്ഷിക്കണം. കാരണം ഇവക്ക് കണക്ക് ഉപയോഗിച്ചാൽ മുസ്ലിംകൾ കണക്കിനെക്കുറിച്ച് ബോധവാൻമാരാകും. അങ്ങിനെ കണക്ക് അറിയുന്നവരോട് നവചന്ദ്രനെക്കുറിച്ചും അന്വേഷിക്കും. അപ്പോൾ ഇത്ര മിനുട്ട് ഉണ്ടെന്ന് മനസ്സിലാവും. കലണ്ടറുകൾ പരിശോധിക്കും. അതിലും അവർ അതു കാരണം. ജനങ്ങളെ ഉമ്മിയാക്കുവാൻ വേണ്ടി ശ്രമം നടത്തുക. ഭൗതിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാതിരിക്കുക. താർതാരികളെ പിന്തുടരുക.

**9.** നവചന്ദ്രന്റെ ഉദയം തീരുമാനിക്കുവാൻ കണക്കിനെ അവലംബമാക്കുവാൻ പാടില്ലായെന്ന് പണ്ഡിതന്മാർ ഇജ്മാഅ് (ഏകാഭിപ്രായം) ആയിട്ടു പ്രസ്താവിച്ചിട്ടുണ്ടെന്ന് ചില പുസ്തകങ്ങളിൽ വായിക്കുവാൻ സാധിച്ചു. ഇതു ശരിയാണോ?

മറുപടി: അല്ലെന്ന് നാം ഇത്രയും വിവരിച്ചതിൽനിന്ന് മനസ്സിലായിരിക്കുമല്ലോ. പരിശുദ്ധ ഖുർആനിനും തിരുസുന്നത്തിനും എതിരായി ഉദ്ധരിക്കുന്ന ഇജ്മാഅ് സ്വീകാര്യമല്ല. എതിരാളികൾക്ക് ഖുർആൻ കൊണ്ടും നബിചര്യ കൊണ്ടും മറുപടി പറയുവാൻ സാധിക്കാതെ വരുമ്പോൾ ഇപ്രകാര ഇജ്മാഅ് ഉദ്ധരിക്കുക എന്നത് ഒരു കുതന്ത്രമായി എക്കാലത്തും മനുഷ്യർ സ്വീകിച്ചുപോന്നത് നമുക്ക് കിതാബുകളിൽ കാണാം. പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇബ്നുഹജർ(റ) ഇപ്രകാരത്തിലുള്ള നൂറിൽ അധികം ഇജ്മാഅ്നെ ഖണ്ഡിച്ചത് ഫത്ഹുൽബാരിയിൽ തന്നെ കാണാൻ സാധിക്കുന്നതാണ്. നമസ്കാരത്തിൽ ഭയഭക്തി വേണ്ടതില്ലായെന്ന വിഷയത്തിൽ ഇമാം നവവി(റ) ഇജ്മാഅ് ഉദ്ധരിച്ചത് ഇതിന് മറ്റൊരു രേഖയാണ്.

*എ അബ്ദുസ്സലാം സുല്ലമി*